# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലുവ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

ആലുവ -683101

ഇ-മെയിൽ: mlalv.ksad@kerala.gov.in

ഫോൺ : 0484-2623767

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-AVM(M2) 100/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101
തീയ്യതി: 26/03/2026
ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ: 0484-2623767

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ആലുവ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ആലുവ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, കാക്കനാട്, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: KSA-AVM(M2) 100/2026 തീയ്യതി: 26/03/2026

**എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2025 മുതൽ 31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശിവൻ പി.എ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2025 | 30-04-2025 |
| ഷീന കെ.ടി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) ഇൻ ചാർജ്ജ് | 01-05-2025 | 22-05-2025 |
| സാലി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2025 | 13-07-2025 |
| രശ്മി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2025 | 28-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2025 | 28-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ.ടി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജോൺസൺ ടി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത എം.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനൈന എൻ., ഓഡിറ്റർ (01.04.2025 മുതൽ 10.08.2025 വരെ)
ശ്രീമതി. ജെസീല സി.ഐ., ഓഡിറ്റർ (11.08.2025 മുതൽ 28.02.2026 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.ഒ. ജോൺ | ചെയർമാൻ | 01-04-2024 | 31-03-2025 |
| കുമാരി ജെസിത .പി.ജെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബേസിൽ മാത്യൂ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 05-12-2024 |
| ശ്രീമതി. അനു പ്രിയ | മുനിസിപ്പൽ എഞ്ചിനീയർ | 06-12-2024 | 31-03-2025 |
| ശ്രീ. അമൽ കെ. സജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.സിന്ധു കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 18-06-2024 |
| ഡോ.മഞ്ജുമിത്ര പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-06-2024 | 28-07-2024 |
| ഡോ.സിന്ധു ആന്റണി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 29-07-2024 | 31-03-2025 |
| ഡോ.സ്മിജി ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | 01-04-2024 | 31-03-2025 |
| ഡോ.മീര ബെൻ വക്കച്ചൻ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 15-04-2024 |
| ഡോ സൗമ്യ പി.സി | വെറ്ററിനറി സർജ്ജൻ | 16-04-2024 | 19-05-2024 |
| ഡോ.ഷെഹർബാൻ പി.എം. | വെറ്ററിനറി സർജ്ജൻ | 20-05-2024 | 27-08-2024 |
| ഡോ.നന്ദന ചന്ദ്രശേഖർ | വെറ്ററിനറി സർജ്ജൻ | 28-08-2024 | 31-03-2025 |
| ശ്രീ. ഡാൾട്ടൻ വി.എ. | കൃഷി ഓഫീസർ | 01-04-2024 | 30-04-2024 |
| ശ്രീ. അനിൽകുമാർ യു. (In Charge) | കൃഷി ഓഫീസർ | 01-05-2024 | 14-06-2024 |

| | | | |
|---|---|---|---|
| ശ്രീ. രാജു മോൻ കെ.പി. | കൃഷി ഓഫീസർ | 15-06-2024 | 31-03-2025 |
| ശ്രീമതി. പ്രീയമോൾ കെ.പി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. വിദ്യ.കെ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2024 | 15-09-2024 |
| ശ്രീമതി. സുനിത ജി | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 16-09-2024 | 28-09-2024 |
| ശ്രീമതി. ഇന്ദുലേഖ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 29-09-2024 | 31-03-2025 |
| ശ്രീമതി കുമാരി ഷെഫീന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ.നൗഷാദ് എം.എൻ | ഹെൽത്ത് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ബിന്ദു കെ.എം. | പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല | 1-1-1 |
| 3 | റിക്കൺസിലയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഡിപ്രീസിയേഷൻ പത്രികയിലെ (Calculation Statement) തുകയും വാർഷിക കണക്കിലെ ഡിപ്രീസിയേഷൻ തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഡിമാന്റ് ഇല്ലാത്ത ഇനങ്ങൾക്ക് റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലും ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിലും വ്യത്യാസം | 1-1-4 |
| 6 | ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാദ്ധ്യത ഹെഡിലുള്ള നീക്കിയിരിപ്പുകൾക്ക് തത്തുല്യമായ ബാങ്ക് - ട്രഷറി നീക്കിയിരുപ്പുകൾ കാണുന്നില്ല | 1-1-6 |
| 8 | ആസ്തി, ബാധ്യത മൈനസ് സംഖ്യകൾ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-7 |
| 9 | Suspense തുകക്ക് വിശദീകരണമില്ല. | 1-1-8 |
| 10 | ഇൻകം ഹെഡിൽ റെന്റ് റെമിഷൻ റീഫണ്ട് മൈനസ് സംഖ്യ - കാരണം വ്യക്തമല്ല. | 1-1-9 |
| 11 | PMAY- ബാങ്ക് അക്കൗണ്ടുകളിൽ വ്യത്യാസം | 1-1-10 |
| 12 | Accumulated Provisions Against Debtors (Recevables) തുകയുടെ കാൽക്കുലേഷൻ കൃത്യമല്ല | 1-1-11 |
| 13 | Property Tax Receivable കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-12 |
| 14 | വായ്പ തിരിച്ചടവ് വിവരങ്ങൾ കാലികമാക്കിയിട്ടില്ല. | 1-1-13 |
| 15 | ചട്ടപ്രകാരമുള്ള പത്രികകൾ ഹാജരാക്കിയിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 24 | ക്യാഷ് പരിശോധന | 1-10 |
| 25 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം- അവലോകനം | 1-11 |
| 26 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ വൻ തുക കുടിശ്ശിക | 1-12 |
| 27 | വിരമിച്ചിട്ടും നഗരസഭ ക്വാർട്ടേഴ്സിൽ ജീവനക്കാരുടെ താമസം - നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 28 | ഫെഡറൽ ബാങ്കിന് നൽകിയ വാടക മുറികളുടെ പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 10,754 രൂപ നഷ്ടം | 1-14 |
| 29 | അങ്കണവാടികളുടെ വാടക സംബന്ധിച്ച് | 1-15 |
| 30 | ജനറൽ മാർക്കറ്റ് - വാടകക്കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ | 1-16 |
| 31 | മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം ഈടാക്കിയിട്ടില്ല | 1-17 |
| 32 | സൂപ്പർമാർക്കറ്റുകളുടെ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക | 1-18 |
| 33 | ടെണ്ടർ ഫീസ് തുക സമയബന്ധിതമായി നഗരസഭ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. | 1-19 |
| 34 | നിരവധി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-20 |
| 35 | തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-21 |
| 36 | പ്രിയദർശിനി ടൗൺ ഹാൾ വാടകക്ക് നൽകുന്നില്ല - നഗരസഭക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം | 1-22 |
| 37 | കെ സ്മാർട്ട് പേയ്മെന്റ് വൗച്ചറുകൾ-ക്രമ നമ്പർ നൽകിയതിൽ അപാകത | 1-23 |
| 38 | വാഹനങ്ങളുടെ പരിപാലനം -വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം VEELS-ൽ വാഹന സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | 1-24 |
| 39 | വാഹനങ്ങളുടെ പരിപാലനം -രേഖകൾ സുതാര്യമല്ല. | 1-25 |
| 40 | ജീവനക്കാർക്കുള്ള ഓണം അഡ്വാൻസ് തുക മുഴുവനായും തിരികെ ഈടാക്കിയില്ല. | 1-26 |
| 41 | GPF - ജീവനക്കാരുടെ പ്രതിമാസ വരിസംഖ്യ അടവാക്കുന്നതിൽ കാലതാമസം | 1-27 |
| 42 | ജി.ഐ.എസ് വരിസംഖ്യ അടക്കുന്നതിൽ കാലതാമസം | 1-28 |
| 43 | അറവുശാല നിർമ്മാണം അനന്തമായി നീളുന്നു | 1-29 |
| 44 | സർക്കാർ നിർദ്ദേശിച്ചിട്ടും ശതാബ്ദി ആഘോഷ കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല | 1-30 |
| 45 | ഹെൽത്ത് ഗ്രാന്റ് | 1-31 |
| 46 | പെൻഷൻ ഫണ്ട് -അവലോകനം | 1-32 |
| 47 | അർഹതാ കാലാവധി കഴിഞ്ഞിട്ടും ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ അനുവദിച്ചു - അധികമായി നൽകിയ 1,97,055 രൂപ നിരാകരിക്കുന്നു | 1-33 |
| 48 | സെൻട്രൽ പെൻഷൻ ഫണ്ട് - നീക്കിയിരിപ്പിൽ വ്യത്യാസം | 1-34 |
| 49 | ശുചിത്വമിഷൻ ഫണ്ട് - വക മാറ്റിയ തുക തിരികെ ഒടുക്കിയിട്ടില്ല | 1-35 |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹരെയും മരണപ്പെട്ടവരെയും ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-36 |
| 51 | അഗതിരഹിതകേരളം - പാവങ്ങൾക്കായുള്ള ഭക്ഷണക്കിറ്റ് വിതരണം മുടങ്ങി | 1-37 |
| 52 | ഐ സി ഡി എസ് സൂപ്പർവൈസർ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല. | 1-38 |
| 53 | ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും പൊരുത്തപ്പെടുന്നില്ല | 1-39 |

| | | |
|---|---|---|
| 54 | മെൻസ്ട്രൽ കപ്പ് വിതരണം - മുൻവർഷം വാങ്ങിയത് വിതരണം പൂർത്തിയാക്കാതെ പുതിയ പ്രോജക്ടിൽ വീണ്ടും വാങ്ങി. | 1-40 |
| 55 | കുടുംബശ്രീയുടെ ബാലസഭ പദ്ധതി - പഠന യാത്ര - ചെലവ് രേഖകൾ സുതാര്യമല്ലാത്തതിനാൽ 21,296 രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 56 | ഹരിതകർമ്മസേന മുഖേനയുള്ള റിജക്റ്റഡ് മാലിന്യ സംസ്കരണം - അപാകതകൾ | 1-42 |
| 57 | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം - ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിന് നല്കിയ 13,36,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-43 |
| 58 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -മാനദണ്ഡങ്ങൾക്കു വിരുദ്ധമായി മുൻകൂർ തുക അനുവദിച്ചു | 1-44 |
| 59 | കെ - സ്മാർട്ട് സോഫ്റ്റ്‌വെയർ -ഓഡിറ്റർ ലോഗിനിൽ രേഖകൾ പൂർണ്ണമായി ലഭ്യമല്ല. | 1-45 |
| 60 | കാന ശുചീകരണത്തിനും ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ - നടപടിക്രമങ്ങളിലെ അപാകതകൾ. - 3,700 രൂപ അധികം നൽകി | 1-46 |
| 61 | അധുനിക ക്രിമറ്റോറിയം - കരാറിന് വിരുദ്ധമായി GST അനുവദിച്ചു - 50,148 അധികച്ചെലവ് | 1-47 |
| 62 | ഓപ്പൺ എയർ ഓഡിറ്റോറിയം റെയിൽവേ അധികാരികളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയില്ല | 1-48 |
| 63 | ടൈൽ വിരിക്കുന്നതിന് അധികം നൽകിയ 44,524 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് | 1-49 |
| 64 | രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകതകൾ - പദ്ധതിക്കായി ചെലവഴിച്ച 30,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-50 |
| 65 | കറണ്ട്ചാർജ്ജ് പിഴ അടവാക്കിയത്- മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടച്ചത് ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ് | 1-51 |
| 66 | ഗുണഭോക്തൃ വിഹിതം യഥാസമയം നിർവഹണ ഏജൻസിക്ക് നൽകാത്തതിനാൽ പ്രോജക്ടുകൾ സ്പിൽ ഓവറായി. | 1-52 |
| 67 | ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ സംവരണം അനുവദിച്ചിട്ടില്ല. | 1-53 |
| 68 | വനിതകൾക്ക് യോഗാ പരിശീലനം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 15,600 രൂപ നിരാകരിക്കുന്നു. | 1-54 |
| 69 | ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ - മാലിന്യ നിർമ്മാർജ്ജനം - അനുവദനീയമല്ലാത്ത ജി. എസ്. ടി നൽകി- നഷ്ടം-64,531 രൂപ | 1-55 |
| 70 | നഗരസഭ റോഡ് അനധികൃതമായി കയ്യേറി, അടച്ചുകെട്ടി | 1-56 |
| 71 | മരാമത്ത് പ്രവൃത്തികൾ - പൊതുവായ അപാകതകൾ. | 1-57 |
| 72 | മരാമത്ത് പ്രവൃത്തികൾ - വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കിയില്ല - നഷ്ടം 64,582 രൂപ | 1-58 |
| 73 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-59 |
| 74 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചില്ല. | 1-60 |
| 75 | പെർമനന്റ് കൺവെയൻസ് അലവൻസ് ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് | 1-61 |
| **ഭാഗം 2** | | |
| 1 | വാടകക്കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 2,013 രൂപ നഷ്ടം | 2-1 |
| 2 | ഫെഡറൽ ബാങ്കിന് നൽകിയ വാടക മുറികളുടെ പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 10,754 രൂപ നഷ്ടം | 2-2 |
| 3 | ജനറൽ മാർക്കറ്റ് - വാടക ഈടാക്കിയതിൽ അപാകത - പിഴപ്പലിശയിനത്തിൽ 1,385 രൂപ നഷ്ടം | 2-3 |
| **ഭാഗം 3** | | |
| 1 | അർഹതാ കാലാവധി കഴിഞ്ഞിട്ടും ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ അനുവദിച്ചു -അധികമായി നൽകിയ 1,97,055 രൂപ നിരാകരിക്കുന്നു | 3-1 |
| 2 | വനിതകൾക്ക് യോഗാ പരിശീലനം -മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 15,600 രൂപ നിരാകരിക്കുന്നു. | 3-2 |
| 3 | കാന ശുചീകരണത്തിന് ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ - നടപടിക്രമങ്ങളിലെ അപാകതകൾ. - 3,700 രൂപ അധികം നൽകി | 3-3 |
| 4 | അധുനിക ക്രിമറ്റോറിയം - കരാറിന് വിരുദ്ധമായി GST അനുവദിച്ചു - 50,148 രൂപ അധികച്ചെലവ് | 3-4 |
| 5 | ടൈൽ വിരിക്കുന്നതിന് അധികം നൽകിയ 44,524 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. | 3-5 |
| 6 | ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ - മാലിന്യ നിർമ്മാർജ്ജനം - അനുവദനീയമല്ലാത്ത ജി എസ് ടി നൽകി - നഷ്ടം - 64,531 രൂപ | 3-6 |
| 7 | മരാമത്ത് പ്രവൃത്തികൾ - വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കിയില്ല - നഷ്ടം 64,582 രൂപ | 3-7 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipts & Payment | |
| 4 | Income & Expenditure Statement | |
| 5 | Balance Sheet | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) ആലുവ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 -ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.11.2025 തീയതിയിലെ 1 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 04.12.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 – ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 – ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ

മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലുവ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 – ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 – ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: ആലുവ
തീയതി: 26.03.2026

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ**

**1-1-1 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല**

2024-25 വാർഷിക ധനകാര്യ പത്രികയോടൊപ്പം മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടേയും 31.03.2025 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കാത്ത റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് (വാർഷിക കണക്ക് പ്രകാരം) | നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് പ്രകാരം) (രൂപ) |
|---|---|---|
| 1 | Canara Bank CB - 0804201001020 | 8,394.00 |
| 2 | ICICI Bank – IB - 028905003021 | 2,32,009.00 |

| | | |
|---|---|---|
| 3 | State Bank Of India – SBoI – 67190510254 | 7,027.00 |
| 4 | Sub Treasury Aluva – 1104-799013000002563 | 445.00 |
| 5 | Sub Treasury Aluva – 1104-79903000001196 | 36,231.00 |

**1-1-2 റിക്കൺസിലയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല.**

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിനൊപ്പം ഹാജരാക്കിയ താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ബാങ്കിന്റെ പേര് (വാർഷിക കണക്ക് പ്രകാരം) | നീക്കിയിരിപ്പ് (വാർഷിക കണക്ക് പ്രകാരം) (രൂപ) | നീക്കിയിരിപ്പ് (റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം)(രൂപ) |
|---|---|---|---|
| 1 | City Union Bank – CFC No.500101012697549 | 1,13,281.00 | 1,15,835.00 |
| 2 | Federal Bank – FB – 11320100293280 | 99.00 | 97.00 |
| 3 | The South Indian Bank – Card Payment | 1,55,81,989.00 | 1,56,76,188.00 |

**1-1-3 ഡിപ്രിസിയേഷൻ പത്രികയിലെ (Calculation Statement) തുകയും വാർഷിക കണക്കിലെ ഡിപ്രിസിയേഷൻ തുകയും പൊരുത്തപ്പെടുന്നില്ല.**

Balance Sheet, Schedule - B – 10 ൽ 10 ഇനങ്ങൾക്ക് അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ ഡിപ്രീസിയേഷൻ കണക്കാക്കിയ പത്രികയിലെ (Calculation Statement) തുകയും ട്രയൽ ബാലൻസ് റിപ്പോർട്ടിലെ ഡിപ്രീസിയേഷൻ തുകയും താഴെ ചേർക്കും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ഹെഡ് | ഇനം | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം (രൂപ) | വാർഷിക കണക്ക് പ്രകാരം (രൂപ) |
|---|---|---|---|
| 4113001 | Accumulated Depreciation - Roads | 15,49,436.00 | 16,62,998.00 |
| 4113101 | Accumulated Depreciation – Sewerage & Drainage | 62,33,686.00 | 8,081.00 |
| 4116001 | Accumulated Depreciation – Office & Other Equipments | 33,77,700.00 | 16,71,380.00 |
| 4117001 | Accumulated Depreciation – Furniture, Fixtures, Fittings & Electricals | 15,25,436.00 | (-) 1,80,885.00 |
| 4117002 | Depreciation – Electrical And Electronic Appliances | 0 | 34,12,642.00 |

സ്റ്റേറ്റ്മെന്റിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല.

**1-1-4 ഡിമാന്റ് ഇല്ലാത്ത ഇനങ്ങൾക്ക് റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലും ഇൻകം ആന്റ് എക്സ്പെന്റീച്ചർ അക്കൗണ്ടിലും വ്യത്യാസം**

ഡിമാന്റ് ഇല്ലാത്ത താഴെ ചേർക്കുന്ന ഇനങ്ങൾക്ക് റെസീപ്റ്റ് & പേയ്മെന്റ് (R&P) അക്കൗണ്ടിലും ഇൻകം ആന്റ് എക്സ്പെന്റീച്ചർ (I&E) അക്കൗണ്ടിലും വ്യത്യാസമുണ്ട്.

1) R&P, Schedule – R1 – Tax Revenue ൽ Profession Tax (Employees) വരവ് 1,72,57,572 രൂപയാണ്. I&E, Schedule I-1 ലെ Profession Tax (Employees) വരവ് 1,75,04,072 രൂപയാണ്. ഡിമാന്റ് ചെയ്യാത്ത വരുമാനമാണെന്നിരിക്കെ 2,46,500 രൂപയുടെ വ്യത്യാസമുണ്ടായതിന്റെ കാരണം വ്യക്തമല്ല.

2) R&P യിലെ 1401001 ഹെഡിൽ Private Hospital & Paramedical Insitutions Reg. Fees – 5100 രൂപ വരവും I&E പ്രകാരം ഈ വരവ് 6600 രൂപയാണ്.

3) R&P യിലെ 1402001 ഹെഡിൽ Penal Interest വരവ് 32,77,777 രൂപയും I&E ലെ ഇതേ ഹെഡിൽ 36,50,380 രൂപയുമാണ് വരവ്.

4) R&P യിലെ 1402003 ഹെഡിൽ Other Penalities And Fines വരവ് 3,57,773 രൂപയും I&E ലെ ഇതേ ഹെഡിൽ 3,68,034 രൂപയുമാണ് വരവ്.

5) R&P യിലെ 1501202 ഹെഡിൽ Receipts From Sale Of Scrap വരവ് 40,685 രൂപയും I&E ലെ ഇതേ ഹെഡിൽ 48,913 രൂപയുമാണ് വരവ്.

6) R&P യിലെ 1711001 ഹെഡിൽ Interest From Bank Accounts വരവ് 1,70,056 രൂപയും I&E ലെ ഇതേ ഹെഡിൽ 1,14,215 രൂപയുമാണ് വരവ്.

7) R&P യിലെ 1808099 ഹെഡിൽ Miscellaneous Receipts – 5,43,357 രൂപ വരവും I&E പ്രകാരം ഈ വരവ് 808 രൂപയാണ് .

8) 1804001 ഹെഡിൽ I&E യിൽ Recovery From Employees - 50,978 രൂപ വരവുള്ളപ്പോൾ R&P യിൽ ഈ ഹെഡിൽ വരവില്ല.

മേൽപ്പറഞ്ഞ പ്രകാരം തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

**1-1-5 ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.**

1) മുൻ വർഷത്തെ Balance Sheet പ്രകാരം മുൻ വർഷം വരെയുള്ള അരിയർ 4311902 എന്ന ഹെഡിൽ Receivable Profession Tax – Institutions/Traders (Arrear) 94,76,758 (2228259+7248499) രൂപയാണ്. ഈയിനത്തിൽ R&P പ്രകാരം ഈ വർഷത്തെ വരവ് 10,36,920 രൂപയാണ്. ഇതിൻ പ്രകാരം Balance Sheet പ്രകാരമുള്ള നീക്കിയിരിപ്പ് 84,39,838

രൂപയായിരിക്കണം. എന്നാൽ ഇത് 62,11,579 രൂപയാണ്.

2) I&E, Schedule I-1 ൽ 1101002 എന്ന ഹെഡിൽ Profession Tax – Traders/Institutions – 44,97,860 രൂപയാണ് ഡിമാന്റ്. R&P പ്രകാരം 4311901 ഹെഡിൽ Receivable Profession Tax – Institutions/Traders (Current) – 30,81,000 രൂപയാണ് വരവ്. ഇതിൻപ്രകാരം Balance Sheet ലെ നീക്കിയിരിപ്പ് 14,16,860 രൂപയായിരിക്കണം. എന്നാൽ ഇത് 22,28,259 രൂപയാണ്. 8,11,399 രൂപയുടെ വ്യത്യാസമുണ്ട്.

3) I&E, Schedule I-3 ൽ 1308002 എന്ന ഹെഡിൽ Rent From Localbody Properties - 16,85,998 രൂപയാണ് ഡിമാന്റ്. R&P പ്രകാരം 4314015 ഹെഡിൽ Rent Receivable From Local Body Properties (Current) – 2,74,32,037 രൂപയാണ് വരവ്. Balance Sheet ൽ 4314015 ഹെഡിൽ 4314015 Rent Receivable From Local Body Properties (Current) മൈനസ് 2,62,20,270 രൂപയാണ്. ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ Income & Expenditure, Balance Sheet, Receipt & Payment Statement കൾ പ്രകാരം DCB (Demand, Collection, Balance) വിവരങ്ങൾ പൊരുത്തപ്പെടേണ്ടതാണ്. പൊരുത്തപ്പെടാത്തപക്ഷം അക്കൗണ്ട്സ് കുറിപ്പുകളിലൂടെ അക്കാര്യം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 2024-25 വാർഷിക കണക്കിനൊപ്പം അക്കൗണ്ട്സ് കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.

**1-1-6 ബാദ്ധ്യത ഹെഡിലുള്ള നീക്കിയിരിപ്പുകൾക്ക് തത്തുല്യമായ ബാങ്ക് - ട്രഷറി നീക്കിയിരുപ്പുകൾ കാണുന്നില്ല**

Balance Sheet, Schedule B4 – ൽ ബാദ്ധ്യത ഹെഡിൽ നീക്കിയിരിപ്പുള്ള താഴെ ചേർക്കുന്ന ഫണ്ടുകൾക്ക് അനുസൃതമായി ബാങ്ക്/ ട്രഷറി നീക്കിയിരിപ്പുകൾ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ഫണ്ടുകൾ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

| ഹെഡ് | ഇനം | തുക(രൂപ) |
|---|---|---|
| 3201020 | Integrated Child Development Services | 11,89,109.00 |
| 3201023 | Member Of Parliament Local Development Scheme | 5,268.00 |
| 3202011 | Grants/Funds For Pandemic/Epidemic Control | 22,62,208.00 |
| 3202028 | Grants For Specific Purposes – Disaster Management | 2,00,000.00 |
| 3208096 | Donations To CMDRF | 16,424.00 |

| | | |
|---|---|---|
| 3201050 | Grants Contributions For Specific Purposes – Central Fund | 39,06,689.00 |

1-1-7 ആസ്തി, ബാധ്യത മൈനസ് സംഖ്യകൾ രേഖപ്പെടുത്തിയിരിക്കുന്നു.

1) Balance Sheet, Schedule B-8 ൽ 3501105 ഹെഡിൽ - Pension And Gratuity Payable ൽ മൈനസ് 65,16,660 രൂപയും 3501115 ഹെഡിൽ - Contingent Pension And Gratuity Payable ൽ മൈനസ് 3,13,94,306 രൂപയും ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുക മൈനസ് ആകുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2) Balance Sheet, Schedule – B-14 – Sundry Debtors (Receivables) ൽ താഴെ ചേർക്കുന്നവ മൈനസ് തുകകളാണ്.

| ഹെഡ് | ഇനം | തുക(രൂപ) |
|---|---|---|
| 4312004 | Receivable Service Cess(Arrears) | 11,15,754 |
| 4312008 | Receivbles For Fees On Buildings For Special Services (Arrears) | 1868 |
| 4314003 | Rent Receivable From Lease On Land (Current) | 64,440 |
| 4314009 | Receivable From Bus Stand (Current) | 57001 |
| 4314015 | Rent Receivable From Local Body Properties (Current) | 2,62,20,270 |
| 4314016 | Rent Receivable From Local Body Properties (Arrear) | 20,62,298 |

ആസ്തി ഹെഡിൽ മേല്പറഞ്ഞ പ്രകാരം മൈനസ് തുകകൾ വന്നതിന്റെ കാരണം വ്യക്തമല്ല.

1-1-8 Suspense തുകക്ക് വിശദീകരണമില്ല.

Balance Sheet, Schedule – B1- Municipal Fund ൽ 3109002 എന്ന ഹെഡിൽ Suspense – 18,08,739 രൂപ ബാധ്യതയായി കാണുന്നുണ്ട്. ഇത് ഏത് ഇനത്തിലുള്ള ബാധ്യതയാണെന്ന് വിശദീകരിച്ചിട്ടില്ല.

1-1-9 ഇൻകം ഹെഡിൽ റെന്റ് റെമിഷൻ റീഫണ്ട് മൈനസ് സംഖ്യ – കാരണം വ്യക്തമല്ല.

I&E, Schedule I-3(a) ൽ 1309002 ഹെഡിൽ Rent Remission And Refund – Office Buildings മൈനസ് 75,51,785 രൂപയെന്ന് കാണുന്നു. ഇൻകം ഹെഡിൽ റെന്റ് റെമിഷൻ റീഫണ്ട് മൈനസ് വരുന്നത് ചെലവായി കണക്കാക്കണം. ഇത് എന്തെന്നും എന്ത് കാരണത്താലെന്നും വ്യക്തമല്ല.

1-1-10 PMAY- ബാങ്ക് അക്കൗണ്ടുകളിൽ വ്യത്യാസം

Balance Sheet, Schedule B4 – Grants, Contribution For Specific Purposes ൽ 3201011 ഹെഡിൽ

Prime Ministers Awas Yojana (PMAY) – General 7,58,657 രൂപയും ഇതിന്റെ ബാങ്ക് അക്കൗണ്ടിൽ 4502101 – Union Bank PMAY ൽ 7,58,651 രൂപയെന്നും കാണുന്നു. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

**1-1-11 Accumulated Provisions Against Debtors (Recevables) തുകയുടെ കാൽക്കുലേഷൻ കൃത്യമല്ല**

Balance Sheet, Schedule B-15 – 4321001 എന്ന ഹെഡിൽ Accumulated Provisions Against Debtors (Recevables) – 38,56,769 രൂപയാണ്. പ്രൊവിഷൻ തുക കണക്കാക്കിയത് എങ്ങനെയെന്ന് വിശദീകരിച്ചിട്ടില്ല. പ്രൊവിഷൻ കണക്കാക്കിയതിന്റെ പത്രിക ലഭ്യമാക്കിയിട്ടില്ല.

**1-1-12 Property Tax Receivable കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.**

Balance Sheet, Schedule B-14 പ്രകാരം Receivable Property Tax 1,74,29,788 രൂപയാണ്. ഇതിൻ പ്രകാരം 4319101 ഹെഡിൽ State Govt Cesses/Levies In Property Taxes – Control Account – Library Cess 8,29,990 രൂപയായിരിക്കണം. എന്നാൽ ഇത് 7,31,294 രൂപയാണ്. Provision For Outstanding Taxes പൂർണ്ണമായി ഒഴിവാക്കിയാലും Library Cess തുക പൊരുത്തപ്പെടുന്നില്ല.

**1-1-13 വായ്പ തിരിച്ചടവ് വിവരങ്ങൾ കാലികമാക്കിയിട്ടില്ല.**

സർക്കാർ വായ്പയിൽ (UIDSSMT) തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ തുകയായ 46,61,007 രൂപയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പലിശയിനത്തിൽ ഒടുക്കാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-14 ചട്ടപ്രകാരമുള്ള പത്രികകൾ ഹാജരാക്കിയിട്ടില്ല**

2007 - ലെ കേരള മുനിസിപ്പാലിറ്റി ആക്കൗണ്ട് റൂൾസിലെ റൂൾ 58 പ്രകാരം ബാലൻസ്ഷീറ്റ്, ഇൻകം & എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് കുറിപ്പുകൾ (Notes To Accounts), ഫൈനാൻഷ്യൽ പെർഫോമൻസ് ഇന്റിക്കേറ്റേഴ്സ് എന്നിവ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ആലുവ നഗരസഭയിൽ നിന്നും സമർപ്പിച്ചിരിക്കുന്ന 2024-25 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട്സ് കുറിപ്പുകൾ (Notes To Accounts), റേഷ്യോസ്, ഫൈനാൻഷ്യൽ പെർഫോമൻസ് ഇന്റിക്കേറ്റേഴ്സ് എന്നിവ സമർപ്പിച്ചിട്ടില്ല.

**1-2 ബജറ്റ്**

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 08.02.2024 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ്

നഗരസഭാ കൗൺസിലിന്റെ 20.03.2025 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

**ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല**

ആലുവ നഗരസഭയുടെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുമായ 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് (രൂപ) | യഥാർത്ഥം (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|
| മുന്നിരിപ്പ് | 10,63,45,108.00 | 7,66,42,750.95 | 2,97,02,357.05 |
| വരവ് | 122,64,44,664.00 | 21,77,67,791.00 | 100,86,76,873.00 |
| ആകെ | 133,27,89,772.00 | 29,44,10,541.95 | 103,83,79,230.05 |
| ചെലവ് | 119,60,05,640.00 | 20,61,59,562.00 | 98,98,46,078.00 |
| നീക്കിയിരിപ്പ് | 13,67,84,132.00 | 8,82,50,979.95 | 4,85,33,152.05 |




ആലുവ നഗരസഭയുടെ 2024-25 വർഷത്തെ ബജറ്റ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് മേല്പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാണ്. മുൻ വർഷം 25 കോടി രൂപയാണ് നഗരസഭയുടെ ആകെ വരുമാനമെന്നിരിക്കെ 122 കോടിയിലധികം രൂപയാണ് 2024-25 ലെ പ്രതീക്ഷിത വരുമാനമായി കണക്കാക്കിയിരിക്കുന്നത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിലും വലിയ അന്തരമാണുള്ളത്. നഗരസഭയുടെ പ്രധാന വരുമാനങ്ങളുടെ 2023-24 ലെ യഥാർത്ഥ വരവും 2024-25 ലെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥിലുമുള്ള വരവും തമ്മിലുള്ള താരതമ്യം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | 2023-24 യാഥാർത്ഥ്യം (രൂപ) | 2024-25 ബജറ്റ് (രൂപ) | 2024-25 യാഥാർത്ഥ്യം (രൂപ) |
|---|---|---|---|---|
| 1 | വസ്തു നികുതി | 2,49,36,629.00 | 6,50,00,000.00 | 4,49,62,851.00 |
| 2 | തൊഴിൽ നികുതി (ജീവനക്കാർ) | 1,80,17,244.00 | 1,95,00,000.00 | 1,72,57,572.00 |
| 3 | തൊഴിൽ നികുതി (വ്യാപാരികൾ) | 26,64,474.00 | 48,00,000.00 | 41,17,920.00 |

| | | | | |
|---|---|---|---|---|
| 4 | വിനോദ നികുതി | 44,01,793.00 | 68,00,000.00 | 53,99,742.00 |
| 5 | വാടക – ഷോപ്പിങ്ങ് കോംപ്ലക്സ് | 1,43,28,000.00 | 2,60,00,000.00 | 2,74,32,037.00 |
| 6 | ഭൂമി പാട്ടം | 1,37,45,305.00 | 1,50,00,000.00 | 1,33,440.00 |
| 7 | കെട്ടിട നിർമ്മാണ ഫീസ് | 5,47,693.00 | 30,00,000.00 | 23,52,747.00 |

മേല്പറഞ്ഞിരിക്കുന്ന കണക്കുകൾ പ്രകാരം വാടക വരുമാനമൊഴികെ മറ്റ് വരുമാനങ്ങളെല്ലാം ബജറ്റിലെ പ്രതീക്ഷിത വരുമാനത്തെക്കാൾ കുറവുണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. എന്നിരുന്നാലും ബജറ്റ് പ്രകാരമുള്ള ആകെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം 100 കോടിയിലധികമാണെന്നത് പരിഗണിക്കുമ്പോൾ മേല്പറഞ്ഞ വരവുകളിലെ കുറവ് ഗണ്യമായി കാണാവുന്നതല്ല. സർക്കാർ ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ഗ്രാന്റുകളിലൂടെയും പ്രതീക്ഷിച്ചിരുന്ന വരുമാനങ്ങളിലെ കുറവ് താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (രൂപ) | യാഥാർത്ഥ്യം (രൂപ) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,29,26,000.00 | 1,47,66,990.00 |
| വികസന ഫണ്ട് (പട്ടിക ജാതി) | 46,29,000.00 | 28,84,600.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,84,73,000.00 | 1,04,18,053.00 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 80,00,000.00 | 43,62,000.00 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 57,27,000.00 | 37,66,660.00 |

മേല്പറഞ്ഞ വരവുകളിലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുകളേക്കാൾ യഥാർത്ഥ വരവുകളിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ബജറ്റ് പ്രകാരമുള്ള ആകെ വരവും യഥാർത്ഥത്തിലുള്ള ആകെ വരവും തമ്മിലുള്ള അന്തരം പരിഗണിക്കുമ്പോൾ മറ്റ് പ്രതീക്ഷിത വരുമാനങ്ങളിലാണ് ഗണ്യമായ കുറവുണ്ടായിരിക്കുന്നതെന്ന് കാണാവുന്നതാണ്. ഉദാഹരണമായി, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയിനത്തിൽ 9.50 കോടി രൂപയും മറ്റ് വായ്പയിനത്തിൽ 85 ലക്ഷം രൂപയും പെൻഷൻ ഫണ്ടിനത്തിൽ 6 കോടി രൂപയും MLA/MP ഫണ്ട് 2.78 കോടി രൂപയും മറ്റ് മൂലധന വിഹിതങ്ങൾ 8 കോടി രൂപയും GST കോമ്പൻസേഷൻ 2 കോടി രൂപയും ഗ്യാസ് ക്രിമറ്റോറിയത്തിനായി 2.50 കോടി രൂപയും അന്താരാഷ്ട്ര നിലവാരത്തിലുള്ള മാർക്കറ്റ് സമുച്ചയത്തിനായി PMMSY ഫണ്ടിനത്തിൽ 50 കോടി രൂപയും പ്രതീക്ഷിത വരുമാനമായി ബജറ്റിൽ കാണിച്ചതും മേല്പറഞ്ഞ ഇനങ്ങളിൽ യഥാർത്ഥത്തിൽ വരവില്ലാതിരുന്നതും ബജറ്റ് പ്രകാരമുള്ള ആകെ വരവും യഥാർത്ഥത്തിലുള്ള ആകെ വരവും തമ്മിലുള്ള അന്തരം ഗണ്യമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതും ലഭിക്കുമെന്ന്

യാതൊരു ഉറപ്പില്ലാത്തതുമായ വരവുകൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതും പ്രോജക്റ്റുകൾ വിഭാവനം ചെയ്യുന്നതും നഗരസഭക്ക് ഗുണകരമായിരിക്കില്ല. കൂടാതെ PMMSY ഫണ്ട് വകയിരുത്തി നിർമ്മിക്കുന്ന ജനറൽ മാർക്കറ്റ് നിർമ്മാണത്തിനുള്ള 50 കോടി രൂപ നഗരസഭ മുഖേന ചെലവഴിക്കാതെ നേരിട്ട് ചെലവഴിക്കുന്ന സാഹചര്യത്തിൽ നഗരസഭയുടെ ബജറ്റിൽ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. നിയമം അനുശാസിക്കും വിധം ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | 2023-24 (രൂപ) | 2024-25 (രൂപ) |
|---|---|---|
| മുന്നിരിപ്പ് | 2,42,58,480.95 | 7,66,42,750.95 |
| വരവ് | 25,12,28,515.00 | 21,77,67,791.00 |
| ആകെ | 27,54,86,995.95 | 29,44,10,541.95 |
| ചെലവ് | 19,88,44,245.00 | 20,61,59,562.00 |
| നീക്കിയിരിപ്പ് | 7,66,42,750.95 | 8,82,50,979.95 |

മേല്പറഞ്ഞ കണക്കുകൾ പ്രകാരം നഗരസഭയുടെ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഏകദേശം 3.35 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. നഗരസഭയുടെ പ്രധാന തനത് വരവിനങ്ങളിലുണ്ടായ കുറവ് താഴെ ചേർക്കുന്നു.

| ഇനം | 2023-24 (രൂപ) | 2024-25 (രൂപ) | കുറവ് (രൂപ) |
|---|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | 1,77,37,494.00 | 1,72,57,572.00 | 4,79,922.00 |
| മറ്റ് നികുതികൾ | 5,93,010.00 | 0 | 5,93,010.00 |
| ഫൈൻ | 7,86,043.00 | 3,57,773.00 | 4,28,270.00 |
| പബ്ലിക് സാനിറ്റേഷൻ ചാർജ് | 6,29,273.00 | 2,02,730.00 | 4,26,543.00 |
| അദർ യൂസർ ചാർജ് | 21,56,923.00 | 13,97,314.00 | 7,59,609.00 |
| റോഡ് കട്ടിങ്ങ് ചാർജ് | 91,24,142.00 | 16,33,070.00 | 74,91,072.00 |
| ലീസ് ഓൺ ലാന്റ് (കറന്റ്) | 2,78,53,479.00 | 64,440.00 | 2,77,89,039.00 |
| **ആകെ** | | | **3,79,67,465.00** |

വാർഷിക കണക്ക് പ്രകാരം നഗരസഭയുടെ മേല്പറഞ്ഞ തനത് വരുമാനങ്ങളുടെ പിരിവിൽ 3.80 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 2023-24 ൽ ശിവരാത്രി വരവ് 'ലീസ് ഓൺ ലാന്റ്' എന്ന ഹെഡിലാണ് വരവ് എടുത്തത്. മാത്രവുമല്ല കരാറുകാർ തമ്മിലുള്ള തർക്കത്തെ തുടർന്ന് രണ്ട് കരാറുകാർ ഒരേ സമയം തുക ഒടുക്കിയതുമൂലവും ഈ ഹെഡിൽ തുക ഗണ്യമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. എന്നിരുന്നാലും നഗരസഭയുടെ ആകെ വരുമാനം കുറയുന്നതിൽ തനത് വരുമാനത്തിലെ കുറവ് കാരണമായിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കുന്നതിന് അനുസരിച്ചുള്ള തുകയാണ് വാർഷിക കണക്കുകളിൽ വരവായി എടുക്കുന്നത്. 2023-24 മായി താരതമ്യം ചെയ്യുമ്പോൾ സർക്കാർ ഗ്രാന്റുകളിൽ നിന്നുള്ള ചെലവിൽ 2024-25 ൽ കാര്യമായ വർദ്ധനവ് പ്രകടമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വർദ്ധനവിൽ വലിയ അന്തരം കാണുന്നില്ല. മാത്രവുമല്ല വസ്തുനികുതിയിൽ 5% വാർഷിക വർദ്ധനവ് നിലവിലുള്ളതിനാലും 2024-25 സാമ്പത്തിക വർഷത്തിന്റെ രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി സ്ലാബുകളിൽ മാറ്റം വരുന്നതിലൂടെയുള്ള വർദ്ധനവും പരിഗണിക്കുമ്പോൾ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകേണ്ടതായിരുന്നു.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,47,66,990.00 | 1,47,66,990.00 | 1,42,62,423.00 | 5,04,567.00 (ലാപ്സ്) |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 28,84,600.00 | 28,84,600.00 | 23,50,780.00 | 5,33,820.00 (ലാപ്സ്) |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 16,75,338.00 | 43,62,000.00 | 60,37,338.00 | 65,43,721.00 | 5,06,383.00 (ലാപ്സ്) |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 16,48,244.00 | 37,66,660.00 | 54,14,904.00 | 56,43,978.00 | 2,29,074.00 (ലാപ്സ്) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic & Tied (ACR പ്രകാരം) | 8,66,683.00 | 1,04,18,053.00 | 1,12,84,736.00 | 99,97,373.00 | 12,87,363.00 |
| സാക്ഷരത | 8,394.00 | 0 | 8,394.00 | 0 | 8,394.00 |

| | | | | | | |
|---|---|---|---|---|---|---|
| എ.യു.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | | 6,447.00 | 176.00 (പലിശ) | 6,623.00 | 6,623.00 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 0 | |
| PMAY | | 8,17,187.00 | 21,464.00 | 8,38,651.00 | 80,000.00 | 7,58,651.00 |
| ബി ഫണ്ട് | | 0 | 2,71,01,600.00 | 2,71,01,600.00 | 2,71,01,600.00 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12,86,300.00 | 12,86,300.00 | 12,86,300.00 | 0 |

ACR പ്രകാരമുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗ വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞവയിൽ പ്ലാൻ ഫണ്ട് ജനറൽ, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് സുലേഖ ചെലവുപത്രികയുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ജി.ഒ. പ്രോജക്റ്റുകൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക സുലേഖ ചെലവുപത്രികയിലെ അടങ്കലിൽ ഉൾപ്പെടാത്തതിനാൽ സുലേഖ പത്രികയിലെ കണക്കുകളുമായും പൊരുത്തപ്പെടുന്നില്ല.

* (ജനറൽ പർപ്പസ് ഗ്രാന്റ്, വിടവ് നികത്തൽ ഫണ്ട് ഉൾപ്പെടെയാണ് ട്രഷറി അക്കൗണ്ടിലെ വരവ്-ചെലവുകൾ)

1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷത്തിൽ 264 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. 13,70,32,502 രൂപ വകയിരുത്തിയതിൽ 5,29,97,024 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു. (സുലേഖ ചെലവ് പത്രികയിലെ അടങ്കലിൽ ഉൾപ്പെടാത്ത സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 8,76,000/- രൂപ പ്രോജക്റ്റ് നമ്പർ 331/25 ന്റെ വരവിൽ എടുത്തിട്ടുണ്ട്)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 264 | 13,79,08,502 | 179 | 5,29,97,204 | 85 | 67.80 % |

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ 67.80 ശതമാനം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതി അടങ്കലിന്റെ പകുതിയിൽ താഴെ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 38.43 ശതമാനം തുകയാണ് ചെലവഴിച്ചിട്ടുള്ളത്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണത്തിലും

നടപ്പാക്കിയ പദ്ധതികളുടെ എണ്ണത്തിലും വർദ്ധനയുണ്ടായിട്ടുണ്ടെങ്കിലും പദ്ധതിച്ചെലവിൽ കുറവാണ് ഉണ്ടായിട്ടുള്ളത്. ഓഡിറ്റ് വർഷത്തിലെ 11 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 4 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്. പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയ മെഡിക്കൽ ഓഫീസർ (ആയുർവേദം), കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, പ്രിൻസിപ്പൾ - ഹയർ സെക്കന്ററി സ്കൂൾ എന്നിവർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഇതിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം), വെറ്ററിനറി സർജൻ എന്നിവർ വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ആകെ പദ്ധതി അടങ്കലിന്റെ 38.43 ശതമാനം മാത്രം ചെലവഴിക്കപ്പെട്ടപ്പോഴാണ് മേല്പറഞ്ഞ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി തുക പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളത് എന്നത് പ്രത്യേകം പരാമർശിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ വിവിധ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ (രൂപ) | നടപ്പാക്കിയത് | ചെലവ് (രൂപ) | നടപ്പാക്കാത്തവ | ചെലവ് % |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 25,50,000.00 | 5 | 25,50,000.00 | 0 | 100 |
| ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 4 | 15,90,000.00 | 2 | 4,50,000.00 | 2 | 28.30 |
| കൃഷി ഓഫീസർ/കൃഷി ഫീൽഡ് അസ്സിസ്റ്റന്റ് | 18 | 24,56,055.00 | 18 | 18,54,382.00 | 0 | 75.50 |
| സെക്രട്ടറി | 29 | 1,12,90,638.00 | 17 | 67,79,306.00 | 12 | 60.04 |
| വെറ്ററിനറി സർജൻ | 11 | 8,93,890.00 | 11 | 8,93,890.00 | 0 | 100 |
| പ്രോജക്റ്റ് ഓഫീസർ-നഗര ദാരിദ്ര നിർമാർജ്ജന സെൽ | 18 | 70,67,530.00 | 17 | 44,65,647.00 | 1 | 63.18 |
| ഹെൽത്ത് ഓഫീസർ | 32 | 2,09,99,207.00 | 13 | 21,45,715.00 | 19 | 10.22 |
| മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) | 11 | 34,46,848.00 | 7 | 22,40,976 | 4 | 65.01 |

| | | | | | | |
|---|---|---|---|---|---|---|
| ICDS സൂപ്പർ വൈസർ | 10 | 38,70,000.00 | 9 | 24,96,146 | 1 | 64.50 |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | 11 | 42,10,367.00 | 11 | 38,98,334 | 0 | 92.58 |
| അസ്സി. എഞ്ചിനീയർ | 115 | 7,95,33,967.00 | 69 | 2,52,22,628 | 46 | 31.71 |
| **ആകെ** | **264** | **13,79,08,502.00** | **179** | **5,29,97,024** | **85** | **38.43** |

ആകെ പദ്ധതി അടങ്കലിന്റെ പകുതിയിൽ കൂടുതൽ തുക വകയിരുത്തിയ അസ്സി.എഞ്ചിനീയറുടെ പ്രോജക്റ്റുകളും 2 കോടിയിലധികം രൂപ വകയിരുത്തിയ ഹെൽത്ത് ഓഫീസറുടെ പ്രോജക്റ്റുകളും നടപ്പാക്കുന്നതിലുണ്ടായ പോരായ്മയാണ് പദ്ധതിച്ചെലവ് ഗണ്യമായി കുറയാൻ ഇടയാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി തുകയിൽ 1/3 ൽ താഴെയും ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ പദ്ധതി തുകയിൽ 28 ശതമാനത്തോളവും ഹെൽത്ത് ഓഫീസറുടെ പദ്ധതിയ തുകയിൽ 10 ശതമാനത്തോളവും തുക മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി തുകകൾ 2/3 ൽ കൂടുതൽ ഭാഗം ചെലവ് നടത്താൻ സാധിച്ചിട്ടുണ്ട്.

#### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 6,447.00 | 176.00 (Interest) | 6,623.00 | ------- | ---- | 6,623.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | ------- | | |

തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലം നിലവിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം നഗരസഭയിൽ നിലച്ചിരിക്കുകയാണ്.

#### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 1,24,800.00 | 7 |
| വിധവാപെൻഷൻ | 62,27,800.00 | 395 |
| വാർദ്ധക്യകാല പെൻഷൻ | 1,84,94,000.00 | 1177 |
| വികലാംഗ പെൻഷൻ | 17,11,800.00 | 116 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 5,43,200.00 | 35 |

1-8 ആഭ്യന്തര നിയന്ത്രണം

വിസ്തൃതിയിൽ കേരളത്തിലെ ഏറ്റവും ചെറിയ നഗരസഭകളിൽ ഒന്നാണ് ആലുവ. ജനസംഖ്യയിലും ഇത് തന്നെയാണ് അവസ്ഥ. ജനസംഖ്യാനുപാതികമായി വിവിധ പദ്ധതിവിഹിതങ്ങൾ വിഭജിച്ച് നൽകുന്നത് നഗരസഭയുടെ ഫണ്ട് ലഭ്യതയെ സാരമായി ബാധിക്കുന്നുണ്ട്.

ആലുവ നഗരസഭാ കാര്യാലയം ഭരണസൗകര്യത്തിനായി അക്കൗണ്ട്സ്, ആരോഗ്യം, റവന്യൂ, എഞ്ചിനീയറിങ്ങ്, ജനറൽ എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. NULM, കുടുംബശ്രീ സംവിധാനങ്ങളും നഗരസഭയോട് ചേർന്ന് പ്രവർത്തിക്കുന്നു. അര നൂറ്റാണ്ടിലേറെ പഴക്കമുള്ള നഗരസഭാ ഓഫീസ് കെട്ടിടത്തിന്റെ സൗകര്യങ്ങൾ കാര്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സേവനങ്ങൾ പൂർണ്ണമായി ഓൺലൈനിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. വസ്തുനികുതി ഡാറ്റാ എൻട്രി ഏതാണ്ട് 99% പൂർത്തീകരിച്ചതായി നഗരസഭ അവകാശപ്പെടുന്നുണ്ട്. നഗരസഭയിലെ വിവിധ സെക്ഷനുകൾക്ക് ജോലികൾ വിഭജിച്ച് നൽകിക്കൊണ്ടുള്ള ജോലി വിഭജനരേഖ, ഫയൽ ആയി നഗരസഭ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സെക്ഷനുകളുടെ ജോലി വിഭജനരേഖ രജിസ്റ്റർ ആയി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയിലെ സ്റ്റാഫ് മീറ്റിംഗ് മിനിറ്റ്സിന്റെ പരിശോധനയിൽ ഓഡിറ്റ് വർഷത്തിൽ രണ്ട് പ്രാവശ്യം മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് കൂടിയതായി കാണുന്നത്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് കൂട്ടി നഗരസഭയിലെ വിവിധ സെക്ഷനുകളിൽ നടക്കുന്ന ജോലികളുടെ പുരോഗതി അവലോകനം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. യോഗത്തിന്റെ മിനിറ്റ്സ് കൃത്യമായി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വരവിനങ്ങളുടെ ഡിമാന്റ് നോട്ടീസ് നഗരസഭയിൽ നിന്നും കൃത്യമായി നൽകുകയും പരമാവധി സംഖ്യ പിരിച്ചെടുക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. നഗരസഭാ കാര്യാലയത്തിന്റെ ISO സർട്ടിഫിക്കേഷൻ പ്രക്രിയ നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭക്ക് അംഗീകൃതമായ മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിലും പദ്ധതികൾ നടപ്പിലാവാത്തത് വികസന രംഗത്ത് വിഘാതം സൃഷ്ടിക്കുന്നു. നഗരസഭാ പാർക്കിന്റെ നവീകരണം പൂർത്തിയായെങ്കിലും ആയതിന്റെ തുടർ പരിപാലനത്തിനായുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതായി കാണുന്നില്ല. കൂടാതെ ഇതോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്കിന്റെ പണി തുടങ്ങിയതായി കാണുന്നില്ല. പാർക്കിന്റെ തുടർ പരിപാലനത്തിന് നഗരസഭയുടെ ഭാഗത്ത് നിന്നും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

ജനറൽ മാർക്കറ്റ് നിർമ്മാണോദ്ഘാടനം നടത്തിയെങ്കിലും തുടർപ്രവർത്തനങ്ങളിൽ കാര്യമായ

പുരോഗതി കാണുന്നില്ല. നഗരസഭയുടെ പ്രധാനവരുമാന സ്രോതസായി മാറ്റാൻ കഴിയുന്ന രണ്ട് ഹാളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കാനുള്ള പദ്ധതികൾ ഇതുവരെയും നടപ്പിലായിട്ടില്ല. ഖര മാലിന്യ സംസ്കരണത്തിനുള്ള MCF ന് മതിയായ കെട്ടിട സംവിധാനമില്ലാത്തത് നഗരസഭ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. സ്ഥിരം സംവിധാനത്തിന് വേണ്ടി മുനിസിപ്പൽ ബസ് സ്റ്റാന്റിൽ നിർമ്മാണം തുടങ്ങിയ MCF കെട്ടിടത്തിൻറെ നിർമ്മാണം ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകളും ബയോബിന്നുകളും നൽകുന്ന പദ്ധതി നഗരസഭ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ കാര്യക്ഷമതയും നിലവിലെ പ്രവർത്തനക്ഷമതയും പരിശോധിക്കുന്നതിന് മതിയായ സംവിധാനങ്ങളില്ല. അജൈവ മാലിന്യം ശേഖരിക്കുന്നതിനായി നഗരസഭയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് 2024 ഏപ്രിൽ മാസത്തിലാണ്. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണത്തിനായി 2023-24, 2024-25 സാമ്പത്തികവർഷങ്ങളിലായി 25 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിന് കൈമാറിയെങ്കിലും നിലവിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള റോഡിന്റെ പ്രവേശനഭാഗം അദ്വൈതാശ്രമം അധികൃതർ അനധികൃതമായി അടച്ച് കെട്ടിയതിനാൽ പ്ലാന്റിന്റെ നവീകരണം അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മീറ്റിംഗ് കൂടുന്നുണ്ടെങ്കിലും അതാത് മാസത്തെ വരവ് ചെലവ് കണക്കുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതായോ, ആയത് അംഗീകരിക്കുന്നതായോ കാണുന്നില്ല. വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി നിർവഹണ ഉദ്യോഗസ്ഥൻമാരുമായി പദ്ധതിയുടെ പുരോഗതി വിലിരുത്തുന്നില്ല.

നഗരസഭയിലെ വിവിധ സെക്ഷനുകളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കൃത്യമായി സൂക്ഷിക്കുന്നില്ല. DCB രേഖപ്പെടുത്തി മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നില്ല . തൊഴിൽ നികുതി രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ ശരിയായി നടത്താത്തുമൂലം പരിശോധനയിൽ ഗണ്യമായ തുക കുടിശ്ശികയുള്ളതായി കാണുകയും ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രേഖപ്പെടുത്തലുകൾ കാലികമാക്കുകയായിരുന്നു. പൊതുമരാമത്ത് പണികൾ കൃത്യമായ കരാർ കാലയളവിൽ പൂർത്തിയാക്കുന്നില്ല എന്ന് മാത്രമല്ല, വൈകി പൂർത്തിയാക്കുന്നതിന് നിയമാനുസൃത പിഴ ഈടാക്കുന്നതായി കാണുന്നില്ല. നഗരസഭയിലെ സേവനങ്ങൾ ഭൂരിഭാഗവും സോഫ്റ്റ് വെയർ അധിഷ്ഠിതമായി മാറിയിട്ടുള്ളതിനാൽ ജീവനക്കാർക്കും വലിയതോതിൽ സാങ്കേതിക

പരിശീലനം ആവശ്യമായി വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിലുണ്ടായിരുന്ന വിവിധ സോഫ്റ്റ് വെയറുകളെ പൊതു ജനത്തിന് കൂടി ആക്സസ് ഉള്ള 'കെ-സ്മാർട്ട്' പ്ലാറ്റ്ഫോമിലേക്ക് മാറ്റിയതിലൂടെ കൂടുതൽ വേഗത്തിൽ ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നുണ്ട്. പുതിയതായി നടപ്പാക്കിയ സംവിധാനമെന്ന നിലയിൽ പോരായ്മകളുണ്ടെങ്കിലും ആവശ്യമായ കാലികമാക്കലുകളും മാറ്റങ്ങളും വരുത്തിയും ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയും കെ – സ്മാർട്ട് കൂടുതൽ ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണത്തിൽ യാഥാർത്ഥ്യവുമായി അടുത്തു നിൽക്കുന്ന ബജറ്റ് ഒരു പ്രധാന ഘടകമാണ്. ഓരോ ചെലവും ബജറ്റിൽ അനുവദിച്ച തുകയിലൊതുങ്ങുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. മാസാന്ത്യ വരവുചെലവ് കണക്കുകൾ ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി പ്രാഥമികമായി പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി ഈ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നില്ല.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അതാത് സെക്ഷനിലേക്ക് കൈമാറുകയും നൽകേണ്ട സേവനങ്ങൾ സെക്ഷനുകളിൽ നിന്നും നേരിട്ട് നൽകുകയുമാണ് ചെയ്യുന്നത്. ഇത് ഫ്രണ്ട് ഓഫീസിൽ രേഖപ്പെടുത്തുന്നില്ല. പൗരാവകാശ രേഖയിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഈ സംവിധാനം പര്യാപ്തമല്ല.

ലൈബ്രറി കൗൺസിലിലേക്ക് ലൈബ്രറി സെസ് ഇനത്തിൽ വൻ തുക അടക്കാൻ ബാക്കി നിൽക്കുന്നു. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മുഴുവനായി നൽകാൻ കഴിയുന്നില്ല. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയ്ക്ക് വ്യക്തമായ ആസൂത്രണത്തിലൂടെയും തനത് വരുമാന വർദ്ധനവിലൂടെയും മാത്രമേ സുസ്ഥിരമായ വികസനം സാധ്യമാക്കാനാവൂ. ഇതിന് ഉദ്യോഗസ്ഥ ഭരണ സംവിധാനങ്ങളുടെ കൂട്ടായ പ്രവർത്തനം ഉറപ്പു വരുത്തേണ്ടതുണ്ട്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ 07.06.2014 വരെ | 2011 ഏപ്രിൽ മുതൽ 2013 സെപ്റ്റംബർ വരെ | 15.11.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2019 | 2018-2019 | 03.01.2020 |

1-10 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പ്രതിമാസം സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് സമയത്തെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടുന്നുണ്ട്. ക്യാഷ് പരിശോധന വിവരങ്ങൾ അതാത് മാസം തന്നെ മുഖ്യകാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഓഡിറ്റ് കാലയളവിലെ അവസാനത്തെ ക്യാഷ് പരിശോധന 25.02.2026 തീയതിയിലായിരുന്നു.

1-11 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം- അവലോകനം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ദൈനംദിന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 20 പ്രകാരം 6 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നഗരസഭകളിലുള്ളത്.

1) ധനകാര്യം

2) വികസനകാര്യം

3) ക്ഷേമകാര്യം

4) ആരോഗ്യം

5) മരാമത്ത്

6) വിദ്യാഭ്യാസം, കലാ, കായികം

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

**ചുമതലകൾ /ഉത്തരവാദിത്വങ്ങൾ**

* ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം കൗൺസിലിന് കിട്ടേണ്ടതായ നികുതികൾ, ഫീസുകൾ, വാടക എന്നിവയുടെ തിട്ടപ്പെടുത്തലും ഈടാക്കലും.

* മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുക.

* സർക്കാരിൽ നിന്നും ലഭിക്കുന്നതും വിതരണം ചെയ്യുന്നതുമായ ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക.

* അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക.

* കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നതുമായ തുകകൾ

ചട്ടങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുക.

* വാർഷിക അക്കൗണ്ടുകളുടെ തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മ പരിശോധന നടത്തുക.

* 286 -ാം വകുപ്പ് പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വയ്ക്കുക.

* കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കുക.

* നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക.

* നികുതി സംബന്ധിച്ച കേസുകൾ പുനഃപരിശോധിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുക.

നഗരസഭയുടെ വൈസ് ചെയർപേഴ്സനാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ. 2024-25 വർഷം 15 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം ബജറ്റ് തയ്യാറാക്കുക എന്നതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും സെക്രട്ടറിയും അതതു വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും, പ്രസ്തുത നിർദ്ദേശങ്ങളെയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അടുത്ത വർഷത്തേക്കുള്ള വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്. ആലുവ നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10.03.2025 ൽ ചേർന്ന യോഗത്തിൽ 2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റും 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റും അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളതായോ ബജറ്റ് സംബന്ധിച്ച് കാതലായ ചർച്ച കൗൺസിലിൽ നടന്നതായോ കാണുന്നില്ല. 25.06.2024ൽ നടന്ന യോഗത്തിൽ, മാസാന്ത്യ കണക്കുകൾ യഥാസമയം കമ്മിറ്റിയിൽ അവതരിപ്പിക്കുന്നില്ല എന്ന വിഷയം കൗൺസിലർ ശ്രീ.ശ്രീകാന്ത് ഉന്നയിക്കുകയും, മാസാന്ത്യ കണക്കുകൾ യഥാസമയം കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നത് ഉറപ്പാക്കുന്നതിന് ചീഫ് അക്കൗണ്ടന്റിന് കമ്മിറ്റി ചെയർമാൻ നിർദ്ദേശം നൽകിയതായും കാണുന്നുണ്ട്. ബജറ്റ് അംഗീകരിച്ച യോഗത്തിൽ, ബജറ്റുമായി ബന്ധപ്പെട്ട കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് മുൻപായി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൗൺസിലർ ശ്രീ.ശ്രീകാന്ത് പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കടുത്ത

സാമ്പത്തിക പ്രതിസന്ധിയിലൂടെ നഗരസഭ കടന്നു പോകുമ്പോൾ വരുമാന വർദ്ധനവിലൂടെ പ്രതിസന്ധി മറികടക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

**വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മൽസ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

2024-25 സാമ്പത്തിക വർഷത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12 മീറ്റിങ്ങുകൾ നടന്നിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി നടത്തിപ്പ് പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തിയിട്ടുണ്ട്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളായ കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം തുടങ്ങിയ മേഖലകളിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി പട്ടികവർഗ്ഗവികസനം, സമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും, ദാരിദ്ര്യനിർമ്മാർജ്ജനം, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നത്.

5 വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിഗണനാ വിഷയങ്ങളിൽ കമ്മിറ്റി ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും പട്ടികജാതി പ്രത്യേക ഘടക പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യമാണ്.

**ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതു ജനാരോഗ്യവും ആരോഗ്യ സേവനവും, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

ആരോഗ്യ, ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും നഗരസഭയിലെ മാലിന്യ സംസ്കരണ പദ്ധതികൾ പലതും സ്തംഭനാവസ്ഥയിലാണ്. തുമ്പൂർ മുഴി മാലിന്യ സംസ്കരണ പദ്ധതിക്കായി ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും പദ്ധതി ഇപ്പോഴും പ്രവർത്തനമാരംഭിച്ചിട്ടില്ല. ആലുവ അദ്വൈത ആശ്രമത്തിനോട് ചേർന്നുള്ള മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ നടപ്പിലാക്കിയ പദ്ധതികളുടെ മോണിട്ടറിങ്ങ് കാര്യക്ഷമമല്ല. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി,**

പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങളാണ് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി സ്റ്റാൻഡിങ്ങ് കമ്മിറ്റി വിലയിരുത്തിയതായി കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തൻവർഷം പൂർത്തിയാക്കാത്തതിനാൽ സ്പിൽ ഓവറായി 2025-26 സാമ്പത്തിക വർഷത്തിലും ഉൾപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച ചരിത്രം ആലുവ നഗരസഭക്കുണ്ട്. ആധുനിക സൗകര്യങ്ങൾ ഒന്നുമില്ലാത്ത സമയത്ത് വളരെ ചുരുങ്ങിയ സമയംകൊണ്ട് പൂർത്തീകരിച്ച നഗരസഭ ഓഫീസ് കെട്ടിടവും ടൗൺഹാളുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. നഗരസഭ ഏറ്റെടുക്കുന്ന ഏത് പ്രവൃത്തികളുടേയും സമയബന്ധിത പൂർത്തീകരണത്തിനും അതുവഴി നഗരസഭയുടെ സമഗ്രമായ പുരോഗതിയ്ക്കും എന്തുകൊണ്ടും ഉത്തേജകമാണ് മേല്പറഞ്ഞ ചരിത്രം.

പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമവും സമയ ബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ഇടപെടൽ ഉറപ്പു വരുത്തേണ്ടതുണ്ട്.

**വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

നഗരസഭയുടെ വിദ്യാഭ്യാസം, കലാകായിക വിനോദം, സംസ്കാരം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പരിഗണനാവിഷയങ്ങളിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഇടപെട്ടിട്ടുണ്ട്. നഗരസഭാ ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. നഗരസഭയുടെ സ്വന്തമായ

മുനിസിപ്പൽ ഗ്രൗണ്ട് സമീപകാലത്ത് നവീകരിച്ചത് നഗരസഭയുടെ കായിക മേഖലയ്ക്ക് ഉണർവ് പകരുന്നതാണ്.

**1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ വൻ തുക കുടിശ്ശിക**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക ആലുവ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ തനതു വരുമാനത്തിലെ പ്രധാന ഇനമാണ്. ബൈലോ പ്രകാരം പ്രതിമാസ വാടക അതാത് മാസം 5-ാം തീയതിക്കകം ഒടുക്കേണ്ടതാണ് അല്ലാത്തപക്ഷം ഈടാക്കുന്ന തീയതി വരെ 2% പ്രതിമാസ പലിശ ഈടാക്കേണ്ടതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകക്കാരിൽ നിന്നും വാടകക്കുടിശ്ശികയോടൊപ്പം പലിശ ഈടാക്കിയതിലെ അപാകതമൂലം നഗരസഭയ്ക്ക് 2,013 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

താഴെ ചേർക്കുന്ന വാടകക്കാരുടെ വാടകയിൽ 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഗണ്യമായ തുക കുടിശ്ശികയുണ്ട് .

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് - സ്കാവഞ്ചിങ്ങ് കോളനി**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | K.Bസുലൈമാൻ, കടവിൽ ഹൗസ് , നൊച്ചിമ | 04/2024 | 03/2025 | 457x12=5,484 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 2 | കെ.കെ.വിശ്വംഭരൻ, കുഴിക്കാട്ടുകടവിൽ | 04/24 | 03/25 | 3,064x12=36,768.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് - ന്യൂ സ്റ്റാന്റ് ബിൽഡിങ്ങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | C.R.ദിനേശ്, ചെമ്പകശ്ശേരി ഹൗസ്, വൈറ്റില | 04/2024 | 03/2025 | 3,964x12 = 47,568.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 2 | A.B.സന്തോഷ് | 03/2025 | | 4,014x1 =4,014.00 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാടക അടച്ചിട്ടുള്ളതാണ്. |
| 3 | കെ.ബി.ജയകുമാർ | 01/2025 | 03/2025 | 3,336x3 =10,008.00 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാടക അടച്ചിട്ടുള്ളതാണ്.. |

| | | | | | |
|---|---|---|---|---|---|
| 4 | ടി.എസ്.ഷഫീക്ക് | 04/2024 | 03/2025 | 1,584x12=19,008.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ഓൾഡ് ബസ് സ്റ്റാന്റ് ബിൽഡിങ്ങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1. | എ.കെ.അബ്ബാസ് | 01/2025 | 03/2025 | 5,807x3 = 17,421.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി ഷോപ്പിങ്ങ് കോംപ്ലക്സ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക(രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | കെ.എം. അബ്ദുൾ നാസർ | 04/2024 | 03/2025 | 1,062x12 = 12,744.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 2 | കെ.ഇ.ജോസ് | 04/2024 | 03/2025 | 1,020x12 = 12,240.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 3. | പി.പി.ആന്റണി | 08/2024 | 03/2025 | 1,070x8 = 8,560.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്യാറ്റിൽ മാർക്കറ്റ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | T.A.സലിം | 04/2024 | 03/2025 | 3,965x12 = 47,580.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – റസ്റ്റ് ഹൗസ് ബിൽഡിങ്ങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | സക്കീർ ഹുസൈൻ | 03/2025 | | 15,183x1= 15,183.00 | നൽകിയില്ല |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ ബിൽഡിങ്ങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | ജിന്റോ.P.D, പല്ലുവേട്ട | 04/2024 | 03/2025 | 18,283x12 = 2,19,396.00 | വാടക കുടിശ്ശിക വരുത്തിയതിനാൽ നഗരസഭ കടമുറി പൂട്ടി സീൽ വച്ചിട്ടുള്ളതും കണ്ടു കെട്ടിയ വസ്തുക്കൾ ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – രാജീവ് ഗാന്ധി ബസ് സ്റ്റാന്റ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വിപിൻ വർഗീസ് | 02/2025 | 03/2025 | 6,742x2 = 13,484.00 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാടക അടച്ചിട്ടുള്ളതാണ്. |

**ഷോപ്പിങ് കോംപ്ലക്സിന്റെ പേര് – SC/ST ബിൽഡിങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | പി.സി.കവിത | 09/24 | 03/25 | 2,548x7= 17,836.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 2 | കെ.വി.സുജ | 01/25 | 03/25 | 2,548x3 = 7,644.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 3 | ഉദയകുമാർ പുത്തൻപുരക്കൽ | 08/24 | 03/25 | 7,531x10 = 75,310.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |

**ഷോപ്പിങ് കോംപ്ലക്സിന്റെ പേര് – നെഹ്റു പാർക്ക് അവന്യൂ ബിൽഡിങ്**

| ക്രമ നം | വാടകക്കാരന്റെ പേര് | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|
| 1 | അബ്ദുൾ കരീം,മനയിൽ ഹൗസ് | 10/24 | 03/25 | 17,091x6= 1,02,546.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 2 | ഷൗക്കത്തലി,മുകളാർകുട്ടി | 02/25 | 03/25 | 17,091x2 = 34,182.00 | വാടക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| 3 | അനിതാകുമാരി.എം.ബി&ബിജു യു.ആർ | 02/25 | 03/25 | 3,700x2= 7,400.00 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാടക അടച്ചിട്ടുള്ളതാണ് |
| 4 | അനിതാകുമാരി,ഉഴിഞ്ഞേലിൽ | 12/2024 | 03/2025 | 3,700x4= 14,800.00 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാടക അടച്ചിട്ടുള്ളതാണ് |

2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമായ കുടിശ്ശിക വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഈ വാടകക്കാർ മേല്പറഞ്ഞ കുടിശ്ശിക തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കുന്നതിനും നിലവിലെ വാടക കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 27/ M3/2024-25 തീയതി 02.12.2025) നൽകിയ മറുപടി പരിഗണിച്ചാണ് ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്. വാടക സംബന്ധിച്ച് കേസ്സ് നിലവിലുള്ള വാടകക്കാരുടെ പേരുകളും കുടമുറി

നമ്പറുകളും വാടക കുടിശ്ശിക വിവരങ്ങളും ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയ മറുപടി പ്രകാരം

1) ന്യൂ സ്റ്റാൻഡ് ബിൽഡിങ്ങ്-റൂം നമ്പർ. 17

2) നെഹ്റു പാർക്ക് ബിൽഡിങ്ങ് റൂം നമ്പർ 206,306

3) മിനി മാർക്കറ്റ് -റൂം നമ്പർ-4

എന്നീ കട മുറികൾ ഒഴിഞ്ഞു കിടക്കുന്നതായി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശികയോടൊപ്പം ഈടാക്കുന്ന പിഴയുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.വാടക പിരിവ് ഓൺ ലൈൻ അല്ലാത്തതിനാൽ ഈടാക്കുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.വാടകക്കാരിൽ നിന്ന് ഈടാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-13 വിരമിച്ചിട്ടും നഗരസഭ ക്വാർട്ടേഴ്സിൽ ജീവനക്കാരുടെ താമസം - നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ – 2595457/24

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.02.2025 ലെ അജണ്ട 9 ൽ, നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാർ നഗരസഭാ ക്വാർട്ടേഴ്സിൽ താമസിച്ച് വരുന്നതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12/326 -ാം നമ്പർ ക്വാർട്ടേഴ്സിൽ 2022 മാർച്ചിൽ വിരമിച്ച ശ്രീ. ടി.രാജൻ എന്നയാളും 12/329 -ാം നമ്പർ ക്വാർട്ടേഴ്സിൽ 2023 മാർച്ചിൽ വിരമിച്ച ശ്രീ. കെ. അശോകൻ എന്നയാളും താമസിച്ച് വരുന്നതായാണ് ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/AO/2024-25 തീയതി 17.02.2026 ന് നഗരസഭ നൽകിയ മറുപടി ഇപ്രകാരമാണ്.

ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കൗൺസിൽ ചർച്ച ചെയ്ത് 21.05.25 ൽ ഇവർക്ക് നോട്ടീസ് നൽകുകയും ഇവരെ ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. രാജനിൽ നിന്നും 36 മാസത്തെ വാടകയും പിഴപ്പലിശയും അടക്കം 1,27,611 രൂപ, 2026 ഫെബ്രുവരി മാസം മുതൽ ഈടാക്കുന്നതിന് ഉത്തരവായതായും ശ്രീ. അശോകനിൽ നിന്ന് 24 മാസത്തെ വാടകയും പിഴപ്പലിശയും അടക്കം 82,026 രൂപ 2025 ജൂൺ മാസം മുതൽ ഈടാക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്.

ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരെ, വിരമിച്ച് നിശ്ചിത സമയപരിധിയ്ക്കകം ക്വാർട്ടേഴ്സിൽ നിന്നും ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 ഫെഡറൽ ബാങ്കിന് നൽകിയ വാടക മുറികളുടെ പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 10,754 രൂപ നഷ്ടം**

ആലുവ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ കെട്ടിടങ്ങളിൽ നിന്നാണ് പ്രധാനമായും വാടക പിരിവുള്ളത്. പ്രതിമാസ വാടക അതാത് മാസം 5 -ാം തിയതി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈടാക്കുന്ന തീയതി വരെ 2% പ്രതിമാസ പലിശയാണ് ഈടാക്കുന്നത്. റസ്റ്റ് ഹൗസ് ബൽഡിങ്ങിൽ ഫെഡറൽ ബാങ്ക് ലിമിറ്റഡിന് വാടകക്ക് നൽകിയിരിക്കുന്ന മുറികളുടെ വാടക ഈടാക്കിയതിൽ അപാകത കാണുന്നു.റസ്റ്റ് ഹൗസ് ബിൽഡിങ്ങിലെ 19, 20, 21, 23, 24 നമ്പർ മുറികളുടെ വാടക 04/24 മുതൽ 12/24 വരെ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.കുറവ് വന്ന തുക പിന്നീട് 22.03.2025 ൽ ഈടാക്കിയപ്പോൾ പിഴപ്പലിശ ഈടാക്കിയില്ല. ഈ ഇനത്തിൽ നഗരസഭയ്ക്ക് 10,754 രൂപ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-2 കാണുക.

**1-15 അങ്കണവാടികളുടെ വാടക സംബന്ധിച്ച്**

ആലുവ നഗരസഭയിൽ 2024-25 വർഷത്തിൽ 7 അങ്കണവാടി കെട്ടിടങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സർക്കാരിൽ നിന്നും പ്രത്യേകം നിർദ്ദേശമുണ്ടായിട്ടും നഗരസഭയിൽ ഇത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് അധിക വാടക നൽകുന്നതിനായി പ്രോജക്റ്റ് നമ്പർ 40 പ്രകാരം 3,00,000 രൂപ വകയിരുത്തിയിരുന്നു. ഈ പ്രോജക്റ്റിൽ നിന്നും 2,59,663 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിവിധ സമയങ്ങളിൽ മാറിയ 8 ട്രഷറി ബില്ലുകൾ പ്രകാരം നടത്തിയ ചെലവുകൾ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ഏത് ബില്ല് പ്രകാരമാണ് ഓരോ മാസത്തെയും അധിക വാടക നൽകിയതെന്ന് മനസ്സിലാക്കാൻ രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്നും സാധിക്കുന്നില്ല. ഓരോ അങ്കണവാടിയുടേയും വാർഷിക വാടക, വാർഷിക വാടക വർദ്ധനവ്, അധിക വാടക, എന്നിവ വ്യക്തമല്ല. കൂടാതെ വാടക വർദ്ധനവിന്റെ മാനദണ്ഡങ്ങളും വ്യക്തമല്ല. മേല്പറഞ്ഞ കാര്യങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2024-25 തീയതി 04.07.2025 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതും വാടക സംബന്ധിച്ച വിവരങ്ങൾ ശരിയായി രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-16 ജനറൽ മാർക്കറ്റ് - വാടകക്കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ**

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക ബൈലോ പ്രകാരം അതാത്

മാസം 5-ാം തീയതി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈടാക്കുന്ന തീയതി വരെ 2% പ്രതിമാസ പലിശയാണ് ഈടാക്കേണ്ടതാണ്. ജനറൽ മാർക്കറ്റിലെ വാടകക്കാരിൽ നിന്നും വാടകക്കുടിശ്ശികയോടൊപ്പം പലിശ ഈടാക്കിയതിലെ അപാകതമൂലം 1,385 രൂപ നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-3 കാണുക.

2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ജനറൽ മാർക്കറ്റിലെ വാടകക്കാരിൽ താഴെ ചേർക്കുന്ന വാടകക്കാർക്ക് ഗണ്യമായ തുക കുടിശ്ശികയുള്ളതായി കാണുന്നു.

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് -ഫിഷ് സ്റ്റാൾ പുനരധിവാസം**

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) |
|---|---|---|---|---|---|
| 1) | ടി.ജെ.ബെന്നി | 4,381 + GST | 06/2024 | 03/2025 | 4,381x10 = 43,810 |

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് -മട്ടൺ സ്റ്റാൾ പുനരധിവാസം**

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) |
|---|---|---|---|---|---|
| 1 | N.K.അബ്ദുൾ സുനീർ | 3,985 + GST | 07/2024 | 03/2025 | 4,979x9= 44,811 |

**പച്ചമീൻ ഗോഡൗൺ**

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|---|
| 1 | കെ.ഡി.സുനിൽ | 21,217 + GST | 04/2024 | 03/2025 | 21,217x12 = 2,54,604 | 01/2019 മുതൽ കുടിശ്ശികയുള്ളതാണ്. WP(C) 5295/21 നമ്പർ പ്രകാരം കേസ് നിലവിലുണ്ട്. നോട്ടീസ് നൽകിയിട്ടുള്ളതാണ്. |

**ഉണക്കച്ചെമ്മീൻ ഗോഡൗൺ**

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|---|
| 1 | റോസി അന്തപ്പൻ | 2,682 + GST | 04/2024 | 03/2025 | 2,682x12 = 32,184 | WP(c)17448/2018 പ്രകാരം കേസ് നിലവിലുള്ളതാണ്. 01/2019 മുതൽ വാടകക്കുടിശ്ശികയുണ്ട്. |

**മിനി മാർക്കറ്റ് ന്യൂ ബ്ലോക്ക് പുനരധിവാസം**

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) | മറുപടി |
|---|---|---|---|---|---|---|
| 1 | കെ.ആർ.സേവ്യർ | 2,279 + GST | 04/2024 | 03/2025 | 2,279x12 = 27,348 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. വാടക്കാരൻ 2013ൽ മരണപ്പെട്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. 10/2016 മുതൽ വാടകക്കുടിശ്ശിക ഉണ്ട്. |
| 2 | കെ.ടി ബാബു | 2,979 + GST | 04/2024 | 03/2025 | 2,979x12 = 35,748 | നോട്ടീസ് നൽകിയിട്ടുണ്ട്. |

**ജനറൽ മാർക്കറ്റ് – താൽക്കാലിക ഷെഡുകൾ (വെജിറ്റബിൾ)**

| ക്രമ നം | വാടകക്കാരന്റെ പേര് | സ്റ്റാൾ നം | പ്രതിമാസ വാടക | മുതൽ | വരെ | തുക (രൂപ) |
|---|---|---|---|---|---|---|
| 1 | സോജൻ | 42 | 556 + GST | 11/2024 | 03/2025 | 556x5 = 2,780 |
| 2 | മുഹമ്മദ് ഉവൈസ് | | 556 + GST | 04/2024 | 03/2025 | 556x 12 = 6,672 |
| 3. | ഹാഷിം.പി.എ | 7 | 556 + GST | 01/25 | 03/25 | 556x 3 = 1,668 |

2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഈ വാടകക്കാരിൽ നിന്ന് മേല്പറഞ്ഞ കുടിശ്ശിക തുക ഈടാക്കി ആയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 28/M3/2024-25 തീയതി 04.12.2025) മറുപടിയായി ഇതുവരെ ഈടാക്കിയ കുടിശ്ശികയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കേസിൽ ഉൾപ്പെടാത്ത കടമുറികളുടെ കുടിശ്ശിക തുക ഈടാക്കേണ്ടതും തുക ഈടാക്കാൻ കഴിയാത്ത കേസുകളിൽ ബൈലോ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം ഈടാക്കിയിട്ടില്ല**

കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന ലഭ്യമാക്കിയ നഗരസഭയിലെ വിവിധ മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയം, നികുതി പിരിവ്, കെട്ടിട ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ

ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെട്ട വാർത്താവിനിമയ സേവനദാതാക്കൾ മുഴുവൻ തുകയും ഒടുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | കെട്ടിട നമ്പർ | സേവന ദാതാവിന്റെ പേര് | തറവിസ്തീർണ്ണം ($M^2$) | കെ -സ്മാർട്ട് പ്രകാരം നിർണ്ണയിച്ച വാർഷിക വസ്തു നികുതി (രൂപ) | കെ -സ്മാർട്ട് പ്രകാരം വസ്തുനികുതി കുടിശ്ശിക (രൂപ) |
|---|---|---|---|---|---|---|
| 1 | 11 | 164/3 | GTL Infrastructure Ltd | 23.82 | 19,029.00 | 1,44,813.00 |
| 2 | 11 | 167 | Abdul Karim, Firoze, Ashar, Kaulath, Subaida, Fathima, Safiya, Jameela, Asma, Rasiya, T S Moosa Haji | 23.23 | 17,012.00 | 1,07,419.00 |
| 3 | 11 | 167/1 | Indus Towers Ltd. | 25.42 | 20,306.00 | 2,33,473.00 |
| 4 | 11 | 168 | Abdul Karim, Firoze, Ashar, Kaulath, Subaida, Fathima, Safiya, Jameela, Asma, Rasiya, T S Moosa Haji | 23.23 | 17,012.00 | 1,07,419.00 |
| 5 | 11 | 168/1 | Indus Towers Ltd. | 25.42 | 20,306.00 | 2,33,473.00 |
| 6 | 11 | 170 | Abdul Karim, Firoze, Ashar, Kaulath, Subaida, Fathima, Safiya, Jameela, Asma, Raziya, T S Moosa Haji | 23.23 | 17,012.00 | 1,07,419.00 |
| 7 | 11 | 617/1 | Chennai Infrastructure Ltd. | 8.03 | 6,415.00 | 51,589.00 |
| 8 | 19 | 358 | M/S Reliance Information Ltd. | 2.115 | 1,553.00 | 9,800.00 |
| 9 | 20 | 842 | Bharathi Infrared Ltd. | 16 | 9,586.00 | 1,08,603.00 |
| 10 | 20 | 858 | M/S Reliance Jio Infotech Ltd. | 24.2 | 19,332.00 | 55,277.00 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 23 | 1337 | Indus Tower Ltd. | 22.29 | 17,808.00 | 1,12,442.00 |
| 12 | 24 | 419 | M/S Tower Vision India Private Ltd. | 12 | 9,586.00 | 1,30,729.00 |
| | | | | | | **14,02,456.00** |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ വ്യവഹാരം ആദ്യം നടത്താവുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാവുന്നതോ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിനുശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരം നടത്തുകയോ യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിരിക്കുന്ന ടവറുകളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നാൽ ആയത് കാലഹരണപ്പെട്ട് പോവുകയും മുനിസിപ്പാലിറ്റിയുടെ പ്രധാന വരുമാനത്തിൽ ഇടിവ് ഉണ്ടാവുകയും ചെയ്യും. ഇത്തരത്തിൽ വരുമാനത്തിൽ കുറവ് സംഭവിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ കെ-സ്മാർട്ട് പ്രകാരം നികുതി നിശ്ചയിക്കേണ്ട എല്ലാ ടവറുകളേയും നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ/ഇല്ലയോ എന്ന വിവരവും, വസ്തുനികുതി നിർണ്ണയം നടത്തി മേൽ കുടിശ്ശിക നികുതി ഈടാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ, ഓഡിറ്റ് അന്വേഷണം നം. 20/M1/2024-25 തീയതി 28.10.2025 – ന് മറുപടി നൽകിയിട്ടില്ല. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന മൊബൈൽ ടവറുകളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി കുടിശ്ശിക തുക കൃത്യമായി കണക്കാക്കി ഈടാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 സൂപ്പർമാർക്കറ്റുകളുടെ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക**

കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2024-25 വർഷത്തെ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം, നികുതി പിരിവ് എന്നീ വിവരങ്ങൾ പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകളുടെ വസ്തു നികുതി ഇനത്തിൽ ഗണ്യമായ തുക കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം ($M^2$) | കെ -സ്മാർട്ട് പ്രകാരം നിർണ്ണയിച്ച വാർഷിക വസ്തു നികുതി (രൂപ) | കെ -സ്മാർട്ട് പ്രകാരം വസ്തുനികുതി കുടിശ്ശിക (രൂപ) |
|---|---|---|---|---|---|---|
| 1. | 8 | 622 | ഖാലിദ് പി.എം., അബ്ദുൾ അസീസ് പി.എം, അബ്ദുൾ സമദ് പി.എം., അബ്ദുൾ റസാഖ് പി.എം. | 220 | 6,753.00 | 30,970.00 |
| 2. | 8 | 1413 | പി.ഒ.ജോസ് ടെസ്സി ,ജോസ് ജിൻസൺ, ആന്റണി ഷിബു, ഔസേപ്പ് ഷാജി, ഔസേപ്പ് സാന്റി, ഔസേപ്പ്. | 169.59 | 29,805.00 | 85,224.00 |
| 3. | 9 | 64 | ഫാത്തിമ ഹബീബ് | 599.82 | 14,778.00 | 42,256.00 |
| 4. | 10 | 328 | ഡൈന ഡേവിഡ്, എസ്. വിവേക്, ശ്രീതു എസ്.ആർ | 173.23 | 28,923.00 | 82,702.00 |
| 5. | 10 | 329 | ഡൈന ഡേവിഡ്, എസ്. വിവേക്, ശ്രീതു എസ്.ആർ | 173.23 | 27,400.00 | 78,345.00 |
| 6. | 11 | 677/2 | നവാസ് താഹിറ, നൗഷാദ്, അബ്ദുൾ അസീസ്, മുഹമ്മദ് റാഫി | 425.41 | 90,333.00 | 2,17,330.00 |
| 7. | 11 | 677/3 | നവാസ് താഹിറ, നൗഷാദ്, അബ്ദുൾ അസീസ്, മുഹമ്മദ് റാഫി | 421.42 | 85,014.00 | 1,25,495.00 |
| 8. | 19 | 42/1 UA | പി.കെ.സിദ്ദീഖ്, പി.കെ.ഹമീദ്, പി.കെ.കുഞ്ഞുമുഹമ്മദ് | 375 | 1,64,746.00 | 6,13,389.00 |
| 9. | 21 | 134 | മുഹമ്മദ് ബഷീർ | 298.83 | 41,576.00 | 81,171.00 |
| 10. | 22 | 241/10/6 | സി മുരളീധരൻ | 918.66 | 1,75,564.00 | 1,83,337.00 |
| 11. | 23 | 224/5 | കുഞ്ഞുമുഹമ്മദ് കെ.പി. | 453 | 89,558.00 | 2,59,894.00 |

| | | | | | | |
|---|---|---|---|---|---|---|
| 12. | 23 | 224/7 | കുഞ്ഞുമുഹമ്മദ് കെ.പി | 692.39 | 1,06,466.00 | 4,83,849.00 |
| 13. | 24 | 429 | എം.ഡി ബിജോയ് | 233.28 | 17,655.00 | 26,061.00 |

നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിരിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നാൽ ആയത് കാലഹരണപ്പെട്ട് പോവുകയും മുനിസിപ്പാലിറ്റിയുടെ പ്രധാന വരുമാനത്തിൽ ഇടിവ് ഉണ്ടാവുകയും ചെയ്യും. ഇത്തരത്തിൽ വരുമാനത്തിൽ കുറവ് സംഭവിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ വസ്തുനികുതി നിർണ്ണയം നടത്തി മേൽ കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/M1/2024-25 തീയതി 24.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽമേൽ വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-19 ടെണ്ടർ ഫീസ് തുക സമയബന്ധിതമായി നഗരസഭ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ – ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ സ്വീകരിക്കുന്നതിലേക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് 28.09.2013 ലെ സ.ഉ.(എം.എസ്)318/13/ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. ടെണ്ടർ നടപടി പൂർത്തീകരിക്കുന്ന മുറക്ക് ഇ.എം.ഡി തുക ബിഡ്ഡറുടെ അക്കൗണ്ടിലേക്ക് തിരികെ പോകുന്ന രീതിയിലാണ് ഇ- ടെണ്ടർ നടപടികൾ ക്രമീകരിച്ചിരിക്കുന്നത്. ഇതുപ്രകാരം ഈ അക്കൗണ്ടിൽ ശേഷിക്കുന്ന തുക ടെണ്ടർ ഫീസ് ഇനത്തിലുള്ളതാണ്. ടെണ്ടർ ഫീ തനത് വരുമാനമായതിനാൽ നഗരസഭാ ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. ആലുവ നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ SBT ആലുവ ബ്രാഞ്ചിൽ മേൽപറഞ്ഞ രീതിയിൽ ആരംഭിച്ച A/C No. 67278795208 ൽ 1,15,252 നീക്കിയിരിപ്പുണ്ടായിരുന്നതിൽ 20.07.2022 തീയതിയിൽ 75,000 രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. നാളിതുവരെ ഈ അക്കൗണ്ടിൽ നിന്നും ബാക്കി 40,252 രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 05.12.2025 തീയതിയിൽ പലിശയുൾപ്പെടെ 3,96,183 രൂപയാണ് അക്കൗണ്ടിലെ നീക്കിയിരിപ്പ്. ഈ അക്കൗണ്ടിലെ നീക്കിയിരിപ്പുള്ള ടെണ്ടർ ഫീ തുക മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി 33/M2/2024-25

തീയതി 12.01.2026 മുഖേന മുനിസിപ്പൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തുക നഗരസഭാ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 നിരവധി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 245 മുതൽ 256 വരെ, 2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ – ചട്ടം 3 പ്രകാരം സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയ വിവരം (സ്ഥാപനങ്ങളുടെ പേരിനു നേരേ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുമ്പോൾ അടവാക്കുന്ന തുകയും ബന്ധപ്പെട്ട രസീത് നമ്പരും) മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരും ഒടുക്കേണ്ട തൊഴിൽനികുതി, ഒടുക്കിയ തൊഴിൽ നികുതി, കുടിശ്ശിക തുക എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. ഓരോ സ്ഥാപനത്തിലെയും ആകെ ഒടുക്കിയ കളക്ഷൻ തുകയും രസീത് നമ്പരും മാത്രമാണ് രജിസ്റ്ററിൽ ഉള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/M2/2024-25 തീയതി 31.10.2025 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതും പ്രവർത്തനം അവസാനിപ്പിച്ചതും ജീവനക്കാരില്ലെന്ന് ബോധ്യമായതുമായ സ്ഥാപനങ്ങളെ ഒഴിവാക്കിയ ശേഷം കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വിവരം (അർദ്ധ വർഷം) |
|---|---|---|---|
| 1 | 342 | ഭാരതി മെഡിക്കൽസ് | I & II |
| 1 | 393, 394 | Oscar Used Car Vehicles | I & II |
| 1 | 447 | Dental Kingdom | I & II |
| 1 | – | The Ultimate Car Pro Details | I & II |

| | | | |
|---|---|---|---|
| 1 | 288 | Q LIFE Pharms | I & II |
| 1 | 374 | Abdul Sathar, Al-Saj Food Products | I & II |
| 1 | 432 | Bhavana Reginesh, Euro Dream(P) Ltd | I & II |
| 1 | 517(3) | Sanjay Manchatti Restaurant | I & II |
| 1 | 517 | Abbay Apparels | I & II |
| 1 | 517 (6,7,8,9) | Subair K.S., Alma Laundary | I & II |
| 2 | - | SN Press | I & II |
| 2 | 170(2) | Life Homeo Clinic | I & II |
| 7 | --- | Zyra Boutique | I & II |
| 9 | --- | M/S Ahalya Money Exchange Financial (P) Ltd | I & II |
| 8 | 1286 | Manager, Yogakshemam Loans Ltd | II |
| 8 | ---- | Manager, KR Bakers | I |
| 8 | 11/.... | Principal, Ideal Institute | I & II |
| 8 | --- | M/S Sreejith & Associates, CA, Royal Plaza | I & II |
| 8 | ---- | Unitech Software (P) Ltd | I & II |
| 8 | --- | Thomas & Associates, Accounts & Tax Practitioners | II |
| 8 | --- | Binil Baby, Omkar House Keeping Agency | I & II |
| 8 | --- | Binu Driving School | I & II |
| 8 | --- | Sankers Gold Smith | I & II |
| 8 | --- | Dr.Nadeena's Clinic | I & II |
| 8 | --- | New Rani Jewellery | I & II |

| | | | |
|---|---|---|---|
| 8 | --- | Aflah Jewellery | I & II |
| 8 | --- | Managing Partner, Galaxy Financiers | I & II |
| 8 | --- | Million Gold & Diamonds | I & II |
| 8 | --- | M/S Yogakshemam Group Gold Loan | I & II |
| 8 | --- | Akbar Travels Of India (P) Ltd | II |
| 8 | --- | Sathee Devi T.A., Sound Waves Speech & Hearing | I & II |
| 9 | 405 | Fashion Paints | I & II |
| 9 | 97,98 | Grand Bakery | I & II |
| 9 | 263(2) | Dominos Pizza Restaurant | I & II |
| 9 | 373, 374, 375 | Sajeevan Sports Items | I & II |
| 9 | 487 | Palace View Mart | I & II |
| 9 | --- | SIJIS PIZZA STREET | I & II |
| 10 | ---- | The Manager, Anwar Hospital | I & II |
| 10 | --- | The Inspector, Asst Commissioner (Intelligence Department Of Tax) | I & II |
| 10 | --- | Manager, Kerala State Housing Corporation Ltd | I & II |
| 10 | ----- | Manager, KLM Fincorp | I & II |
| 10 | ---- | Manager, ABT Parcel Service | I & II |
| 10 | ---- | Alleppy Parcel Service | I & II |
| 10 | --- | The Federal Bank Ltd | I & II |
| 10 | 125 | K.H. Shaji, Seema Mehandi | I & II |
| 10 | 404 | Shihab, Signorah Health Care | II |
| 10 | 437 | Travancore FACT Agro Service | I & II |

| | | | |
|---|---|---|---|
| | | Centre | |
| 10 | --- | Pooja Traders | I & II |
| 11 | ---- | Bata Shoes (Quess Corporation Ltd) | II |
| 11 | ---- | Integrated Consulting Inn Facilitation & PAN Centre | I & II |
| 11 | 397, 397 (1) | Manager, CC Mathappan Co, | I & II |
| 11 | ---- | Manager, Hotel Aryas | I & II |
| 11 | 684, 385 | Libas Textiles | II |
| 11 | 982(1) | Ideal Technical Institute, Janatha Road Aluva | I & II |
| 11 | --- | Sangeeth Nidhi Ltd | II |
| 11 | ----- | Rose Manual, Travel Agency | I & II |
| 11 | 394 | Thettayil Finance | I & II |
| 11 | 632 | Muhammed Salim Pets Shop | I & II |
| 11 | 673(2) | Bachala Bazar | I & II |
| 11 | 688, 689, 692 | K.M. Marketing Hardware | I & II |
| 11 | ---- | The Central Finance Credit & Investment Co-Op India (P) Ltd | II |
| 12 | --- | Assistant Engineer, Life Iriigation Section , Aluva | II |
| 12 | --- | Assistant Engineer, Irigation Section | II |
| 13 | --- | Kerala Refactories & Installations | I & II |
| 11 | ---- | Indus Ind Marketing & Financial Services Ltd | I & II |

| | | | |
|---|---|---|---|
| 15 | --- | Assistant Engineer, PWD Building Section | I & II |
| 15 | --- | Asst. Ex. Engineer, PWD Building Sub Division | I & II |
| 15 | --- | Sub Divisional Engineer, Digital Tax Microwave Compound | I & II |
| 15 | --- | Assistant Engineer,PWD Bridge Section | I |
| 19 | ---- | GR Mech Engineering And Consultancy | I |
| 20 | --- | Additional Inspector Of Factories | II |
| 20 | ---- | Inspector Of Factories & Boilers Gr.I, Aluva | II |
| 20 | --- | Manager, UCO Bank | I & II |
| 20 | --- | Manager, Breeze Hotel | I & II |
| 20 | --- | Manger Hotel Sagar | I & II |
| 20 | --- | Co-Operative Department Store | II |
| 20 | --- | Sahayee Mobiles | I & II |
| 20 | - | Al-Ameen Multi Speciality Dental Clinic | I & II |
| 20 | --- | Kallens Jewellery | I & II |
| 20 | --- | T.K. Associates | I & II |
| 20 | --- | Deva Pharma | I & II |
| 20 | --- | Evishion Trade Link | I & II |
| 20 | --- | Cochin Trade Wings | I & II |
| 20 | --- | Cochin Trade Wings | I & II |

| | | | |
|---|---|---|---|
| 20 | --- | Cochin Traders | I & II |
| 20 | --- | Kareem Grand Residency | I & II |
| 20 | --- | Hotel Ifthar | I & II |
| 20 | 670 | Hotel Sharavana | I & II |
| 20 | --- | Zaithoon Hotel | I & II |
| 20 | --- | Belstar Micro Finance Ltd | II |
| 21 | 282(6) | Golvin Jose, Managing Partner, Jay Bee Realtors | II |
| 21 | 331 | Venture Motors, Aluva | I & II |
| 21 | 128 | Manager, Bharath Petroleum | I & II |
| 21 | 222 | G.Venugopal Kammath & Co | II |
| 21 | ---- | Proprietor, Arya Banay Honda | I & II |
| 21 | 221 | Sons India | II |
| 21 | ---- | Muhammed Basheer, Navarang Traders | I & II |
| 21 | ---- | Thooba Motors – Escooters | II |
| 21 | 248 | Nidhi George – To Tier | I & II |
| 21 | 249 | To Kalev Exports, Abdul Sathar | I & II |
| 21 | 332 | Indian Traders | I & II |
| 22 | 241(1) | Manager , Rajadhani Developers | I & II |
| 22 | --- | Antony Ashby, KFC Restaurant | I & II |
| 22 | --- | Anil Fun Fan Fitness Centre | I & II |
| 22 | --- | Pathirakozhi Restaurant | II |
| 23 | 250(1) | Gowri Krishna Hotel | I & II |
| 23 | --- | M.K. Saithu, Fruits Wholesale | I & II |

| | | | |
|---|---|---|---|
| 23 | 879 | Shameem M.K.,Thalassery Hotel | I & II |
| 23 | 115 | Abdul Kareem, KAP Fruit Stall | I & II |
| 23 | ---- | A.A. Prince, Palackal Brothers | I & II |
| 23 | 699 | Vigin Kumar, Linen Club | I & II |
| 23 | 132 | Studio Lumen Lighting Design PVT Ltd | I |
| 24 | 390(1, 2, 3, 4) | Manager, Chaithram Foods | I & II |
| 24 | 388 | Manager, Five Star Chips | I & II |
| 24 | ---- | Vijaya Dental Clinic | I & II |
| 24 | --- | Lets Eat Bakers | I & II |
| 24 | ---- | Glodient Multy Speciality Dental Clinic | I & II |
| 26 | --- | S.I. Capital Financial Service Ltd | I & II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിക്കുന്നുണ്ട്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. നിരവധി സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കുവരുത്തിയെന്ന സാക്ഷ്യപത്രം നല്കാതെ ശമ്പളം മാറാൻ കഴിയില്ലെന്നിരിക്കെ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നത് പ്രത്യേകം പരിശോധിക്കപ്പെടേണ്ടതാണ്.

**1-21 തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 245 പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ അറുപതു ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ്സ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ പരിധിക്ക് വെളിയിൽ ബിസിനസ്സ് നടത്തുകയും, എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ്സ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ, ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ അറുപത്

ദിവസ്സത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും ചട്ടങ്ങളനുസരിച്ച് കണക്കാക്കിയ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ആലുവ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ മേല്പറഞ്ഞ പ്രകാരം ബിസ്സിനസ്സ് നടത്തിയിരുന്ന നിരവധി വ്യാപാര സ്ഥാപനങ്ങളിൽനിന്നും ചട്ടപ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 26 വാർഡുകളിലായി ആയിരത്തിലധികം സ്ഥാപനങ്ങളുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി വാർഡ് 8 ൽ 169, വാർഡ് 23 ൽ 152, വാർഡ് 20 ൽ 81 എന്നിങ്ങനെ 26 വാർഡുകളിലും നിരവധി വ്യാപാരികളുടെ തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 11.02.2026 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 47/M2/2024-25 നുള്ള മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ പേരുള്ള വ്യാപാരികൾ പലരും നികുതി ഒടുക്കിയിട്ടുള്ളതാണെന്നും ഒടുക്കുവിവരങ്ങൾ കണ്ടെത്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ഏറെ സമയം ആവശ്യമാണെന്നും മറുപടി നൽകിയിരിക്കുന്നു. തുക അടവാക്കുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അല്ലാത്തവർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറിയിൽ പറയുന്ന വ്യാപാരികൾ തുക ഒടുക്കിയിട്ടുണ്ടെങ്കിൽ, രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ബോധ്യപ്പെടുത്തണമെന്നും നികുതി ഒടുക്കാത്തവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

1-22 പ്രിയദർശിനി ടൗൺ ഹാൾ വാടകക്ക് നൽകുന്നില്ല - നഗരസഭക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം

ഫയൽ നം-ആർ-1 9351/23

എറണാകുളം ജില്ലയിലെ പ്രധാന വ്യവസായ കേന്ദ്രമായിരുന്ന ആലുവയുടെ ഹൃദയഭാഗത്ത് പല ചരിത്ര പ്രധാന സമ്മേളനങ്ങൾക്കും വേദിയായിരുന്ന പ്രിയദർശിനി ടൗൺ ഹാൾ നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സ് കൂടിയായിരുന്നു. എന്നാൽ കെട്ടിടത്തിന്റെ പലഭാഗങ്ങളും അപകടാവസ്ഥയിലായതിനെ തുടർന്ന് 2023 ജൂലൈ മാസം മുതൽ ഈ ടൗൺഹാൾ വാടകക്ക് നൽകുന്നില്ല.

ഓഡിറ്റോറിയത്തിന്റെ മുൻവശത്തെ വാതിലിന്റെ ആസ്ബെറ്റോസ് ഷീറ്റ് തകർന്നതിനെ തുടർന്ന്

മഴക്കാലത്ത് അകത്തേക്ക് വെള്ളം കയറുന്നതായും സ്റ്റേജിന് മുകളിൽ ചോർച്ചയുള്ളതായും 2023 - ൽ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരിഭാഗം ലൈറ്റുകളും ഫാനുകളും കത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രിയദർശിനി ടൗൺ ഹാളിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാൻ 07.07.2023 ൽ സെക്രട്ടറി, എഞ്ചിനീയറിങ്ങ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 29.07.2023 മുതൽ ടൗൺ ഹാൾ ബുക്കിങ്ങ് നിർത്തി വച്ചു.

എന്നാൽ ടൗൺ ഹാളിന്റെ നവികരണ പ്രവൃത്തി ടെൻഡർ ചെയ്തത് 2024-25 സാമ്പത്തിക വർഷത്തിലാണ് . പതിനഞ്ച് ലക്ഷം രൂപ അടങ്കൽ തുകയായി 21.03.2025 ൽ ആരംഭിച്ച പ്രൊജക്റ്റ് 25.05.2025 ൽ പൂർത്തിയാക്കി. 28.07.2025 ലെ 152910 നമ്പർ ചെക്ക് പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടും നാളിതു വരെ ടൗൺ ഹാൾ ബുക്കിങ്ങ് ആരംഭിച്ചിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ പ്രിയ ദർശിനി ടൗൺ ഹാൾ രണ്ടു വർഷത്തിലധികമായി വാടകക്ക് നൽകാൻ കഴിയാത്ത അവസ്ഥയിലാണെന്നുള്ളത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ നഗരസഭ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്നതിന് തെളിവാണ്.

പ്രിയദർശിനി ടൗൺ ഹാൾ വാടക്ക് നൽകുന്നത് നിർത്തിവച്ചതിന് ശേഷം നഗരസഭയുടെ തനത് വരുമാനത്തിലുണ്ടായ കുറവ് ചുവടെ ചേർക്കുന്നു

| ക്രമ നം | സാമ്പത്തിക വർഷം | ടൗൺ ഹാൾ വാടക (Receipt &Payment Schedule പ്രകാരം) (രൂപ) |
|---|---|---|
| 1 | 2018-19 | 22,47,100 |
| 2 | 2019-20 | 23,20,074 |
| 3 | 2020-21 &2021-22 | Covid Restrictions |
| 4 | 2022-23 | 11,80471 |
| 5 | 2023-24 | 9,09,000 |
| 6 | 2024-25 | 11,65,000 |

ടൗൺ ഹാൾ വാടക ഇനത്തിൽ ഗണ്യമായ കുറവുള്ളതായി പട്ടികയിൽ നിന്ന് വ്യക്തമാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നഗരസഭയുടെ വരുമാന സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. പ്രിയദർശിനി ടൗൺ ഹാളിന്റെ ബുക്കിങ്ങ് പുനരാരംഭിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 കെ സ്മാർട്ട് പേയ്മെന്റ് വൗച്ചറുകൾ-ക്രമ നമ്പർ നൽകിയതിൽ അപാകത**

ആലുവ നഗരസഭയിൽ 01.01.2024 മുതൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തെ എല്ലാ പേയ്മെന്റുകളും കെ.സ്മാർട്ട് ചെലവ് വൗച്ചറുകൾ വഴിയാണ് നടത്തേണ്ടത്.എന്നാൽ ചെലവ് വൗച്ചറുകളുടെ പരിശോധനയിൽ ക്രമ നമ്പർ അടിസ്ഥാനത്തിൽ ക്രമീകരിക്കുമ്പോൾ എല്ലാ വൗച്ചറുകളും ലഭ്യമാകുന്നില്ല. ലഭ്യമാകാത്ത വൗച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേയ്മെന്റ് വൗച്ചർ നം |
|---|---|
| 1 | M0070800-24000016 |
| 2 | M0070800-24000035 |
| 3 | M0070800-24000037 |
| 4 | M0070800-24000084 |
| 5 | M0070800-24000098 |
| 6 | M0070800-24000131 |
| 7 | M0070800-24000136 |
| 8 | M0070800-24000138 |
| 9 | M0070800-24000139 |
| 10 | M0070800-24000140 |
| 11 | M0070800-24000173 |
| 12 | M0070800-24000257 |
| 13 | M0070800-24000258 |
| 14 | M0070800-24000259 |
| 15 | M0070800-24000287 |
| 16 | M0070800-24000366 |
| 17 | M0070800-24000367 |
| 18 | M0070800-24000368 |
| 19 | M0070800-24000396 |

| | |
|---|---|
| 20 | M0070800-24000468 |
| 21 | M0070800-24000469 |
| 22 | M0070800-24000470 |
| 23 | M0070800-24000493 |
| 24 | M0070800-24000579 |
| 25 | M0070800-24000580 |
| 26 | M0070800-24000581 |
| 27 | M0070800-24000598 |
| 28 | M0070800-24000634 |
| 29 | M0070800-24000667 |
| 30 | M0070800-24000668 |
| 31 | M0070800-24000669 |
| 32 | M0070800-24000699 |
| 33 | M0070800-24000721 |
| 34 | M0070800-24000791 |
| 35 | M0070800-24000792 |
| 36 | M0070800-24000793 |
| 37 | M0070800-24000897 |
| 38 | M0070800-24000898 |
| 39 | M0070800-24000899 |
| 40 | M0070800-24000991 |
| 41 | M0070800-24001002 |
| 42 | M0070800-24001018 |
| 43 | M0070800-24001019 |
| 44 | M0070800-24001020 |

| | |
|---|---|
| 45 | M0070800-24001088 |
| 46 | M0070800-24001116 |
| 47 | M0070800-24001117 |
| 48 | M0070800-24001118 |

കെസ്മാർട്ട് സോഫ്റ്റ്‌വെയറിൽ മേൽ സൂചിപ്പിച്ച വൗച്ചർ നമ്പറുകൾ ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം എം3/51/2024-25 തീയതി 19.02.2026)മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകൾ ലഭ്യമല്ലാത്തതിന് എന്തെങ്കിലും സാങ്കേതിക കാരണങ്ങളുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഐ.കെ.എം നെ ബന്ധപ്പെട്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

1-24 വാഹനങ്ങളുടെ പരിപാലനം -വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം VEELS-ൽ വാഹന സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കുന്ന വാഹനങ്ങളെയും, ഡ്രൈവർമാരെയും സംബന്ധിച്ച വിവരങ്ങൾ വീൽസ് ഡാറ്റാബേസിൽ (Www.Veels.Kerala.Gov.In) ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വീഴ്ച വരുത്തിയതിനാൽ ഇത് സംബന്ധിച്ച് സർക്കുലർ നം 103/2021/ധന തീയതി 02/11/2021 പ്രകാരം പുറപ്പെടുവിച്ച തുടർനിർദ്ദേശങ്ങളിൽ VEELS ൽ വിവരങ്ങൾ ചേർക്കാത്ത വാഹനങ്ങളും ഡ്രൈവർമാരുമായി ബന്ധപ്പെട്ട യാതൊരു ചെലവും അംഗീകരിക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ദിവസ വേതന കരാർ ജീവനക്കാർ ഉൾപ്പെടെ ഡ്രൈവർമാർക്ക് വേതനം അനുവദിക്കുന്നതിന് മുൻപ് അവർ ഉപയോഗിച്ച് വരുന്ന വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും VEELS ൽ ഉൾപ്പെടുത്തി എന്ന് കൺട്രോളിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

ആലുവ നഗരസഭയിലെ വാഹനങ്ങൾ VEELS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 44/M3/2024-25/05.02.2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് കൺട്രോളിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

1-25 വാഹനങ്ങളുടെ പരിപാലനം -രേഖകൾ സുതാര്യമല്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയ്ക്ക് കസ്റ്റോഡിയൻ ഓഫീസർ ചുമതലക്കാരനായിരിക്കുന്നതാണ്. ഓരോ വാഹനത്തിന്റെയും ലോഗ് ബുക്ക് സൂക്ഷിക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസർ ആണ്. ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻഅർദ്ധവർഷത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ച് കസ്റ്റോഡിയൻ ആഫീസർ ഫിനാൻസ് സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.കസ്റ്റോഡിയൻ ആഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും, പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ആലുവ നഗരസഭയിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽതാഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

യാത്രയെ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് ,റിപ്പയർ ജോലികൾ എന്നിവയുടെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.ഫ്യൂവൽ അക്കൗണ്ട് എല്ലാ ലോഗ്ബുക്കുകളിലും കൃത്യമായി രേഖപ്പെടുത്തുന്നില്ല. KL-41 F 9999 ഇന്നോവ വാഹനം അവധിദിവസങ്ങളടക്കം യാത്ര നടത്തുകയും ദിവസ വേതനാടിസ്ഥാനത്തിൽ ഈ ദിവസങ്ങളിൽ ഡ്രൈവർമാർക്ക് വേതനമനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യാത്ര തുടങ്ങിയ സ്ഥലം ,സമയം ,യാത്രയുടെ ഉദ്ദേശ്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യാത്ര ചെയ്ത തീയതി(അവധി ദിനങ്ങൾ) | യാത്ര ആരംഭിച്ചപ്പോഴുള്ള കി.മീ റീഡിങ്ങ് | യാത്ര അവസാനിച്ചപ്പോഴുള്ള കി.മീ റീഡിങ്ങ് | യാത്ര ചെയ്ത ദൂരം(കി.മീ) |
|---|---|---|---|---|
| 1 | 10/04/24 | 245760 | 245800 | 40km |
| 2 | 13/04/24 | 245977 | 246042 | 65km |
| 3 | 14/04/24 | 246042 | 246132 | 90km |

| | | | | |
|---|---|---|---|---|
| 4 | 21/04/24 | 246864 | 246894 | 30 Km |
| 5 | 28/04/24 | 247164 | 247214 | 50 Km |
| 6 | 28/04/24 | 247214 | 247255 | 41 Km |
| 7 | 28/04/24 | 247255 | 247285 | 30km |
| 8 | 01/05/24 | 247400 | 247420 | 20km |
| 9 | 01/05/24 | 247420 | 247445 | 25km |
| 10 | 01/05/24 | 247445 | 247453 | 8km |
| 11 | 05/05/24 | 247840 | 247875 | 35km |
| 12 | 05/05/24 | 247875 | 247915 | 40km |
| 13 | 05/05/24 | 247915 | 247935 | 20km |
| 14 | 11/05/24 | 249061 | 249111 | 50km |
| 15 | 11/05/24 | 249111 | 249191 | 80km |
| 16 | 12/05/24 | 249191 | 249236 | 45km |
| 17 | 12/05/24 | 249236 | 249261 | 25km |
| 18 | 19/05/24 | 249738 | 249788 | 50km |
| 19 | 19/05/24 | 249788 | 249808 | 20km |
| 20 | 26/05/24 | 250377 | 250392 | 15km |
| 21 | 26/05/24 | 250392 | 250402 | 10km |
| 22 | 02/06/24 | 251000 | 251010 | 10km |
| 23 | 08/06/24 | 251802 | 251845 | 43km |
| 24 | 08/06/24 | 251845 | 251875 | 30km |
| 25 | 09/06/24 | 251275 | 251295 | 20km |
| 26 | 09/06/24 | 251895 | 251915 | 20km |
| 27 | 16/06/24 | 252216 | 252266 | 50km |
| 28 | 23/06/24 | 253055 | 253085 | 30km |

| | | | | |
|---|---|---|---|---|
| 29 | 30/06/24 | 253536 | 253596 | 60km |
| 30 | 30/06/24 | 253596 | 253632 | 36km |
| 31 | 30/06/24 | 253632 | 253662 | 30km |
| 32 | 07/07/24 | 254313 | 254348 | 35km |
| 33 | 07/07/24 | 254348 | 254384 | 36km |
| 34 | 14/07/24 | 254911 | 254936 | 25km |
| 35 | 14/07/24 | 254936 | 254966 | 30km |
| 36 | 21/07/24 | 255896 | 255946 | 50km |
| 37 | 21/07/24 | 255946 | 255993 | 47km |
| 38 | 28/07/24 | 256800 | 256830 | 30km |
| 39 | 28/07/24 | 256830 | 256890 | 60 Km |
| 40 | 28/07/24 | 256890 | 256930 | 40km |
| 41 | 03/08/24 | 257186 | 257216 | 30km |
| 42 | 03/08/24 | 257216 | 257236 | 20km |
| 43 | 03/08/24 | 257236 | 257276 | 40km |
| 44 | 04/08/24 | 257276 | 257326 | 50km |
| 45 | 04/08/24 | 257326 | 257406 | 80km |
| 46 | 11/08/24 | 257931 | 257981 | 50km |
| 47 | 11/08/24 | 257981 | 258029 | 48km |
| 48 | 26/08/24 | 258548 | 258596 | 48km |
| 49 | 26/08/24 | 258596 | 258646 | 50km |
| 50 | 28/08/24 | 258751 | 258801 | 50km |
| 51 | 28/08/24 | 258801 | 258841 | 40km |
| 52 | 08/09/24 | 259857 | 259887 | 30km |
| 53 | 08/09/24 | 259887 | 259917 | 30km |

| | | | | |
|---|---|---|---|---|
| 54 | 08/09/24 | 259917 | 259957 | 40km |
| 55 | 14/09/24 | 260265 | 260345 | 80km |
| 56 | 14/09/24 | 260345 | 260435 | 90km |
| 57 | 15/09/24 | 260435 | 260485 | 50km |
| 58 | 15/09/24 | 260485 | 260535 | 50km |
| 59 | 16/09/24 | 260535 | 260605 | 70km |
| 60 | 17/09/24 | 260605 | 260635 | 30km |
| 61 | 17/09/24 | 260635 | 260665 | 30km |
| 62 | 21/09/24 | 260835 | 260855 | 20km |
| 63 | 21/09/24 | 260855 | 260900 | 45km |
| 64 | 22/09/24 | 260900 | 260930 | 30km |
| 65 | 22/09/24 | 260930 | 261000 | 70km |
| 66 | 29/09/24 | 261616 | 261632 | 16km |
| 67 | 29/09/24 | 261632 | 261646 | 14km |
| 68 | 02/10/24 | 261860 | 261929 | 69km |
| 69 | 02/10/24 | 261929 | 261981 | 52km |
| 70 | 02/10/24 | 261981 | 262001 | 20km |
| 71 | 02/10/24 | 262001 | 262046 | 45km |
| 72 | 12/10/24 | 262975 | 263009 | 34km |
| 73 | 12/10/24 | 263009 | 263029 | 20km |
| 74 | 13/10/24 | 263029 | 263063 | 34km |
| 75 | 13/10/24 | 263063 | 263083 | 20km |
| 76 | 20/10/24 | 263822 | 263847 | 25km |
| 77 | 20/10/24 | 263847 | 263877 | 30km |
| 78 | 27/10/24 | 264630 | 264655 | 25km |

| | | | | |
|---|---|---|---|---|
| 79 | 27/10/24 | 264655 | 264675 | 20km |
| 80 | 31/10/24 | 265226 | 265265 | 39km |
| 81 | 31/10/24 | 265265 | 265305 | 40km |
| 82 | 03/11/24 | 265475 | 265505 | 30km |
| 83 | 09/11/24 | 265873 | 265891 | 18km |
| 84 | 09/11/24 | 265891 | 265901 | 10km |
| 85 | 10/11/24 | 265901 | 265936 | 35km |
| 86 | 10/11/24 | 265936 | 265976 | 40km |
| 87 | 17/11/24 | 266334 | 266364 | 30km |
| 88 | 17/11/24 | 266364 | 266379 | 15km |
| 89 | 24/11/24 | 266674 | 266702 | 28km |
| 90 | 24/11/24 | 266702 | 266722 | 20km |
| 91 | 01/12/24 | 267055 | 267075 | 20km |
| 92 | 01/12/24 | 267075 | 267090 | 15km |
| 93 | 08/12/24 | 267776 | 267796 | 20km |
| 94 | 08/12/24 | 267796 | 267811 | 15km |
| 95 | 14/12/24 | 267996 | 268046 | 50km |
| 96 | 14/12/24 | 268046 | 268104 | 58km |
| 97 | 15/12/24 | 268104 | 268134 | 30km |
| 98 | 15/12/24 | 268134 | 268164 | 30km |
| 99 | 22/12/24 | 268563 | 268603 | 40km |
| 100 | 22/12/24 | 268603 | 268625 | 22km |
| 101 | 25/12/24 | 268730 | 268745 | 15km |
| 102 | 25/12/24 | 268745 | 268765 | 20km |
| 103 | 02/01/25 | 269780 | 269815 | 35km |

| | | | | |
|---|---|---|---|---|
| 104 | 02/01/25 | 269815 | 269855 | 40km |
| 105 | 05/01/25 | 269995 | 270051 | 56km |
| 106 | 05/01/25 | 270051 | 270146 | 95km |
| 107 | 11/01/25 | 270762 | 270792 | 30km |
| 108 | 11/01/25 | 270792 | 270817 | 25km |
| 109 | 12/01/25 | 270817 | 270837 | 20km |
| 110 | 12/01/25 | 270837 | 270867 | 30km |
| 111 | 19/01/25 | 271224 | 271239 | 15km |
| 112 | 19/01/25 | 271239 | 271259 | 20km |
| 113 | 08/02/25 | 272430 | 272498 | 68km |
| 114 | 08/02/25 | 272498 | 272548 | 50km |
| 115 | 09/02/25 | 272548 | 272556 | 8km |
| 116 | 09/02/25 | 272556 | 272564 | 8km |
| 117 | 09/02/25 | 272564 | 272573 | 9km |
| 118 | 16/02/25 | 273043 | 273072 | 29km |
| 119 | 16/02/25 | 273072 | 273100 | 28km |
| 120 | 23/02/25 | 273488 | 273521 | 33km |
| 121 | 23/02/25 | 273521 | 273552 | 31km |
| 122 | 02/03/25 | 273948 | 274157 | 209km |
| 123 | 08/03/25 | 274480 | 274499 | 19km |
| 124 | 08/03/S25 | 274499 | 274547 | 48km |
| 125 | 09/03/25 | 274547 | 274587 | 40km |
| 126 | 09/03/25 | 274587 | 274630 | 43km |
| 127 | 16/03/25 | 275003 | 275021 | 18km |
| 128 | 23/03/25 | 275687 | 275707 | 20km |

| | | | | |
|---|---|---|---|---|
| 129 | 31/03/25 | 276116 | 276146 | 30km |
| 130 | 31/03/25 | 276146 | 276171 | 25km |

ഔദ്യോഗിക ആവശ്യത്തിനായി അനുവദിച്ചിരിക്കുന്ന വാഹനം യാത്രോദ്ദേശ്യം രേഖപ്പെടുത്താതെ ഉപയോഗിക്കുന്നത് ക്രമ വിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 43/M3/2024-25 തീയതി 04.02.2026) നഗരസഭ മറുപടി നൽകിയില്ല. 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം വാഹനങ്ങളുടെ പരിപാലനം കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**1-26 ജീവനക്കാർക്കുള്ള ഓണം അഡ്വാൻസ് തുക മുഴുവനായും തിരികെ ഈടാക്കിയില്ല.**

ജി.ഒ.(പി)നം.78/2024/ധന തീയതി 06/09/2024 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഓണം അഡ്വാൻസ് അഞ്ച് തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതുണ്ട്. ആലുവ നഗരസഭയിലെ ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷം ഓണം അഡ്വാൻസ് അനുവദിച്ചതിൽ ചുവടെ ചേർക്കുന്നവരുടെ അഡ്വാൻസ് തുക മുഴുവനും തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | മുൻകൂർ അനുവദിച്ച തുക(രൂപ) | തിരികെ ഈടാക്കിയ തുക(രൂപ) | അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|---|---|
| 1. | പ്രസാദ്എം.എ | 20,000 | 12,000 | 8,000 |
| 2. | മധു.എം.ഇ | 20,000 | 8000 | 12,000 |

പ്രസ്തുത ജീവനക്കാരിൽ നിന്ന് മുൻകൂർ തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം M3/52/2024-25 തീയതി 23.02.2026 -നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-27 GPF - ജീവനക്കാരുടെ പ്രതിമാസ വരിസംഖ്യ അടവാക്കുന്നതിൽ കാലതാമസം**

ആലുവ നഗരസഭയിലെ ജനറൽ പ്രൊവിഡന്റ് ഫണ്ടിൽ (GPF) അംഗങ്ങളായ ജീവനക്കാരുടെ പ്രതിമാസ വരിസംഖ്യ ശമ്പളത്തിൽ നിന്ന് ഈടാക്കി ജി.പി.എഫ് അക്കൗണ്ടിൽ അടയ്ക്കുന്നതിൽ കാലതാമസം വരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ശമ്പളമാസം | ജി.പി.എഫ് | ജി.പി.എഫിൽ നിക്ഷേപിച്ച ചെക്ക് നം/ |
|---|---|---|---|

| നം | | തുക(രൂപ) | രസീത് നം/തീയതി |
|---|---|---|---|
| 1 | 2024 മാർച്ച് | 39,620 | 757754/06.05.2024 |
| 2 | 2023 നവംബർ | 39,620 | 04478204061465610/ 12.06.2024(e-Payment) |
| 3 | 2024ഫെബ്രുവരി | 39,620 | |
| 4 | 2024ഏപ്രിൽ | 41,210 | |
| 5 | 2023 നവംബർ (Supplementary Bill) | 4,000 | |
| 6. | 2024 മെയ് | 41,210 | 000447820240622358 38/22.06.2024 (E-Payment) |
| 7 | 2024 ജൂൺ | 41,210 | KL01249238202425E/11.07.2024 |
| 8 | 2024 ജൂലൈ | 41,210 | KL017916129202425E/31.08.2024 |
| 9 | 2024 ആഗസ്റ്റ് | 41,210 | KL0020004553202425E/23.09.2024 |
| 10 | 2024 സെപ്റ്റംബർ | 34,810 | KL023154895202425E/21.10.2024 |
| 11 | 2024 ഒക്ടോബർ | 59,680<br>24,870 | KL026235671202425E/18.11.2024<br>KL026234341202425E/18.11.2024 |
| 12 | 2024 നവംബർ | 59,680 | Online/19.12.2024 |
| 13 | 2024 ഡിസംബർ | 59,680 | KL032960160202425E/15.01.2025 |
| 14 | 2025 ജനവരി | 29,810 | KL03689690202425E/13.02.2025 |
| 15 | 2025 ഫെബ്രുവരി | 29,520 | KL040256354202425E/12.03.2025 |

ജി.പി.എഫിൽ അംഗങ്ങളായ ജീവനക്കാരുടെ ഓരോ മാസത്തെയും ശമ്പളത്തിൽ നിന്ന് വരിസംഖ്യ ഈടാക്കി അതാത് മാസം അഞ്ചാം തീയതിക്ക് മുൻപായി ജി.പി.എഫ് അക്കൗണ്ടിൽ അടച്ചെങ്കിൽ മാത്രമേ ആ മാസം ഒന്നാം തീയതി മുതലുള്ള പലിശ ആ തുകക്ക് ലഭിക്കുകയുള്ളൂ.

ജി.പി.എഫ് വരിസംഖ്യ അടവാക്കുന്നതിലെ കാലതാമസം മൂലം ജീവനക്കാർക്ക് പലിശ നഷ്ടം സംഭവിക്കുന്നു. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 26/M3/2024-25 തീയതി 07.11.2025) മറുപടിയായി കെ സ്മാർട്ട് നടപ്പിലാക്കിയതിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ മൂലവും, ജീവനക്കാർക്ക് കൃത്യവും വ്യക്തവുമായ പരിശീലനം ലഭിക്കാത്തത് മൂലവുമാണ് കാലതാമസം നേരിട്ടത് എന്ന് മറുപടി നൽകിയിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ ഫയൽ നടപടികൾ പൂർത്തിയാക്കുന്നതിൽ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കേണ്ടതിനാൽ ഫയൽ പ്രൊസസിങ്ങിന് സമയമെടുക്കുന്നു എന്ന വാദം അംഗീകരിക്കാവുന്നതല്ല. ഫയൽ നടപടികൾ സുതാര്യമാക്കുന്നതിനും സമയ നഷ്ടം ഒഴിവാക്കുന്നതിനുമാണ് കെസ്മാർട്ട് സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷാവസാനം വരെ ജി.പി.എഫ് വരിസംഖ്യ അടവാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികളും വരിസംഖ്യകളും ഈടാക്കി സമയപരിധിക്ക് മുൻപ് ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

1-28 ജി.ഐ.എസ് വരിസംഖ്യ അടക്കുന്നതിൽ കാലതാമസം

കെ സ്മാർട്ട് ഫയൽ നം. 1002138/2024

നഗരസഭാ ജീവനക്കാരുടെ ഓരോ മാസത്തെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന പ്രതിമാസ വരിസംഖ്യ തൊട്ടടുത്ത മാസം ആദ്യ ദിവസങ്ങളിൽ തന്നെ ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി ചലാൻ ജില്ലാ ഇൻഷുറൻസ് ഓഫീസിലേക്ക് അയച്ചു നൽകേണ്ടതാണ്. ആലുവ നഗരസഭാ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കിയ ജി.ഐ.എസ് പ്രതിമാസ വരി സംഖ്യ ഒടുക്കുന്നതിൽ കാല താമസം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് . 2024 ഏപ്രിൽ മാസത്തെ വരിസംഖ്യ ഒടുക്കുന്നതിന് (ജി.ഐ.എസ് (With Policy No))രണ്ട് തവണ പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തതായും കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | മാസം | ഇനം | വൗച്ചർ നം | ചെക്ക് നം/ തീയതി | തുക(രൂപ) |
|---|---|---|---|---|---|
| 1 | 2024ഏപ്രിൽ | ജി.ഐ.എസ് (With Policy No) | M070800/ 24000061 | 757766/ 09.05.2024 | 65,400 |
| 2 | 2024ഏപ്രിൽ | ജി.ഐ.എസ് (With Policy No) | M070800/ 24000311 | E-Treasury/ 12.07.2024 | 65,400 |
| 3 | 2024 മെയ് | ജി.ഐ.എസ് (With Policy No) | | | 65,400 |

| | | | | |
|---|---|---|---|---|
| 4 | 2024 മെയ് | ജി.ഐ.എസ് (Without Policy No) | | 15,600 |
| 5 | 2024 ജൂൺ | ജി.ഐ.എസ് (With Policy No) | | 65,000 |
| 6. | 2024 ജൂൺ | ജി.ഐ.എസ് (Without Policy No) | | 13,200 |

ഏപ്രിൽ, മെയ് മാസങ്ങളിലെ ജി.ഐ.എസ് വരിസംഖ്യ ഒടുക്കാനുണ്ടായ കാലതാമസത്തിനും ഏപ്രിൽ മാസത്തെ ജി.ഐ.എസ് വരിസംഖ്യ (With Policy No )അടക്കുന്നതിന് രണ്ടു തവണ പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 19/M3/2024-25 തീയതി 24.10.2025) മറുപടിയായി സാങ്കേതിക തടസ്സം മൂലമാണ് രണ്ട് തവണ പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തതെന്നും കെസ്മാർട്ട് ഫയൽ പ്രൊസസിങ്ങിൽ ഉണ്ടാകുന്ന കാലതാമസം മൂലമാണ് ജി.ഐ.എസ് അടക്കാൻ വൈകുന്നതെന്നുമാണ് നഗരസഭ അറിയിച്ചിട്ടുള്ളത്.ഫയലുകളുടെ നീക്കം വേഗത്തിലും സുതാര്യവുമാക്കാൻ വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ഒരു സംവിധാനം മൂലം ഫയൽ നടപടികൾ വൈകുന്നു എന്ന വാദം അംഗീകരിക്കാൻ കഴിയില്ല.ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള വരിസംഖ്യകളും മറ്റ് അടവുകളും യഥാസമയം അടവാക്കുന്നുണ്ട് എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

**1-29 അറവുശാല നിർമ്മാണം അനന്തമായി നീളുന്നു**

| | | |
|---|---|---|
| സൂചന | : | ഫയൽ - E1 -5931/2019, E1 – 2060/23 |

ആലുവ നഗരസഭ മാർക്കറ്റിൽ ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആധുനിക അറവുശാലക്ക് 138 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി 28.03.2015 ന് ലഭ്യമായിട്ടുള്ളതാണ്. അറവുശാലയുടെ സിവിൽ വർക്കിന് 73,17,280 രൂപയുടെ പ്രോജക്റ്റ് നടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും വി.പി.ബൈജു എന്ന കരാറുകാരൻ 71,12,899 രൂപയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയുമായിരുന്നു. ഈ കരാർ 03.10.2015 തീയതിയിൽ പ്രാബല്യത്തിൽ വരികയും 02.07.2016 ന് കരാർ കാലവധി അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ കരാറുകാരന് അധിക സമയം അനുവദിക്കുകയായിരുന്നു. ഈ പ്രവൃത്തിക്കായി 3 ബില്ലുകളിലായി 41.70 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അറവുശാലയുടെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഡ്രൈനേജ്, പ്ലംബിങ്ങ് ജോലികൾ നടത്തിയിട്ടില്ല. നിലവിൽ അറവുശാല നിർമ്മാണത്തിൽ നിന്നും ശുചിത്വമിഷൻ പിൻവാങ്ങിയതായാണ്

കാണുന്നത്. അറവുശാലയുടെ രൂപകല്പനയും ശാസ്ത്രീയമായ മറ്റ് നിർമ്മാണങ്ങൾക്കും അനുബന്ധ സജ്ജീകരണങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കുന്നതിനും അധിക തുക വരുമെന്നും ഈ ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.05.2021 തീയതിയിലെ 174/സി2/2010/എസ്.എം നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭക്ക് പ്രവൃത്തിയുമായി മുന്നോട്ട് പോകുന്നതിന് ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള കൺസൾട്ടൻസി സ്ഥാപനത്തെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമീപിക്കാവുന്നതും ഡി.പി.ആർ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാവുന്നതുമാണെന്നും മേല്പറഞ്ഞ കത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 07.062021 ലെ 14 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.



**പ്രവർത്തനം ആരംഭിക്കാത്ത ആധുനിക അറവുശാല കെട്ടിടം**

അറവുശാല നിർമ്മാണത്തിന്റെ ഭാഗമായ കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക് പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ ബാക്കി പ്രവൃത്തികൾക്കുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുന്നതിനും എംപാനൽ ചെയ്ത കൺസൾട്ടൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കാനും 12.07.2024 ലെ 15/1 നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചിരുന്നു. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. നിലവിൽ ആധുനിക അറവുശാലയുടെ സ്ട്രക്ചർ നിർമ്മാണം കഴിഞ്ഞ് പത്ത് വർഷത്തോളമായിട്ടും അറവുശാലയുടെ പ്രവർത്തനം ആരംഭിക്കാവുന്ന സാഹചര്യമുണ്ടായിട്ടില്ല. അറവുശാല കെട്ടിടം ശരിയായി പരിപാലിക്കാത്ത സാഹചര്യത്തിൽ കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ടെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അറവുശാല നിർമ്മാണത്തിനുള്ള ശുചിത്വ മിഷൻ ഫണ്ട് നഗരസഭയിലെ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അനിവാര്യ ചെലവുകൾ

നടത്തുന്നതിനായി വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. 31.03.2025 ൽ ഈ അക്കൗണ്ടിൽ 1,23,161 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ഈ സാഹചര്യത്തിൽ അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിനും തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ഫണ്ട് ലഭ്യത സംബന്ധിച്ചും നിർമ്മാണ പുരോഗതി സംബന്ധിച്ചും വിശദമായ മറുപടി ലഭ്യമാക്കാൻ 10.02.2026 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 45/M2/2024-25 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**1-30 സർക്കാർ നിർദ്ദേശിച്ചിട്ടും ശതാബ്ദി ആഘോഷ കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല**

ആലുവ നഗരസഭയുടെ ശതാബ്ദി ആഘോഷ പരിപാടികൾക്കായി കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ നിന്നും 15,000 രൂപ വീതം കൗൺസിൽ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് സ.ഉ. (സാധാ) നം. 2512/2021/ത.സ്വ.ഭ.വ തീയതി 07.12.2021 പ്രകാരം ഉത്തരവായിരുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 283(2)(ഇ) പ്രകാരം പൊതുജനങ്ങളിൽ നിന്നും സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും പണമായി പിരിക്കുന്ന സംഭാവനകളും അംശാദായവും മുനിസിപ്പൽ ഫണ്ടാണെന്ന് വിശദീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ആലുവ നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പിരിക്കുന്ന സംഭാവനകൾ നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. നഗരസഭ സെക്രട്ടറിയുടെ 03.07.2022 തീയതിയിലെ ജി3-11934/21 നമ്പർ കത്തിൽ ശതാബ്ദി ആഘോഷ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് സംഭാവനകൾ സ്വീകരിക്കുന്നതിനും തുക ചെലവഴിക്കുന്നതിനും സ്വതന്ത്ര അധികാരം കൗൺസിൽ തീരുമാനത്തിലൂടെ നൽകപ്പെട്ടിട്ടുള്ളതാണെന്നും ശതാബ്ദി ആഘോഷത്തിന്റെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ലായെന്നും വിശദീകരിച്ചിരുന്നു. ആഘോഷപരിപാടികളുടെ സമാപനത്തിനുശേഷം യുക്തമായ അധികാര സ്ഥാനത്തെ നിയോഗിച്ച് വരവ് - ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നതിന് ശതാബ്ദി ആഘോഷ കമ്മിറ്റി തയ്യാറാകുമെന്നും പൊതു ഫണ്ടിന്റെ വരവ് ചെലവ് സംബന്ധിച്ച സുതാര്യത ഉറപ്പുവരുത്തുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും വിശദീകരിച്ചിരുന്നു. ആയതിൻപ്രകാരം ശതാബ്ദി ആഘോഷ കണക്കുകൾ നഗരസഭാ കൗൺസിൽ മുമ്പാകെയോ മറ്റേതെങ്കിലും നഗരസഭാ കമ്മിറ്റി / ആഘോഷ കമ്മിറ്റി മുമ്പാകെയോ അവതരിപ്പിച്ചോയെന്ന് വ്യക്തമാക്കേണ്ടതാണെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 25/M2/2024-25 തീയതി 31.10.2025

പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. ആലുവ മുനിസിപ്പാലിറ്റിയുടെ ശതാബ്ദി ആഘോഷങ്ങൾക്ക് വിവിധ മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ആലുവ മുനിസിപ്പാലിറ്റിയ്ക്ക് ഈ ഫണ്ടിൽ ഉത്തരവാദിത്തമുണ്ടെന്നും പ്രസ്തുത ആഘോഷത്തിന്റെ വരവ് ചെലവ് കണക്കുകൾ ആയതിന് ഉത്തരവാദിത്തപ്പെട്ട സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ആലുവ നഗരസഭ ഓഡിറ്റ് വിഭാഗം നടത്തേണ്ടതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് (എഫ്.എം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.02.2024 തീയതിയിലെ FM2/22/2023-LSGD നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ ആലുവ നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ വരവ് - ചെലവ് കണക്കുകളും അനുബന്ധ രേഖകളും 20.02.2026 നകം ഓഡിറ്റിൽ ഹജരാക്കാൻ ഈ കാര്യാലയത്തിൽ നിന്നുള്ള 11.02.2026 തീയതിയിലെ കെ.എസ്.എ – എ.വി.എം (എം2) 325/2022 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടെങ്കിലും കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കണക്കുകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

1-31 ഹെൽത്ത് ഗ്രാന്റ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് (സാധാ) നം.2132/2022/LSGD. തീയതി 31.08.2022) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷക്കാലത്തേക്ക് ആലുവ നഗരസഭയ്ക്ക് 70.051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ ആറ് സ്കീമുകൾക്കായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത് . ഇതിൽ സ്കീം 5, സ്കീം 6 എന്നിവയാണ് നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ളത്. സ്കീം 5 പ്രകാരം നഗരപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, സ്കീം 6 പ്രകാരം ഹെൽത്ത് ആന്റ് വെൽനെസ്സ് കേന്ദ്രങ്ങൾ ആരംഭിക്കുകയുമാണ് ലക്ഷ്യം. നഗരസഭയിൽ 2022-23 മുതൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സ്കീം 5 ൽ താഴെ പറയുന്ന പ്രോജക്ടുകൾ ആണ് നഗരസഭയിൽ നടപ്പാക്കി വരുന്നത്.

1) ഫർണീച്ചർ വാങ്ങൽ

2) വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ

3) മരുന്ന് വാങ്ങൽ

4) ഉപകരണങ്ങൾ നന്നാക്കൽ.

സ്കീം 6 ൽ താഴെ പറയുന്ന പ്രോജക്ടുകളും സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 മുതൽ നഗരസഭയിൽ നടപ്പാക്കി വരുന്നുണ്ട്.

1) കെട്ടിട വാടക-ഹെൽത്ത് ഗ്രാന്റ്

2) ജീവനക്കാരുടെ വേതനം-ഹെൽത്ത് ഗ്രാന്റ്

സർക്കാർ ഉത്തരവ് (സാധാ) നം.1078/2023/LSGD, തി. 20.05.2023ലെ നിർദ്ദേശ പ്രകാരം 2023-24 മുതൽ സ്കീം 6 മായി ബന്ധപ്പെട്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ, ക്യാൻസർ കെയർ പ്രോജക്റ്റ് എന്നിവ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സ്കീം 5 ൽ ഉൾപ്പെട്ട ഉപകരണങ്ങൾ വാങ്ങൽ, പരിശോധനയ്ക്ക് വേണ്ട റീ ഏജന്റ്സ് വാങ്ങൽ, ആരോഗ്യ സ്ഥാപനത്തിലെ ജീവനക്കാർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് വേണ്ട പരിശീലനം നൽകൽ എന്നീ പ്രോജക്ടുകളും മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി, 2023-24 മുതൽ നടപ്പാക്കി വരുന്നുണ്ട്. സ്കീം 6 മായി ബന്ധപ്പെട്ട് 2 ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ ആലുവാ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളിൽ ഒരു ഡോക്ടർ, രണ്ട് നഴ്സുമാർ, ഒരു മൾട്ടി പർപ്പസ് വർക്കർ, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2024 ഡിസംബർ വരെ വെൽനെസ്സ് സെന്ററുകളിലെ ക്ലീനിംഗ് സ്റ്റാഫ് ഒഴികെയുള്ളവരുടെ വേതനം, ഹെൽത്ത് ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ട്. അതിന് ശേഷം ഇവരുടെ വേതനം എൻ എച്ച് എം ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. സർക്കാർ ഉത്തരവ് (സാധാ) നം.1078/2023/LSGD, തിയതി 20.05.2023 ലെ നിർദ്ദേശപ്രകാരമുള്ള നഗരമേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ, പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ, 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ എന്നിവ ആലുവാ നഗരസഭാ പരിധിയിൽ നടപ്പാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ 2024-25 വരെയുള്ള ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

**Health Grant 2021-22 Allotment - Scheme 6**

| Scheme 6 Rs. 82,00,000/- (2021-22) | 23-24 Project No. | Exp (23-24) (Rs) | 24-25 Project No. | Exp Enditure (Rs) | Total Exp Enditure (Rs) | Balance |
|---|---|---|---|---|---|---|
| IEC Branding | 199/ 23-24 (200000) | 31,859 | 267/24-25 (100000) | 58,000 | 89,859 | |
| Medicine Purchase | 200/23-24 (1000000) | 2,15,385 | 269/24-25 (300000) | 98,171 | 3,13,556 | |
| Other Expense-HG | 201/23-24 (700000) | 148745 | 265/24-25 (332098) | 2,31,821 | 3,80,566 | |
| IT Equipments | 202/23-24 (200000) | 0 | 268/24-25 (200000) | 1,43,508 | 1,43,508 | |
| Equipments Repairing | 203/23-24 (100000) | 0 | 271(10000) | 0 | 0 | |
| Employees Salary | 204/23-24 (1500000) | 722049 | 272 (2422885) | 2395837 | 3117886 | |
| Furniture Purchase | 205/23-24 (1000000) | 221691 | 266 (100000) | 36,580 | 2,58,271 | |
| Quality Infection Control | 206/23-24 (300000) | 341 | 273 (99659) | 0 | 341 | |
| Building Rent | 207/23-24 (2500000) | 2195288 | 270 (900000) | 6,71,903 | 28,67,191 | |
| Building Renovation | 240/23-24 (700000) | 0 | 274 (200000) | 52,193 | 52,193 | |

| | | | | | | |
|---|---|---|---|---|---|---|
| | **8200000** | **3535358** | | **36,88,013** | **72,23,371** | **9,76,629** |

| **Scheme 6 - Rs.24,00,000/- (2021-22)** | **23-24 Project No.** | **Fund (Rs)** | **Exp (23-24) (Rs)** | **24-25 Project No.** | **24-25 Exp Enditure (Rs)** | **Total Exp Enditure (Rs)** | **Balance (Rs)** |
|---|---|---|---|---|---|---|---|
| Universalization Of Palliative Care | 222/23-24 | 24,00,000 | 19,19,387 | 280/24-25 | 4,80,481 | 23,99,868 | 132 |
| | | **24,00,000** | **19,19,387** | | **4,80,481** | **23,99,868** | **132** |

| **Scheme 6 - Rs.2,05,000/- (2021-22)** | **23-24 Project No.** | **Fund (Rs)** | **Exp (23-24) (Rs)** | **24-25 Project No.** | **24-25 Exp Enditure** | **Total Exp Enditure (Rs)** | **Balance (Rs)** |
|---|---|---|---|---|---|---|---|
| Cancer Care Projects | 223/ 23-24 | 2,05,000 | 163047 | 275/24-25 | | 1,63,047 | 41,953 |
| | | **2,05,000** | **163047** | | | **1,63,047** | **41,953** |

HEALTH GRANT 2022-23 ALLOTMENT

| **Scheme 6 - Rs.17,00,000/- (2022-23)** | **23-24 Project No.** | **Fund (Rs)** | **Exp (23-24)** | **24-25 Project No.** | **24-25 Exp Enditure** | **Exp Enditure** | **Balance (Rs)** |
|---|---|---|---|---|---|---|---|
| Operational Expenses Of UHWCs Under Scheme 6 | | 17,00,000 | 0 | 321/24-25 (1700000) | 0 | 0 | 17,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | NIL | 17,00,000 | | | | **0** | 17,00,000 |

| Scheme 6 - Rs.4,69,000/- (2022-23) | 23-24 Project No. | Fund (Rs) | Exp (23-24) | 24-25 | 24-25 Exp Enditure (Rs) | Exp Enditure | Balance (Rs) |
|---|---|---|---|---|---|---|---|
| UHWCs Activities Under Scheme 6 | | 4,69,000 | 0 | 321/24-25 (469000) | 0 | 0 | 4,69,000 |
| | NIL | 4,69,000 | | | | **0** | 4,69,000 |

| Scheme 6 - Rs.10,00,000/- (2023-24) | 23-24 | Fund (Rs) | Exp (23-24) | 24-25 | 24-25 Exp Enditure | Exp Enditure | Balance (Rs) |
|---|---|---|---|---|---|---|---|
| Operational Expenses Of UHWCs | | **10,00,000** | 0 | NIL | NIL | 0 | **10,00,000** |

**HEALTH GRANT SCHEME 5- 2022-23 ALLOTMENT**

| Scheme 5 - Rs.23,82,000/- (2022-23) | Fund | 23-24 Project No | 23-24 Exp Enditure | 24-25 Project No. | 24-25 Exp Enditure (Rs) | Total Exp Enditure (Rs) | Balance |
|---|---|---|---|---|---|---|---|
| Purchase Of Equipments HG | 5,00,000 | 224/23-24 | 0 | 277/24-25 (500000) | 0 | 0 | |
| Purchase Of Reagent | 15,00,000 | 225/23-24 | 0 | 276/24-25 (1400000) | 7,26,779 | 7,26,779 | |

| | | | | | | | |
|---|---|---|---|---|---|---|---|
| Testing Kit | | | | | | | |
| Staff Training In Health Institution | 2,00,000 | 226/23-24 | 0 | 279/24-25 (50000) | 0 | 0 | |
| Other Expenses-HG | 1,82,000 | 227/23-24 | 0 | 278/24-25 (432000) | 0 | 0 | |
| | **23,82,000** | | | | **7,26,779** | **0** | **16,55,221** |

**പദ്ധതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.**

1) ഹെൽത്ത് ഗ്രാന്റ് മാർഗരേഖ, സർക്കാർ ഉത്തരവ് നം.(സാധാ)2132/2022/LSGD, തിയതി.31-8-22ലെ നിർവഹണ നടപടികൾ എന്നതിലെ, 3.3 നിർദ്ദേശം പ്രകാരം ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ് , പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകേണ്ടതുമാണ്. ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച് ചർച്ച നടത്തുന്നുണ്ട് എങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി കാണുന്നില്ല.

2) ഉത്തരവിലെ, 3-12, നിർദ്ദേശ പ്രകാരം നിർവഹണോദ്യോഗസ്ഥൻ, ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണപുരോഗതി തുടർച്ചയായി ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ നിർദ്ദേശം നഗരസഭയിൽ പാലിച്ചതായി കാണുന്നില്ല.

3) ആരോഗ്യ ഗ്രാന്റിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപന തലത്തിൽ നിർവഹണം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണ മോണിറ്ററിംഗ് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി നിർവഹിക്കണം. ഈ നിർദ്ദേശവും നഗരസഭ പാലിച്ചതായി കാണുന്നില്ല.

ഉത്തരവിലെ മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ബാലൻസ് തുകകൾ അടിയന്തരമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-32 പെൻഷൻ ഫണ്ട് -അവലോകനം**

**പെൻഷൻ ഫണ്ട് കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല.**

1996ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി റൂൾസ് ചട്ടം 7(2),7(8) എന്നിവ

പ്രകാരം ജീവനക്കാരന്റെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം 15 ന് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്.കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡി.സി,ആർ.ബി റൂൾസ് ചട്ടം 1.7(2) ,7(8)എന്നിവ പ്രകാരം ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പെൻഷൻ അക്കൗണ്ട് തുടങ്ങി അതിൽ കൃത്യമായി നിക്ഷേപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ആലുവ നഗരസഭയിൽ പെൻഷൻ ഫണ്ട് സംബന്ധിച്ച ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

**ജനറൽ പർപ്പസ് ഗ്രാന്റ് പെൻഷൻ വിതരണത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.**

ആലുവ നഗരസഭയിൽ ലഭ്യമാകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുക നിലവിൽ പൂർണ്ണമായും എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ശമ്പളവിതരണത്തിന് ചെലവാകുന്ന തുകയായി സർക്കാരിലേക്ക് തിരികെ അടക്കുകയാണ് ചെയ്യുന്നത്.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.ആലുവ നഗരസഭയിൽ ബാങ്ക് അക്കൗണ്ട് മുഖേനയാണ് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്.എന്നാൽ ഇത് സംബന്ധിച്ച ബാങ്ക് സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

പെൻഷൻ രജിസ്റ്റർ മാന്വലായി സൂക്ഷിക്കുന്നില്ല. വിവരങ്ങൾ എക്സൽ ഷീറ്റിൽ രേഖപ്പെടുത്തിയാണ് സൂക്ഷിക്കുന്നത്.പെൻഷൻ വിതരണ രജിസ്റ്റർ,അലോട്ട് മെന്റ് രജിസ്റ്റർ,ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

**മറ്റ് നഗരസഭയിൽ നിന്ന് വിരമിച്ച് ആലുവ നഗരസഭയിൽ നിന്ന് പെൻഷൻ വാങ്ങുന്നവരുടെ വിവരങ്ങൾ**

| ക്രമ നം | പേര് | പി.പി.ഒ.നം | വിരമിച്ച മുനിസിപാലിറ്റി | തസ്തിക | വിരമിച്ച തീയതി |
|---|---|---|---|---|---|
| 1 | നാരായണൻ നായർ | 3011 | പെരുമ്പാവൂർ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 30.07.1996 |
| 2 | ചെല്ലപ്പൻ.ആർ | 3503 | മൂവാറ്റുപുഴ | അസി.എഞ്ചിനീയർ | 31.12.1998 |
| 3 | സൈമൺ.എം | 5219 | മൂവാറ്റുപുഴ | ഓവർസീയർ ഗ്രേഡ്-2 | 30.09.2002 |
| 4 | ഗിരിജാദേവി.എൻ.എസ് | 6001 | പെരുമ്പാവൂർ | റവന്യൂ ഇൻസ്പെക്ടർ | 31.01.2008 |
| 5 | രാധാകൃഷ്ണൻ.കെ | 5509 | കൊടുങ്ങല്ലൂർ | മുനിസിപ്പൽ എഞ്ചിനീയർ | 30.04.2004 |

വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കാത്ത സാഹചര്യത്തിൽ തനത്ഫണ്ടിൽ നിന്ന് വിതരണം ചെയ്യുന്നു.

**2024-25 സാമ്പത്തിക വർഷം വിതരണം ചെയ്ത പെൻഷൻ ആനുകൂല്യങ്ങൾ**

| ക്രമ നം | പെൻഷണറുടെ പേര് | ഇനം | തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | കെ.യു .സരസ്വതി | കുടുംബ പെൻഷൻ +കുടിശ്ശിക | 86,788 | 103494/ 04.10.2025 (2025-26) |
| 2 | മിനി അംബുജാക്ഷൻ | ഡി.സി.ആർ.ജി | 8,26,896 | 574727/ 08.01.2025 |
| 3 | മിനി അംബുജാക്ഷൻ | പെൻഷൻ അരിയർ | 9,04,227 | 574722/ 20.08.2025 (2025-26) |
| 4 | ഷൈലജ എൻ.ഡി | പെൻഷൻ അരിയർ | 1,26,525 | 168755/ 03.01.2025 |
| 5 | ശാലിനി ഷിബു | ഡി.സി.ആർ.ജി | 4,41,324 | MB144955/ 22.08.2024 |
| 6. | ശാലിനി ഷിബു | പെൻഷൻ അരിയർ | 8,93,182 | MB144960/ 21.11.2024 |

**1-33 അർഹതാ കാലാവധി കഴിഞ്ഞിട്ടും ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ അനുവദിച്ചു - അധികമായി നൽകിയ 1,97,055 രൂപ നിരാകരിക്കുന്നു**

ആലുവ നഗരസഭയിലെ റെഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ ആശ്രിതർക്ക് അർഹതാ കാലാവധി കഴിഞ്ഞും സാധാരണ നിരക്കിലുള്ള കുടുംബ പെൻഷനുപകരം ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ അനുവദിച്ചതിലൂടെ 1,97,055 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

**1-34 സെൻട്രൽ പെൻഷൻ ഫണ്ട് - നീക്കിയിരിപ്പിൽ വ്യത്യാസം**

ഫയൽ നമ്പർ ജി2 – 2876/97 Vol – III, പെൻഷൻ അലോട്ട്മെന്റ് രജിസ്റ്റർ

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ചു ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ കൊടുക്കേണ്ടതാണ്. പെൻഷണർക്കുള്ള ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ നൽകുന്നതിനാവശ്യമായ തുക, ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ മേല്പറഞ്ഞ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷനായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ തുക ഒടുക്കുന്നില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിന് ആവശ്യമായ തുക നഗരസഭക്ക് അനുവദിക്കണമെന്നാണ് ചട്ടമെങ്കിലും

ഇത്തരത്തിൽ കൃത്യമായി തുക അനുവദിക്കുന്നില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിന് തുക ലഭിക്കാതായ സാഹചര്യത്തിൽ 2010 ആഗസ്റ്റ് മുതൽ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കൽ നിർത്തുകയായിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഗണ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കാനുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിലെ പണ ലഭ്യതക്കനുസരിച്ച് നഗരസഭക്ക് തുക അനുവദിക്കുന്നതായാണ് കാണുന്നത്. നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്യുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകുന്ന മുറക്ക് തനത് ഫണ്ടിൽ വരവ് വെക്കുകയുമാണ് ചെയ്യുന്നത്.

നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്ന 06.06.2024 ലെ LSGD/PD/20410/2024/PENA6 നമ്പർ കത്തിനൊപ്പം ഉള്ള പത്രിക പ്രകാരം 31.03.2024 ൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കാനുള്ള തുക 6,49,91,535 രൂപയാണ്. എന്നാൽ നഗരസഭയിലെ പെൻഷൻ അലോട്ട്മെന്റ് രജിസ്റ്റർ പ്രകാരം ഇത് 7,00,26,986 രൂപയാണ്. 50,35,451 രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/M2/2024-25 തീയതി 12.01.2025 നുള്ള നഗരസഭ സെക്രട്ടറിയുടെ 06.02.2026 തീയതിയിലെ 319001-2026 നമ്പർ മറുപടിയിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

11.08.2023 ൽ നഗരസഭയ്ക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച അലോട്ട്മെന്റ് 25,50,033 രൂപയാണെന്നിരിക്കെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം അലോട്ട്മെന്റ് 52,02,700 രൂപയായിരുന്നു. ഇതിൻ പ്രകാരം 26,52,667/- രൂപയുടെ വ്യത്യാസമുള്ളതായി വിശദീകരിക്കുന്നുണ്ട്. കൂടാതെ 31.03.2023 ലെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക 6,16,68,384 രൂപയാണെന്നിരിക്കെ നഗരസഭയുടെ കണക്ക് പ്രകാരം ഇത് 5,91,68,384 രൂപയാണ്. 25,00,000 രൂപയുടെ വ്യത്യസമുണ്ട്. ഇതിൻ പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട തുകകയിലെ വ്യത്യാസം 51,52,667 (26,52,667+25,00,000) രൂപയാണ്. കൂടാതെ നഗരസഭ അടവാക്കേണ്ട കമ്മ്യൂട്ടേഷൻ തുക 58,608 രൂപയെന്നാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ ഇത് ഒരു മാസത്തെ തുകയാണെന്നും ഈ കാലയളവിൽ അടവാക്കേണ്ടത് 3 മാസത്തെ കമ്മ്യൂട്ടേഷൻ തുകയായ 1,75,824 രൂപയാണെന്നും ഇതിൻ പ്രകാരം നഗരസഭ അടവാക്കേണ്ട തുകയിൽ 1,17,216 രൂപയുടെ

വ്യത്യാസമുണ്ടായിട്ടുണ്ടെന്നും വിശദീകരിക്കുന്നു. മേല്പറഞ്ഞ പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ട 51,52,667 രൂപയിൽ നിന്നും അടവാക്കേണ്ട തുകയായ 1,17,216 രൂപ കഴിച്ചുള്ള 50,35,451 രൂപയുടെ വ്യത്യാസമെന്നാണ് നഗരസഭ സെക്രട്ടറിയുടെ മറുപടിയിൽ വിശദീകരിച്ചിരിക്കുന്നത്.

മേല്പറഞ്ഞ വ്യത്യാസം സെൻട്രൽ പെൻഷൻ ഫണ്ട് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി സ്റ്റേറ്റ്മെന്റ് കൃത്യമാക്കി, നഗരസഭക്ക് അർഹമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-35 ശുചിത്വമിഷൻ ഫണ്ട് - വക മാറ്റിയ തുക തിരികെ ഒടുക്കിയിട്ടില്ല**

ആലുവ നഗരസഭ മാർക്കറ്റിൽ ആധുനിക അറവുശാല നിർമ്മാണത്തിനായി ശുചിത്വ മിഷൻ ഫണ്ട് 138 ലക്ഷം രൂപ ലഭ്യമായതിൽ അറവുശാലയുടെ സ്ട്രക്ചർ നിർമ്മാണത്തിനായി 41.70 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. നഗരസഭയിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ബഹു. നഗരസഭ അദ്ധ്യക്ഷന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അറവുശാല നിർമ്മാണത്തിനുള്ള ശുചിത്വ മിഷൻ, UIDSSMT ഫണ്ട് എന്നിവ ഉപയോഗിച്ച് 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ അനിവാര്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സർക്കാർ ഉത്തരവ് നമ്പർ 105/എഫ്.എം.1/2020/ത.സ്വ.ഭ.വ തീയതി 20.05.2020 പ്രകാരം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 1.80 കോടി രൂപയോളം രൂപ മേല്പറഞ്ഞ ഫണ്ടുകളിൽ നിന്നും വകമാറ്റി ചെലവഴിച്ചിരുന്നു. തുക ചെലവഴിക്കാൻ അനുവദിച്ച മേല്പറഞ്ഞ ഉത്തരവിൽ, ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ തുക നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല. അറവുശാല നിർമ്മാണത്തിന്റെ ഫണ്ട് സൂക്ഷിച്ചിരുന്ന SBI 60057 ബാങ്ക് അക്കൗണ്ടിൽ 1,23,161.40 രൂപയാണ് 31.03.2025 ൽ നീക്കിയിരിപ്പുള്ളത്. ഈ സാഹചര്യത്തിൽ ശുചിത്വ മിഷൻ, UIDSSMT ഫണ്ടുകളിൽ നിന്നും എത്ര തുക, ഏത് ആവശ്യത്തിനായി വകമാറ്റി ചെലവഴിച്ചെന്നും ഈ അക്കൗണ്ടുകളിലെ നിലവിലെ നീക്കിയിരിപ്പ് തുക എത്രയെന്ന് അറിയിക്കുന്നതോടൊപ്പം തുക അതാത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടില്ലെങ്കിൽ അക്കാര്യം സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനും 10.02.2026 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 45/M2/2024-25 പ്രകാരം ആവശ്യപ്പെട്ടിരുന്നു. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിലനിൽക്കുന്നതിനാലും ദൈനംദിന കാര്യങ്ങൾക്ക്

ചെലവഴിക്കാൻ ഫണ്ടിന് ദൗർലഭ്യം നേരിടുന്നതിനാലും തുക തിരികെ അടവാക്കുന്നതിന് സാവകാശം അനുവദിക്കുന്നതിന് 08.04.2022 ലെ തീരുമാനം നമ്പർ 4 പ്രകാരം ബഹു. തദ്ദേശ വകുപ്പ് മന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളതായി മറുപടിയിൽ വിശദീകരിക്കുന്നു. നിവേദനത്തിന്മേൽ എന്ത് നടപടി ഉണ്ടായി എന്നോ എന്ത് മറുപടി ലഭിച്ച എന്നോ വ്യക്തമാക്കിയിട്ടില്ല. നഗരസഭയുടെ തനത് ആവശ്യങ്ങൾക്കുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം വകമാറ്റി ചെലവഴിച്ച തുക അതാത് ഫണ്ടിൽ തിരികെ ഒടുക്കുന്നതിനോ അല്ലാത്തപക്ഷം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് സർക്കാരിൽ നിന്നും ഉചിതമായ നിർദ്ദേശം ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

**1-36 സാമൂഹ്യ സുരക്ഷാ പെൻഷൻ – അനർഹരെയും മരണപ്പെട്ടവരെയും ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല.**

അർഹതാ മാനദണ്ഡങ്ങൾ ലംഘിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരിൽ നിന്ന് തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് സൂചന 1 സ.ഉ (കൈ.നം) 97/2020/ധന തീയതി 23.09.2020 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ആലുവ നഗരസഭയിൽ അനർഹരായ പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് പലിശ സഹിതം തുക തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പേര് നീക്കം ചെയ്യാൻ വൈകിയത് മൂലം അനർഹമായി പെൻഷൻ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയിട്ടുണ്ടെങ്കിൽ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുന്നതിന് മരണപ്പെട്ട പെൻഷനറുടെ അവകാശികൾ /ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഡയറക്ട് ടു ഹോം പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ വിവരം ബാങ്കുകൾ അറിയിച്ചിട്ടുണ്ടെങ്കിൽ നഗരസഭ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ സർക്കുലർ നം 63/2021/Fin തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന് കീഴിൽ താമസമാക്കിയവരുണ്ടങ്കിൽ അടുത്ത മാസം പത്താം തീയതിക്ക് മുൻപായി ആ പ്രാദേശിക സർക്കാരിൽ അറിയിക്കേണ്ടതും ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആയത് പ്രകാരം ആലുവ നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരുകളിലെ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടങ്കിൽ ആയതിന്റെ വിവരം

ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ സമയപരിധിക്കുള്ളിൽ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡിസ്സെബിലിറ്റി പെൻഷൻ കൈപ്പറ്റുന്നവരിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/എം.3/2024-25 തീയതി 03.02.2026 -ന് നഗരസഭ മറുപടി നൽകിയിട്ടില്ല.

1-37 അഗതിരഹിതകേരളം - പാവങ്ങൾക്കായുള്ള ഭക്ഷണക്കിറ്റ് വിതരണം മുടങ്ങി

സർക്കാർ ഉത്തരവ് നം.(എം എസ് ) 252/2017/തസ്വഭവ,തീയതി. 12-12-2017

ഫയൽ നം.CDS/27/2024-25

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആശ്രയ പദ്ധതിയുടെ ഏകീകൃതരൂപമെന്ന നിലയിൽ മേൽ ഉത്തരവ് പ്രകാരം സംസ്ഥാനസർക്കാർ ആരംഭിച്ച പദ്ധതിയാണ് അഗതിരഹിതകേരളം പദ്ധതി. നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെയും തുടർന്നും സേവനം അർഹിക്കുന്നവരെയും ഉൾപ്പെടുത്തിയാണ് അഗതിരഹിതകേരളം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്കായി കുടുംബശ്രീ വഴി സംസ്ഥാനസർക്കാർ അനുവദിക്കുന്ന ചലഞ്ച് ഫണ്ടും ശേഷം പദ്ധതി തുക മുഴുവനും നഗരസഭകൾ സ്വന്തമായും കണ്ടെത്തണം. അതിജീവനാവശ്യങ്ങളായ ഭക്ഷണം,ആരോഗ്യം,വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ഫണ്ട് ചെലവഴിക്കാവുന്നതാണ്. ഭക്ഷണം നൽകുന്നതിനായി തെരഞ്ഞെടുക്കുന്ന അഗതി കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാധനങ്ങൾക്ക് പുറമേ പോഷകാഹാരക്കിറ്റും ലഭ്യമാക്കേണ്ടതാണ്. ഒരു അംഗമുള്ള കുടുംബത്തിന് പ്രതിമാസം 500 രൂപയും , രണ്ട് അംഗങ്ങൾ ഉള്ള കുടുംബത്തിന് 700 രൂപയും , മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉള്ള കുടുംബത്തിന് 900 രൂപയും ഭക്ഷണത്തിനായി വിനിയോഗിക്കാവുന്നതാണ്. പദ്ധതി മാർഗരേഖ , സർക്കാർ ഉത്തരവ്(കൈ) നം.86/2022/തസ്വഭവ, തീയതി 19-4-2022, 5.2 പ്രകാരമുള്ള അനിവാര്യ വകയിരുത്തൽ എന്നതിൽ വികസനഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കിവയ്ക്കേണ്ടതായ ഒരു പദ്ധതിയാണ് അഗതിരഹിതകേരളം പദ്ധതി.

ഫയൽ നം,CDS/1127/2024-25 പരിശോധനയിൽ, 2025 ജൂലൈ വരെ ഭക്ഷണക്കിറ്റ്

നൽകിയതിന്റെ തുക സപ്ലൈകോയ്ക്ക് നൽകിയതായി കാണുന്നുണ്ട്. അതിന്ശേഷം ഭക്ഷണക്കിറ്റ് വിതരണം നടത്തിയിട്ടില്ല. 2025 ഓഗസ്റ്റ് മാസം മുതൽ ഭക്ഷണക്കിറ്റ് വിതരണം മുടങ്ങിയതായി കാണുന്നുണ്ട്. 2025-26 വർഷത്തിൽ പദ്ധതിയ്ക്കായി, 2,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 2025 ജൂലൈ വരെ 1,19,899 രൂപ ചെലവായിട്ടുണ്ട്. 80,101 രൂപ ചെലവ് ചെയ്യാൻ ബാക്കിയിരിക്കെ , പദ്ധതിയിൽ വീഴ്ച വരുത്തിയതിന്റെ സാഹചര്യം എന്താണെന്ന് ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/AO/2024-25 തീയതി 06.01.2026 -ന് നഗരസഭാ അധികൃതരിൽ നിന്നും വ്യക്തമായ മറുപടി ലഭ്യമായില്ല. അഗതികളുടെ അതിജീവനത്തിനായി മുൻഗണനയോടെ നടപ്പാക്കേണ്ട ഈ പദ്ധതി മുടങ്ങത്തക്ക വിധം ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ മുൻഗണന നൽകേണ്ട പദ്ധതികളുടെ നടത്തിപ്പിന് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന അനാസ്ഥ ഓഡിറ്റ് ഗൗരവതരമായി വീക്ഷിക്കുന്നു. 2025-26 പദ്ധതി വർഷം അവസാനിക്കാൻ രണ്ട് മാസം ബാക്കി നിൽക്കുമ്പോഴും, പദ്ധതിപ്പണം ബാക്കി ഉണ്ടായിരുന്നിട്ടും ചെലവഴിക്കാതെ , അഗതികൾക്കായുള്ള ഭക്ഷണക്കിറ്റ് വിതരണം മുടങ്ങിയത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

**1-38 ഐ സി ഡി എസ് സൂപ്പർവൈസർ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല.**

2024-25 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിൽ അപാകതകളുള്ളതായി കാണുന്നു. പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി എഴുതി പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

**ക്യാഷ് ബുക്ക്**

ICDS സൂപ്പർവൈസറുടെ 2024-25 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ പോരായ്മകളുണ്ട്. പേജ് 28 ൽ 22.11.2024 തീയതിയിലെ 1,72,860 രൂപയുടെ രേഖപ്പെടുത്തൽ ആവർത്തനമാണ്. ഇതേ തുക 30.11.2024 തീയതിയിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പേജ് നമ്പർ 31 ൽ 22.03.2025 ൽ 12,096 രൂപയും 10.03.2025 ൽ 1,68,700 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ ചെലവുണ്ടായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നമ്പർ 02/M2/2024-25 തീയതി 04.07.2025 നുള്ള വിശദീകരണത്തിൽ 2024 - 25 ൽ ബില്ല് നഗരസഭയിലേക്ക് നൽകിയെന്നും എന്നാൽ ബില്ല് പാസ്സായില്ലെന്നും 2025-26 ലാണ് ബില്ല് പാസ്സായതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ബില്ലുകൾ ട്രഷറിയിൽ നിന്നും പാസ്സാകുന്ന മുറക്ക് ക്യാഷ് ബുക്കിൽ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നാണ് 2024-25 സാമ്പത്തിക വർഷത്തിലെ രേഖപ്പെടുത്തലുകൾ ഒഴിവാക്കി 2025-26 സാമ്പത്തിക വർഷത്തിൽ ചേർത്ത് ക്യാഷ് ബുക്കിലെ അപാകത പരിഹരിച്ചത്.

<u>സ്റ്റോക്ക് രജിസ്റ്റർ</u>

ICDS സൂപ്പർവൈസർ കൈകാര്യം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിതരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ അപാകതയുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) 11.03.2025 തീയതിയിലെ ഇഷ്യൂ നമ്പർ 0701108/241525 ഗുഡ്സ് ഇഷ്യൂ ഷീറ്റ് പ്രകാരമുള്ള 2 ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2) 18.01.2025 തീയതിയിലെ ആലുവ സൂപ്പർ മാർക്കറ്റിന്റെ SL/0701108/00020/24-25 ഇൻവോയ്സ് പ്രകാരം റാഗി പൊടി 60 പാക്കറ്റ് വരവുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30 പാക്കറ്റാണ് വിതരണം നടത്തിയിരിക്കുന്നത്.

3) 29.11.2024 തീയതിയിലെ ആലുവ സൂപ്പർ മാർക്കറ്റിന്റെ SL/0701108/00016/24-25 ഇൻവോയ്സ് പ്രകാരം റാഗി പൊടി 54 പാക്കറ്റ് വരവുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 27 പാക്കറ്റാണ് വിതരണം നടത്തിയിരിക്കുന്നത്.

4) 22.10.2024 തീയതിയിലെ ആലുവ സൂപ്പർ മാർക്കറ്റിന്റെ SL/0701108/00014/24-25 ഇൻവോയ്സ് പ്രകാരമുള്ള 8 ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേല്പറഞ്ഞവക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2024-25 തീയതി 04.07.2025 നുള്ള വിശദീകരണത്തിൽ ക്രമ നമ്പർ 1 ന്റെ കാര്യത്തിൽ കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിച്ച അരിയും ഗോതമ്പുമാണ് സ്റ്റോക്കിൽ ചേർക്കാതിരുന്നതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത വിഹിതമാണെങ്കിലും ICDS സൂപ്പർവൈസർ മുഖേന വിതരണം നടത്തുന്ന സാഹചര്യത്തിൽ സ്റ്റോക്കിൽ എടുക്കേണ്ടതാണ്. ക്രമ നമ്പർ 2, 3 ൽ ഭക്ഷ്യവസ്തുവായ റാഗിയുടെ പാക്കറ്റുകളുടെ എണ്ണമാണ് വരവെടുത്തതെന്നും വിതരണസമയത്ത് എണ്ണത്തിന് പകരം തൂക്കമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതെന്നും വിശദീകരിക്കുന്നു. ഇൻവോയ്സ് പ്രകാരമുള്ള വരവ് ഏത് രീതിയിലാണോ സ്റ്റോക്ക് രജിസ്റ്ററിൽ

എടുത്തിരിക്കുന്നത് അതിൻ പ്രകാരം വിതരണവിവരവും രേഖപ്പെടുത്തേണ്ടതായിരുന്നു. ക്രമ നമ്പർ 4 പ്രകാരമുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ മറന്നുപോയതാണെന്നാണ് വിശദീകരിക്കുന്നത്.

മേല്പറഞ്ഞ പ്രകാരം ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും പോരായ്മകളുണ്ടായിട്ടുണ്ട്. സർക്കാർ ഫണ്ട്, സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്വരൂപിക്കുന്ന വിഭവങ്ങൾ എന്നിവയുടെ വിവരങ്ങൾ ശരിയായി രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-39 ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും പൊരുത്തപ്പെടുന്നില്ല**

ICDS സൂപ്പർവൈസർ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രോജക്റ്റുകളുടെ ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ അപാകതകൾ കാണുന്നു. ട്രഷറി ബില്ലുകളോടൊപ്പം ശരിയായ അനുബന്ധ രേഖകൾ സമർപ്പിക്കാതിരിക്കുകയോ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകൾ ബില്ലുമായി പൊരുത്തപ്പെടാതിരിക്കുകയോ ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1). ബിൽ റഫറൻസ് നമ്പർ 033898 തീയതി 13.12.2024 പ്രകാരം 65,046 രൂപ ചെലവുണ്ട്. എന്നാൽ ഈ ബില്ലിനൊപ്പമുള്ള കൈപ്പറ്റുകൾ ബിൽ തുകയുമായി പൊരുത്തപ്പെടുന്നില്ല. 31,302 രൂപയുടെ കൈപ്പറ്റ് ബിൽ റഫറൻസ് നമ്പർ 553337 തീയതി 17.08.2024 പ്രകാരമുള്ളതാണെന്ന് കാണുന്നു. 31,968/- രൂപയുടെ കൈപ്പറ്റ് ട്രഷറി ബില്ലുമായി പൊരുത്തപ്പെടുന്നില്ല.

2). 13.03.2025 തീയതിയിലെ ബിൽ റഫറൻസ് നമ്പർ രേഖപ്പെടുത്താത്ത 29,702 രൂപയുടെ ബില്ലിനൊപ്പമുള്ള സ്റ്റേറ്റ്മെന്റിലെ തുകകൾ വൗച്ചറുമായി പൊരുത്തപ്പെടുന്നില്ല.

3). 08.07.2024 തീയതിയിലെ ബിൽ റഫറൻസ് നമ്പർ രേഖപ്പെടുത്താത്ത 52,821 രൂപയുടെ ബില്ലിനൊപ്പം ചെലവ് രേഖകൾ ലഭ്യമല്ല.

4). 09.07.2024 തീയതിയിലെ ബിൽ റഫറൻസ് നമ്പർ രേഖപ്പെടുത്താത്ത 19,630 രൂപയുടെ ബില്ലിനൊപ്പം ചെലവ് രേഖകൾ ലഭ്യമല്ല.

5). 26.09.2024 തീയതിയിലെ ബിൽ റഫറൻസ് നമ്പർ രേഖപ്പെടുത്താത്ത 22,060 രൂപയുടെ ബില്ലിനൊപ്പമുള്ള ചെലവ് രേഖകൾ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വാർഡ് - 6 ലെ അങ്കണവാടിക്കുള്ള പാചക വാതകത്തിന്റെ ബില്ലുണ്ടെങ്കിലും തുക അനുവദിച്ചതായി കാണുന്നില്ല.

6). 11.12.2024 തീയതിയിലെ ബിൽ റഫറൻസ് നമ്പർ രേഖപ്പെടുത്താത്ത 36,473, 10,874 രൂപയുടെ

ബില്ലുകൾക്കൊപ്പം അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7). 13.03.2025 തീയതിയിലെ ബിൽ റഫറൻസ് നമ്പർ 524776 പ്രകാരമുള്ള 19,630 രൂപയുടെ ബില്ലിനൊപ്പം അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2024-25 തീയതി 04.07.2025 നുള്ള മറുപടിയിൽ ക്രമ നമ്പർ 1 ൽ പറയുന്ന ട്രഷറി ബില്ലിനൊപ്പമുള്ള കൈപ്പറ്റുകൾ തൊട്ട് മുമ്പത്തെ അമൃതം ബില്ലിന്റേതാണെന്നും അമൃതം യൂണിറ്റ് ഈ രീതിയിലാണ് ബില്ലുകൾ തരുന്നതെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. എന്നാൽ അമൃതം യൂണിറ്റുകാർ തരുന്ന ബില്ലുകൾ ബന്ധപ്പെട്ട ട്രഷറി ബില്ലിനൊപ്പമാണ് ഓഡിറ്റിന് സമർപ്പിക്കേണ്ടത്. മേല്പറഞ്ഞിരിക്കുന്ന ക്രമ നമ്പർ 2 മുതൽ 7 വരെയുള്ളവയുടെ കാര്യത്തിലും ബില്ലുകളോടൊപ്പം അനുബന്ധ രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടെത്തി ഫയലുകളിൽ നിന്നും രേഖകൾ കണ്ടെത്തി ലഭ്യമാക്കുകയായിരുന്നു. ട്രഷറി ബില്ലുകളോടൊപ്പം ബന്ധപ്പെട്ട രേഖകൾ ശരിയായി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ ശരിയായി നടത്തേണ്ടതുമാണ്.

**1-40 മെൻസ്ട്രുവൽ കപ്പ് വിതരണം - മുൻവർഷം വാങ്ങിയത് വിതരണം പൂർത്തിയാക്കാതെ പുതിയ പ്രോജക്ടിൽ വീണ്ടും വാങ്ങി.**

| | | |
|---|---|---|
| പ്രൊജക്ട് നം. | : | 132/24-25 മെൻസ്ട്രുവൽ കപ്പ് വിതരണം |
| ഫണ്ട് | : | പൊതുവിഭാഗം വികസന ഫണ്ട് |
| അടങ്കൽ | : | 2,00,000 രൂപ |
| ചെലവ് | : | 2,00,000 രൂപ |
| ബിൽ നം. /തീയതി | : | 411/22.03.2025 |
| നിർവഹണോദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 158/2024-25 (സ്പിൽ ഓവർ- മെൻസ്ട്രുവൽ കപ്പ് വിതരണം എന്നതിൽ, പെരുമ്പാവൂർ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 05.03.2024 ലെ 11716 -ാം നമ്പർ ഇൻവോയ്സ് പ്രകാരം മെൻസ്ട്രുവൽ കപ്പ് - Large 250 എണ്ണവും, 05.03.2024 ലെ 11717 നമ്പർ ഇൻവോയ്സ് പ്രകാരം Medium- 250 എണ്ണവും വാങ്ങിയിട്ടുണ്ട്. 31.08.2024 ലെ സി1-5115/2023 നമ്പർ കത്ത് പ്രകാരം മെൻസ്ട്രുവൽ കപ്പ് -Large Size- 219 , Medium Size – 119 എണ്ണവും വിതരണം ചെയ്യാൻ ബാക്കിയുള്ളതായി സൂപ്രണ്ട് നഗരസഭയെ അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 132/25 (New) പ്രകാരം മെൻസ്ട്രുവൽ കപ്പ് വിതരണം പദ്ധതിയിൽ വീണ്ടും Neethi Medical Store -ന്റെ 22.03.2025 -ലെ 23935 ബില്ല് പ്രകാരം, മെൻസ്ട്രുവൽ കപ്പ് Small Size - 131

എണ്ണം, Medium – 525 എണ്ണം, Large Size – 131 എണ്ണം എന്നിങ്ങനെ വീണ്ടും 787 എണ്ണം വാങ്ങിയിട്ടുണ്ട്. വിതരണത്തിനായി 338 എണ്ണം അവശേഷിക്കേ , വീണ്ടും 787 എണ്ണം വാങ്ങാനിടയായ സാഹചര്യം ഓഡിറ്റിന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.04/AO/2024-25 തീയതി 23.08.2025 -ന് സൂപ്രണ്ട് നൽകിയ മറുപടിയിൽ , പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് നഗരസഭയിൽ 2025 മാർച്ചിൽ നടന്ന മീറ്റിംഗിൽ , വിതരണത്തിനായി 338 എണ്ണം അവശേഷിക്കുന്ന വിവരം നഗരസഭയെ അറിയിച്ചിട്ടുള്ളതാണെന്നും, വിതരണം ചെയ്യാതെ അവശേഷിക്കുന്ന മെൻസ്ട്രൽ കപ്പ് വിതരണത്തിനായി നടപടികൾ സ്വീകരിക്കാമെന്നും, 2024-25 പ്രോജക്ട് നഷ്ടപ്പെടുത്താതിരിക്കാനായി പുതിയ പ്രോജക്ട് പ്രകാരമുള്ള വാങ്ങൽ നടത്തണമെന്ന് നഗരസഭയിൽ നിന്നും നിർദ്ദേശിച്ചത് പ്രകാരമാണ് വാങ്ങിയതെന്നും സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. പിന്നീട് ഈ വിഷയം സംബന്ധിച്ച് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ ഇവ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കി വാങ്ങൽ നടത്തുമ്പോൾ , ആവശ്യകത കണക്കാക്കി വാങ്ങൽ നടത്തേണ്ടതും അനാവശ്യമായി പദ്ധതിപ്പണം ചെലവ് ചെയ്യുന്നത് ഒഴിവാക്കേണ്ടതുമാണ്.

**1-41 കുടുംബശ്രീയുടെ ബാലസഭ പദ്ധതി – പഠന യാത്ര – ചെലവ് രേഖകൾ സുതാര്യമല്ലാത്തതിനാൽ 21,296 രൂപ തടസ്സപ്പെടുത്തുന്നു**

| | | |
|---|---|---|
| പ്രോജക്ട് നം | : | 117/2024-25 |
| പ്രോജക്ടിന്റെ പേര് | : | ബാലസഭ (പഠന യാത്ര) |
| അടങ്കൽ തുക | : | 50,000 രൂപ |
| ചെലവ് | : | 21,296 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | : | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ബിൽ നം/ തീയതി | : | 422/24.03.2025 |

ആലുവ നഗരസഭയിൽ കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭയ്ക്കുവേണ്ടി 2024-25 സാമ്പത്തികവർഷം കുട്ടികൾക്കായി പഠന യാത്ര സംഘടിപ്പിച്ച വകയിൽ 21,296 രൂപ അജ്മൽ എ.എം എന്നയാളുടെ അക്കൗണ്ടിലേക്ക് (A/C No 15790100061869, Federal Bank)

നൽകിയിട്ടുണ്ട്. ടാക്സി രസീത് അല്ലാതെ പഠന യാത്ര നടത്തിയതിന്റെ മറ്റ് തെളിവുകളൊന്നും ഫയലിനൊപ്പം നൽകിയില്ല. ഇരുപതിനായിരം രൂപയിലധികം ചെലവഴിച്ചെങ്കിലും ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുകക്ക് യാത്ര സംഘടിപ്പിക്കാൻ ശ്രമിച്ചില്ല. അജ്മൽ എന്ന ആളെ പ്രവൃത്തി ഏൽപ്പിച്ചത് ഏത് മാനദണ്ഡ പ്രകാരമെന്ന് വ്യക്തമല്ല. പഠന യാത്രയിൽ പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളില്ലാതെ ഡ്രൈവറുടെ അക്കൗണ്ടിലേക്ക് പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/ M3/2024-25 തീയതി 01.09.2025 നുള്ള മറുപടിയായി പഠന യാത്രയിൽ പങ്കെടുത്ത കുട്ടികളുടെ പേരുകൾ ലഭ്യമാക്കിയെങ്കിലും മറ്റു രേഖകളൊന്നും പരിശോധനക്ക് നൽകിയിട്ടില്ല. പഠന യാത്ര നടത്തിയ വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ വ്യക്തമായി പാലിക്കുന്നതിനും ചെലവ് രേഖകൾ സുതാര്യമായി സൂക്ഷിക്കുന്നതിനും പ്രഥമ പരിഗണന നൽകേണ്ടതാണ്. ചെലവ് രേഖകൾ സുതാര്യമല്ലാത്തതിനാൽ പഠനയാത്രക്കായി ചെലവഴിച്ച 21,296 രൂപ തടസ്സപ്പെടുത്തുന്നു.

**1-42 ഹരിതകർമ്മസേന മുഖേനയുള്ള റിജക്റ്റഡ് മാലിന്യ സംസ്കരണം - അപാകതകൾ**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | SO 063/25 |
| പ്രോജക്റ്റ് പേര് | : | അജൈവ മാലിന്യം - ഹരിതകർമ്മസേന റിജെക്റ്റ് മാലിന്യം സംസ്കരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | : | 8,69,000 രൂപ |
| ചെലവ് | : | 6,59,870 രൂപ |
| ബിൽ നമ്പർ/തീയതി | : | 130-14.03.2025 - 'Q' Bill ആയതിനാൽ 2024-25 ൽ ചെലവ് നടന്നിട്ടില്ല |

2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മേല്പറഞ്ഞ പ്രോജക്റ്റിൽ പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി, പ്ലാൻ @ എർത്ത്, ആലുവ എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. സ്ഥാപനം നൽകുന്ന വെയ് ബ്രിഡ്ജിലെ വെയ്മെന്റ് സ്ലിപ്പിലെ തൂക്കത്തിന് അനുസൃതമായാണ് തുക അനുവദിക്കുന്നത്. മാലിന്യം കയറ്റുന്നതിന് മുമ്പുള്ള വാഹനത്തിന്റെ തൂക്കവും മാലിന്യം കയറ്റിയതിന് ശേഷമുള്ള തൂക്കവും തമ്മിലുള്ള വ്യത്യാസമാണ് മാലിന്യത്തിന്റെ തൂക്കമായി പരിഗണിക്കുന്നത്. ഈ

വെയ്മെന്റ് സ്ലിപ്പുകൾ ക്ലീൻ സിറ്റി മാനേജർ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ഈ വെയ്മെന്റ് സ്ലിപ്പുകളിൽ ഗുരുതരമായ തെറ്റുകളുണ്ടായിട്ടും തുക അനുവദിച്ചിരിക്കുന്നു. ഏതാനും സ്ലിപ്പുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ലിപ്പ് നമ്പർ | വാഹനത്തിൻെറ കാലിയായ തൂക്കം എടുത്ത തീയതി/ സമയം | വാഹനത്തിന്റെ ലോഡ് കയറ്റിയ തൂക്കം എടുത്ത തീയതി/സമയം | തൂക്കം |
|---|---|---|---|---|
| 1 | 6333 | 22.08.2024/10.14AM | 22.08.2024/09.47AM | 3250Kg |
| 2 | 6345 | 22.08.2024/01.12PM | 22.08.2024/12.35PM | 3320Kg |
| 3 | 7283 | 04.10.2024/12.52PM | 04.10.2024/11.45PM | 3440Kg |
| 4 | 6644 | 05.09.2024/11.09AM | 05.09.2024/10.37AM | 2960Kg |
| 5 | 8025 | 05.11.2024/11.02AM | 05.11.202410.26AM | 3225Kg |
| 6 | 2141 | 24.08.2024/14.12.07 | 24.08.2024/14.12.54 | 2150Kg |

കരാർ പ്രകാരം മാലിന്യം കൊണ്ടുപോകുന്ന വാഹനത്തിന്റെ തൂക്കം മാലിന്യം കയറ്റുന്നതിന് മുമ്പും കയറ്റിയതിനുശേഷവും പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ / സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ മേൽനോട്ടത്തിൽ തൂക്കി തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ മേല്പറഞ്ഞിരിക്കുന്ന സ്ലിപ്പുകളിൽ ക്രമ നമ്പർ 1 മുതൽ 5 വരെയുള്ളവയിൽ കരാറിന് വിരുദ്ധമായി മാലിന്യം കയറ്റിയ തൂക്കം എടുത്തശേഷമാണ് വാഹനത്തിന്റെ കാലിയായ തൂക്കം (മാലിന്യം ഇറക്കിയ ശേഷമുള്ള തൂക്കം) എടുത്തിരിക്കുന്നത്. മാത്രവുമല്ല നഗരസഭാ പരിധിയിൽ നിന്നും 15 കിലോമീറ്ററോളം ദൂരത്തുള്ള വെങ്ങോലയിലെ വെയ്ബ്രിഡ്ജിലാണ് തൂക്കമെടുത്തിരിക്കുന്നത്. അതിനാൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാലിന്യത്തിന്റെ തൂക്കം തിട്ടപ്പെടുത്തണമെന്ന കരാർ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. മാലിന്യം കയറ്റിയതിന് ശേഷമുള്ള തൂക്കം എടുത്ത സമയവും കാലിയായ വാഹനത്തിന്റെ തൂക്കം എടുത്ത സമയവും തമ്മിലുള്ള വ്യത്യാസം അര മണിക്കൂറിനും ഒരു മണിക്കൂറിനുമിടയിലാണ്. അതായത് ഇത്രയും ചെറിയ സമയത്തിനുള്ളിൽ 3 ടണ്ണിലധികം വരുന്ന മാലിന്യം സംസ്കരണകേന്ദ്രത്തിൽ എത്തിച്ച് ഇറക്കി, വാഹനം തിരിച്ചെത്തി തൂക്കമെടുത്തു എന്നത് വിശ്വസനീയമല്ല. ക്രമ നമ്പർ 6

ന്റെ കാര്യത്തിൽ കാലിയായ വാഹനത്തിന്റെ തൂക്കമെടുത്ത സമയവും ലോഡ് കയറ്റിയ വാഹനത്തിന്റെ തൂക്കമെടുത്ത സമയവും തമ്മിലുള്ള വ്യത്യാസം 47 സെക്കന്റ് മാത്രമാണ്. ഈ സമയത്തിനിടയിൽ 2150 Kg മാലിന്യം വാഹനത്തിൽ കയറ്റി തൂക്കമെടുത്തതായാണ് ക്ലീൻ സിറ്റി മാനേജർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായും അസംഭവ്യവുമായ വിവരങ്ങൾ രേഖപ്പെടുത്തിയ ബില്ലുകൾ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/M2/2024-25 തീയതി 24.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വാഹനത്തിലെ മാലിന്യം തൂക്കി തിട്ടപ്പെടുത്തണമെന്ന വ്യവസ്ഥക്ക് വിരുദ്ധമായി കരാറുകാർ ഹാജരാക്കുന്ന ബില്ലുകളിന്മേൽ യാതൊരു പരിശോധനയുമില്ലാതെ തുക അനുവദിക്കുകയായിരുന്നുവെന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-43 വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം – ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിന് നല്കിയ 13,36,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നം. | : 312/24-25 |
| പ്രോജക്ട് പേര് | : വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം |
| ഫയൽ നം | : E1/1298/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | : 25,00,000 രൂപ |
| ചെലവ് | : 13,36,000 രൂപ |
| ബിൽ നം. തിയതി | : 391/21.3.2025 |

ആലുവ നഗരസഭയിലെ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണത്തിന്റെ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡ്രഡ്ജർ ഡിവിഷൻ എറണാകുളം തയ്യാറാക്കിയ 11,64,000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2023-24 സാമ്പത്തികവർഷത്തിൽ 11,64,000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ, ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് ശേഷം ഈ പ്രവൃത്തിയ്ക്ക് ഒരു ടെണ്ടറും , നാല് റീ ടെണ്ടറുകളും ചെയ്തിരുന്നുവെങ്കിലും ആരും ടെണ്ടർ സ്വീകരിച്ചിരുന്നില്ലായെന്നും , ഡ്രെഡ്ജർ ക്യാപ്റ്റൻ സി-2 സൈറ്റ് സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിരിക്കുന്നത് പോലെ മെഷിനറികൾ റീകണ്ടീഷൻ ചെയ്യുന്നത് ശ്രമകരമായതിനാൽ മെഷിനറികൾ റീപ്ലേയ്സ് ചെയ്യുന്നതാണ് അഭികാമ്യം എന്നും ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരുമെന്നും അഭിപ്രായപ്പെട്ടു. അതിൻ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗം ഇറിഗേഷൻ, ആലപ്പുഴ, 25,00,000 രൂപയുടെ

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും , അത് പ്രകാരമുള്ള ബാലൻസ് തുകയായ 13,36,000 രൂപ 21.03.2025 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ ഡിവിഷൻ , ഇറിഗേഷൻ ആലപ്പുഴയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.86/2022, തീയതി 19.04.2022, ഖണ്ഡിക 12.2, ഡെപ്പോസിറ്റ് വർക്കുകൾ എന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. എന്നാൽ തുക കൈമാറുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/AO/2024-25 തീയതി 27.01.2026 -ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടു എന്ന് പറയുന്നുണ്ടെങ്കിലും കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) നിർവഹണ ഏജൻസിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും, കരാറുകാരനും തമ്മിലുള്ള കരാറിന്റെ ഒരു പകർപ്പാണ് ഫയലിൽ ഉള്ളത്. 30.07.2025 ൽ ഒപ്പ് വച്ച ഈ കരാറിന്റെ (കരാർ നം.2/2025-26/EE/MD/IRRGN/ALP) കാലാവധി ആറ് മാസമാണ്. കരാർ പ്രകാരം, 2026 ജനുവരി 30 നകം പൂർത്തിയാക്കേണ്ടതാണെങ്കിലും അവിടെ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. നിലവിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള വഴി അദ്വൈതാശ്രമം അധികൃതർ മതിൽ പണിത് അടച്ച് ആ ഭാഗം ആശ്രമത്തിന്റെ സ്വത്തായി കാണിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നഗരസഭാ അധികൃതരും ആശ്രമം അധികൃതരും തമ്മിൽ തർക്കം നടന്ന് കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ പ്രവൃത്തി സംബന്ധിച്ച് ഒരു അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ചർച്ചചെയ്ത് മുൻകൂറായി നൽകിയ തുക തിരികെ വാങ്ങുകയോ അതല്ലെങ്കിൽ അനുകൂലമായ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അനുകൂലനടപടികൾ സ്വീകരിക്കുന്നത് വരെ ചെലവ് ചെയ്ത 13,36,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.





വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം നിലച്ച അവസ്ഥയിൽ

**1-44 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -മാനദണ്ഡങ്ങൾക്ക വിരുദ്ധമായി മുൻകൂർ തുക അനുവദിച്ചു**

ആലുവ നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 129/2024-25 നമ്പർ പ്രോജക്ടിൽ പി.എം.എ.വൈ ഭവന നിർമ്മാണത്തിനായി 6,00,000 രൂപ വകയിരുത്തിയിരുന്നു. പി.എം.എ.വൈ നാലാം ഡി.പി.ആറിൽ (2020-21) ഉൾപ്പെട്ട ശ്രീമതി രാധാശിവൻ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് ഗഡു തുകയും കൈപ്പറ്റിയിട്ടുണ്ട്. രേഖകളെല്ലാം സമർപ്പിച്ച് കരാറിലേർപ്പെടുമ്പോൾ ഒന്നാം ഗഡുവും, തറ നിർമ്മാണം പൂർത്തിയായാൽ രണ്ടാം ഗഡുവും അനുവദിക്കാവുന്നതാണ്. ഒന്നാം ഗഡു അനുവദിച്ചതിനു ശേഷം തുടർപ്രവൃത്തികൾ നിർവ്വഹിക്കാതിരുന്നതിനാൽ ശ്രീമതി രാധാശിവന് അറിയിപ്പ് നൽകുകയും അതിനെത്തുടർന്ന് തറ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. മേൽക്കൂര നിർമ്മിക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ മൂന്നാം ഗഡുവായ 1,60,000 രൂപയിൽ നിന്ന് 80,000 രൂപ അനുവദിക്കണമെന്ന ശ്രീമതി രാധാശിവന്റെ അപേക്ഷ പരിഗണിച്ച് നഗരസഭാ കൗൺസിലിന്റെ 29/03/2025 ലെ 26/1 -ാം നമ്പർ തീരുമാന പ്രകാരം 80,000 രൂപ അനുവദിച്ചു. ശ്രീമതി രാധാശിവന് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | അനുവദിച്ച തുക (രൂപ) | ബിൽതീയതി | ഉത്തരവ്നം /തീയതി |
|---|---|---|---|
| ഒന്നാം ഗഡു | 40,000 | 24/03/2022 | CDS/016054/23.03.2022 |

| | | | |
|---|---|---|---|
| രണ്ടാംഗഡു | വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. | | |
| മൂന്നാം ഗഡു | 80,000 (പകുതി) | TM070800-25000007/ 23.05.2025 | Payment Advice NoC012539094690 |

നഗരസഭാ സെക്രട്ടറിയും ശ്രീമതി രാധാശിവനും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മുൻകൂർ തുക അനുവദിച്ചത് ക്രമ വിരുദ്ധമാണ് . രണ്ടു ലക്ഷം രൂപ കൈപ്പറ്റിയതായി ശ്രീമതി രാധാശിവന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ടാംഗഡു നൽകിയത് സംബന്ധിച്ച രേഖകൾ (ബിൽ കോപ്പി) ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.07/M3/2024-25 തീയതി 02.09.2025) മറുപടിയായി രേഖകളുടെ പകർപ്പ് പരിശോധനക്ക് ഹാജരാക്കി.ശ്രീമതി രാധാശിവൻ വീട് നിർമ്മാണം പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. മതിയായ രേഖകൾ സമർപ്പിച്ച് നഗരസഭയുമായി കരാറിൽ ഏർപ്പെടുമ്പോൾ തന്നെ ഒന്നാം ഗഡു തുക മുൻകൂറായി ഗുണഭോക്താവിന് കൈമാറുന്നതാണ്. ഗുണഭോക്താവുമായി നഗരസഭാ സെക്രട്ടറി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പാലിക്കാതെ മുൻകൂർ അനുവദിച്ചത് ക്രമ വിരുദ്ധമാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്ന് നിർവ്വഹണോദ്യഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

**1-45 കെ - സ്മാർട്ട് സോഫ്റ്റ്‌വെയർ -ഓഡിറ്റർ ലോഗിനിൽ രേഖകൾ പൂർണ്ണമായി ലഭ്യമല്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ സ്മാർട്ട്(Kerala Solution For Managing Administrative Reformation And Transformation) കേരളത്തിലെ എല്ലാ നഗരസഭകളിലും 2024 ജനവരി 1 മുതൽ പ്രവർത്തിച്ചു വരുന്നു. പൊതു ജനങ്ങൾ അപേക്ഷ നൽകുന്നത് മുതൽ നഗരസഭയിൽ നിന്ന് സേവനം നൽകുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും അപേക്ഷകൾ നഗരസഭയിൽ നേരിട്ടെത്താതെ സേവനം നൽകുന്ന രീതിയിലാണ് കെ സ്മാർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആലുവ നഗരസഭയിൽ 01.01.2024 മുതൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്. ഫലപ്രദമായി ഓഡിറ്റ് നിർവ്വഹിക്കുന്നതിനുള്ള എല്ലാ റിപ്പോർട്ടുകളും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

**വരവ് പരിശോധന**

1) Cancelled Cheque Details Monthwise Report ലഭ്യമാകുന്നില്ല.

2) IKM Payment Gateway വഴിയുള്ള രസീത് പിരിവുകൾ അതാത് ദിവസം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

3)ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്യുന്ന തുകകളും ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്യുന്ന തുകകളും ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല.

4) നഗരസഭയുടെ കീഴിലുള്ള വാടകക്കെട്ടിടങ്ങളുടെ വാടക അതാത് മാസം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാലും കെ സ്മാർട്ടിൽ വരവ് വയ്ക്കാത്തിനാൽ രസീത് ചെയ്യുന്ന തീയതി വരെ വാടക കുടിശ്ശികയായി കാണിക്കുന്നു. ബാങ്കിലേക്ക് നേരിട്ടുള്ള ഒടുക്കുകൾ, പിൻവലിക്കലുകൾ എന്നിവ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല.

5) വസ്തു നികുതി പരിശോധന കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വർഷം അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാകുന്നില്ല.

6) ബിൽഡിങ്ങ്  പെർമിറ്റ് പരിശോധനക്കായി ഡൗൺ ലോഡ് ചെയ്യുന്ന പ്ലാനുകൾക്ക് വ്യക്തത കുറവായതിനാൽ പരിശോധനക്ക് തടസ്സം നേരിടുന്നു.

<u>ചെലവ് പരിശോധന</u>

1)ഓഡിറ്റർ ലോഗിനിൽ ലഭ്യമായ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റത്തിൽ സിസ്റ്റം സർവീസസ് എന്ന മൊഡ്യൂളിൽ വിവിധ ചെലവ് ഹെഡുകളിലെ നോട്ട് ഫയൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധനക്കാവശ്യമായ ബന്ധപ്പെട്ട രജിസ്റ്ററുകൾ, അറ്റൻഡൻസ് , ജീവനക്കാരുടെ ലീവ് വിവരങ്ങൾ , റിക്കവറി സംബന്ധിച്ച വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ചെലവ് പരിശോധന പൂർത്തിയാക്കാൻ മാന്വൽ ഫയലുകളെ ആശ്രയിക്കേണ്ടി വരുന്നു.

2) പേയ്മെന്റ് വൗച്ചറുകൾ ക്രമ നം അടിസ്ഥാനത്തിലല്ലാത്തതിനാൽ മിസ്സിങ്ങ് വൗച്ചറുകൾ കണ്ടെത്താൻ കഴിയുന്നില്ല. Excel Format ൽ ഡൗൺലോഡ് ചെയ്താൽ മാത്രമേ വൗച്ചറുകൾ ട്രേസ് ചെയ്യാൻ കഴിയൂ.

3) ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ കൃത്യമായി ലഭ്യമല്ലാത്തതിനാൽ കാഷ് ബുക്കിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം പരിശോധിച്ച് അംഗീകരിക്കാൻ കഴിയുന്നില്ല

മേൽ അപാകതകൾ ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-46 കാന ശുചീകരണത്തിനും ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ - നടപടിക്രമങ്ങളിലെ അപാകതകൾ. - 3,700 രൂപ അധികം നൽകി**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :ഹെൽത്ത് ഓഫീസർ |

2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ - SO 029/24 - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും കാന ശുചീകരണത്തിനും ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ എന്ന പ്രോജക്റ്റിൽ 13,00,000 രൂപ വകയിരുത്തിയതിൽ 4,96,900 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. നഗരസഭ പരിധിയിലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് ശുചീകരണം, കുറ്റിക്കാട് വെട്ടിത്തെളിക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ, കൊതുക നിവാരണ പ്രവർത്തികൾ ഉൾപ്പെടെയുള്ള വിവിധ ശുചീകരണ ജോലികൾ നിർവ്വഹിക്കുന്നതിനായി ഒരു വർഷ കാലയളവിലേക്ക് ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ, ഫ്ലോട്ടിങ്ങ് ജെ.സി.ബി എന്നിവ കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള വാടക നൽകുന്നതിനാണ് മേല്പറഞ്ഞ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. 12.06.2024 ലെ കൗൺസിൽ തീരുമാനം നമ്പർ 14 പ്രകാരം മുൻ കരാറുകാരനായ ശ്രീ. K.A. ഷറഫുദ്ദീന് ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ സ്വീകരിക്കാതെ ഈ പ്രവൃത്തി 15.07.2024 മുതൽ 15.07.2025 വരെ കാലാവധിയിൽ പുതുക്കി നൽകുകയായിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള 21.11.2024 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 38/AO/2023-24 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ കരാർ നൽകിയതിലെ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത്. ക്വട്ടേഷൻ നടപടികളിലും പദ്ധതി നടത്തിപ്പിലും മേൽനോട്ടത്തിലും നിരവധി വീഴ്ചകളുണ്ടായിട്ടുണ്ട്. കൂടാതെ 3,700 രൂപയുടെ അധികച്ചെലവുമുണ്ടായിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-3 കാണുക.

**1-47 ആധുനിക ക്രിമറ്റോറിയം - കരാറിന് വിരുദ്ധമായി GST അനുവദിച്ചു - 50,148 അധികച്ചെലവ്**

ആലുവ നഗരസഭയുടെ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം - ഡി.പി.ആർ തയ്യാറാക്കൽ എന്ന പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതി 3,98,000 രൂപയ്ക്ക് അർബൻ ഗ്രേ വാട്ടർ സൊല്യൂഷൻസ് എന്ന സ്ഥാപനം ഏറ്റെടുക്കുകയും 31.03.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ DPR തയ്യാറാകാത്ത സാഹചര്യത്തിൽ 2024-25 ൽ സൂചന പ്രോജക്റ്റിൽ 5 ലക്ഷം രൂപ വകയിരുത്തിയതിൽ 3,28,748 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറിന് വിരുദ്ധമായി GST അനുവദിച്ചതിലൂടെ 50,148 രൂപയുടെ അധിക

ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക.

**1-48 ഓപ്പൺ എയർ ഓഡിറ്റോറിയം റെയിൽവേ അധികാരികളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയില്ല**

1).

| | | |
|---|---|---|
| പ്രോജക്ട് നം | : | 186/24-25 |
| ഫയൽ നം. | : | E1-12357/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | : | 13,10,000 രൂപ |
| ചെലവ് | | 12,30,027 രൂപ |
| ബിൽ/ചെക്ക് നമ്പർ/തീയതി | | 1). 168682 തീയതി 12.08.2024 – തുക- 11,02,684 രൂപ |
| | | 2) 168759 തീയതി 27.01.2025 തുക – 1,27,343 രൂപ |
| ഫണ്ട് | : | തനത് ഫണ്ട് |

2).

| | | |
|---|---|---|
| പ്രോജക്ട് നം | | 232/24-25 |
| ഫയൽ നം. | | E1-12358/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | | 90,000 രൂപ |
| ചെലവ് | | 85,761 രൂപ |
| ബിൽ/ചെക്ക് നമ്പർ/തീയതി | | 168752 തീയതി 30.12.2024 – തുക- 85,761 രൂപ |
| ഫണ്ട് | : | തനത് ഫണ്ട് |

ആലുവ നഗരസഭാ പരിധിയിൽ വാർഡ് 20 -ൽ ആർ.എസ്. റോഡിൽ യൂണിയൻ ബാങ്കിന് എതിർവശത്തുള്ളതും നഗരസഭയുടെ അധീനതയിൽ ഉള്ളതുമായ കോമ്പൗണ്ടിൽ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഓപ്പൺ എയർ ഓഡിറ്റോറിയം പണിയുന്നതിന് നഗരസഭ കൗൺസിൽ 28.02.2023 -ലെ 1 -ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

2023-24 വർഷത്തിൽ 190/24 ആയി പ്രോജക്ട് ഉണ്ടായിരുന്നെങ്കിലും 2024-25 -ൽ 186/24-25

ആയാണ് ടി പ്രോജക്റ്റ് നടപ്പാക്കിയത്. റെയിൽവേ അതിർത്തിയോട് തൊട്ടു ചേർന്ന് നിൽക്കുന്ന ഈ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് മുൻപായി, റെയിൽവേയുടെ NOC (നിരാക്ഷേപ സാക്ഷ്യ പത്രം) വാങ്ങിയതായി കാണുന്നില്ല.

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, ചട്ടം 5(4), ക്രമ നമ്പർ -2 നിർദ്ദേശപ്രകാരം പുതിയ കെട്ടിടം, റെയിൽവേ ട്രാക്കിന്റെ 30 മീറ്ററിന് ഉള്ളിലാണെങ്കിൽ റെയിൽവേ അതോറിറ്റിയിൽ നിന്നും NOC വാങ്ങേണ്ടതാണ്. കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ സെക്ഷൻ 2, (N) കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശ്യത്തിന് ഏതൊരു വസ്തു കൊണ്ട് നിർമിച്ചിട്ടുള്ള ഏതൊരു പണിപ്പാടും അതിന്റെ ഓരോ ഭാഗവും എന്നർത്ഥമാകുന്നതും അസ്ഥിവാരം, അടിത്തറ, ഭിത്തികൾ, തറകൾ, സ്ഥിരമായ പ്ലാറ്റ്ഫോമുകൾ, വരാന്ത എന്നിവ ഉൾപ്പെടുന്നതുമാകുന്നു. എന്നാൽ ഈ നിർമാണത്തിന് റെയിൽവേ അധികാരികളിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം വാങ്ങിയതായി കാണുന്നില്ല.

മാത്രമല്ല ഈ നിർമ്മാണം സംബന്ധിച്ച് കൗൺസിൽ അംഗങ്ങൾ കൗൺസിൽ യോഗങ്ങളിൽ പലപ്പോഴും പരാതികൾ ഉന്നയിച്ചതായി ഫയൽ പരിശോധനയിൽ കാണുന്നുണ്ട്. ഓപ്പൺ എയർ ഓഡിറ്റോറിയം നിർമാണത്തിനായി, പ്രോജക്ട് നം.186/24-25 പ്രകാരം, ഓഡിറ്റ് വർഷത്തിൽ, തനത്ഫണ്ട് 12,30,027 രൂപയും ഓപ്പൺ എയർ ഓഡിറ്റോറിയം ഇലക്ട്രിഫിക്കേഷന് വേണ്ടി , പ്രോജക്റ്റ് നം. 232/24-25 പ്രകാരം ഓഡിറ്റ് വർഷം തനത് ഫണ്ട് 85,761 രൂപയും അടക്കം മൊത്തം 13,15,788 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ നിർമാണപ്രവർത്തനം റെയിൽപാതയോരത്തിന്റെ 30 മീറ്റർ പരിധിയിലായതിനാൽ റെയിൽവേ അതോറിറ്റിയിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം വാങ്ങേണ്ടതായിരുന്നു.

കൗൺസിലിൽ പരാതികൾ ഉയർന്നിട്ടും നിർമ്മാണത്തിന് റെയിൽവേയുടെ NOC വാങ്ങാതിരുന്നതിന്റെ കാരണം ഓഡിറ്റിന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/AO/2024-25 തീയതി 13.01.2026 -ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ഓപ്പൺ സ്റ്റേജ്, ബിൽഡിംഗ് റൂൾ ചട്ടം (2) ലെ നിർവ്വചന പ്രകാരം കെട്ടിടത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്നാണ്. ഈ നിർമ്മാണത്തിന് നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി റെയിൽവേ അധികാരികളുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ പ്രസ്തുത നിർമ്മാണത്തിന് അനുമതി ആവശ്യമില്ല എന്ന മറുപടി റെയിൽവേ അധികാരികളിൽ നിന്നും ലഭിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ

വ്യക്തമാക്കിയിട്ടുണ്ട്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സമീപഭാവിയിൽ റെയിൽവേ വികസനത്തിന്റെ ഭാഗമായി ഈ നിർമ്മാണം പൊളിക്കേണ്ട സാഹചര്യം ഉണ്ടായാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള സാദ്ധ്യത വളരെ വിരളമാണ്. ആയതിനാൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കുവേണ്ടി മൊത്തം ചെലവ് ചെയ്ത 13,15,788 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-49 ടൈൽ വിരിക്കുന്നതിന് അധികം നൽകിയ 44,524 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം | : SO218/24-25 |
| പ്രോജക്ടിന്റെ പേര് | : അമൃത് 2.0 കുടിവെള്ള പദ്ധതി- കൊട്ടാരക്കടവ് ഈസ്റ്റ് റോഡ് , അൻസാർ റോഡ് പുനരുദ്ധാരണ പ്രവർത്തികൾ |
| നിർവഹണോദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | : 11,50,000 രൂപ |
| ഫണ്ട് | : തനത്ഫണ്ട് |
| കരാറുകാരൻ | : ജിനീഷ് മുഹമ്മദ് |
| കരാർ നം | : 35/AE/LSGD/2023-24,Dt.5.3.2024 |
| ചെലവ് | : 4,87,599 രൂപ |
| ചെക്ക് നം./തീയതി/തുക | : 1) 061578 തീയതി 07.10.2024 തുക 2,08,891 രൂപ<br>2) 123814 തീയതി 26.03.2025 തുക 2,78,708 രൂപ |

അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ഇടുന്നതിനായി പൊളിച്ച കൊട്ടാരക്കടവ് റോഡ്, അൻസാർ റോഡ് എന്നിവയുടെ പുനരുദ്ധാരണത്തിനായുള്ളതാണ് ഈ പദ്ധതി. ഇതിൽ കൊട്ടാരക്കടവ് റോഡ് ടൈൽ വിരിച്ച റോഡാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിലവിൽ വിരിച്ചിരുന്ന ടൈൽ ഇളക്കി മാറ്റി, ആവശ്യമായ പുതിയ കട്ട വിരിക്കുന്നതിന് എസ്റ്റിമേറ്റിൽ ഐറ്റം നമ്പർ 3 പ്രകാരം 255.00 സ്ക്വയർ മീറ്ററിന് 1008.47/M2 രൂപ നിരക്കാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ചെയ്തതിൽ കൂടുതൽ സ്ഥലത്ത് കട്ട വിരിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചതിലൂടെ 44,524 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-5 കാണുക.

**1-50 രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകതകൾ - പദ്ധതിക്കായി ചെലവഴിച്ച 30,000 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്ട് നം | : 103/24-25 |
| പ്രൊജക്ടിന്റെ പേര് | : രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| അടങ്കൽ തുക | : 30,000 രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | : 30,000 രൂപ |
| ഫണ്ട് | : വികസന ഫണ്ട്(ജനറൽ) |
| ബിൽ നം/തീയതി | 429/25.03.2025 |

പതിനാലാം സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നമ്പർ 115/2022 തസ്വഭവ തീയതി 28/02/2022 ഖണ്ഡിക 7.7.2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് 6,000 രൂപയിൽ കവിയാത്ത മൂല്യമുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യാവുന്നതാണ്. ആലുവ നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട, സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ,രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രൊജക്ടിൽ വികസന ഫണ്ടിൽ നിന്ന് 30,000 രൂപ ചെലവഴിച്ചിട്ടുണ്ട് . വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടോൾ ബോയ് സ്പോർട്സ് എന്ന സ്ഥാപനത്തിന് 25.03.2025 ൽ സപ്ലൈ ഓർഡർ നൽകി. ടോൾ ബോയ് നൽകിയ ഇൻവോയ്സ് പ്രകാരം (നംTB/10225/24-25/24.03.2025) 27 ടെന്നീസ് ബാൾ, 15 ഫുട്ബോൾ , ഒരു കാരം ബോർഡ് , 4 ക്രിക്കറ്റ് ബാറ്റ് എന്നിവ സപ്ലൈ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1) സാധനങ്ങൾ കൈപ്പറ്റി സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല.

2) സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് നൽകിയിട്ടില്ല

3) സാധനങ്ങൾ ക്ലബ്ബുകൾ കൈപ്പറ്റിയതിന് രേഖകളില്ല

4) ടോൾ ബോയ് സ്പോർട്സ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിനുള്ള ട്രഷറി ബിൽ കോപ്പി ഫയലിനൊപ്പം ഉണ്ടെങ്കിലും സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/ M3/2024-25 തീയതി 18.09.2025 നുള്ള മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ, ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്. ക്ലബ്ബുകൾക്ക് എന്തൊക്കെ വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. ടോൾ ബോയ് സ്പോർട്സ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയപ്പോൾ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. സ്ഥാപനം നല്കിയ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ നഗരസഭ സ്റ്റോക്കിലെടുത്ത് തുക അനുവദിക്കുകയായിരുന്നു. ക്ലബ്ബുകളുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങൾ എന്തെന്ന് പഠിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ നൽകുകയായിരുന്നു. തുക ചെലവഴിക്കാൻ വേണ്ടി മാത്രമുള്ള പദ്ധതികൾ ഏറ്റെടുക്കാതെ

ഗുണഭോക്താക്കൾക്ക് പ്രയോജനം ഉറപ്പ് വരുത്തുന്ന പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നടത്തിപ്പിലെ അപാകതകൾ മൂലം പദ്ധതിക്കായി ചെലവഴിച്ച 30,000 രൂപ തടസ്സപ്പെടുത്തുന്നു.

**1-51 കറണ്ട്ചാർജ്ജ് പിഴ അടവാക്കിയത്- മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടച്ചത് ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്**

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | 134/24-25/കൃഷി ഓഫീസ് കറണ്ട്ചാർജ്ജ് |
| അടങ്കൽ | : | 25,000 രൂപ |
| ചെലവ് | : | 14,382 രൂപ |
| ഫണ്ട് | : | മെയിന്റനൻസ് നോൺ റോഡ് |
| ബിൽ നം. | : | 226/23-12-24, തുക – 3,393 രൂപ |

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ഈ പദ്ധതിയിൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള 03.12.2024 -ലെ കറണ്ട് ബില്ലിൽ (ബിൽ നം. 5568241201428) -ൽ Late Payment Interest ആയി 532 രൂപ അടവാക്കി. പിഴ അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.03/AO/2024-25 തീയതി 04.07.2025 നെ തുടർന്ന് കൃഷി ഓഫീസർ ഈ തുക 21.07.2025 ന് രസീത് നം.25008121 പ്രകാരം നഗരസഭയിൽ തിരിച്ചടച്ചു. ഈ തുക ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

**1-52 ഗുണഭോക്തൃ വിഹിതം യഥാസമയം നിർവഹണ ഏജൻസിക്ക് നൽകാത്തതിനാൽ പ്രോജക്ടുകൾ സ്പിൽ ഓവറായി.**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾക്ക് പദ്ധതിവിഹിതവും, ഗുണഭോക്തൃവിഹിതവും ഉണ്ട്. ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പിരിച്ചെടുക്കുകയും, യഥാസമയം നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ വിഹിതം നഗരസഭയിൽ നിന്നും യഥാസമയം പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനത്തിന് നൽകിയിട്ടില്ല. ആയതിനാൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാതെ സ്പിൽ ഓവർ ആയിട്ടുണ്ട്.

| പ്രോജക്റ്റ് നം./ പേര് | അടങ്കൽ (രൂപ) | പദ്ധതി വിഹിതം (രൂപ) | ഗുണഭോക്തൃ വിഹിതം(രൂപ) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 91/24-25 Container Farming | 9,00,000 | 6,75,000 (പൊതുവിഭാഗം) | 2,25,000 | ആലങ്ങാട് കാർഷിക സേവനകേന്ദ്രം |
| 76/24-25 പച്ചക്കറികൃഷിക്ക് ജൈവ വളം | 4,00,000 | 3,00,000 | 1,00,000 | റെയ്ഡ്കോ, ആലുവ |

| | | | | |
|---|---|---|---|---|
| നൽകൽ | | | | |
| 82/24-25 കുറ്റ്യാടി തെങ്ങിൻതൈ വിതരണം | 5,000 | 3,750 (പൊതുവിഭാഗം) | 1,250 | റെയ്ഡ്കോ, ആലുവ |
| 74/24-25 കുള്ളൻ തെങ്ങിൻതൈ വിതരണം | 9,000 | 6,720 | 2,280 | റെയ്ഡ്കോ, ആലുവ |
| 98/24-25 തിരി നന സിസ്റ്റം | 14,250 | 7,125 | 7,125 | കാർഷിക സേവന കേന്ദ്രം, ആലങ്ങാട് |
| 88/24-25 ഹൈബ്രിഡ് തെങ്ങിൻ തൈ വിതരണം | 30,000 | 22,500 | 7,500 | റെയ്ഡ്കോ, ആലുവ |
| 77/24-25 ഫലവൃക്ഷ തൈ വിതരണം | 50,000 | 37,500 | 12,500 | റെയ്ഡ്കോ, ആലുവ |
| 78/24-25 കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 50,000 | 37,500 | 12,500 | റെയ്ഡ്കോ, ആലുവ |

കൃഷി ഓഫീസർ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| **രസീത് നം./തീയതി** | **ഗുണഭോക്തൃ വിഹിതം ഇനത്തിൽ അടവാക്കിയ തുക (രൂ)** |
|---|---|
| 24015986/20.12.2024 | 30,401 |
| 24016099/26.12.2024 | 91,013 |
| 24016207/30.12.2024 | 20,739 |
| 24016374/03.01.2025 | 13,650 |
| 24016375/03.01.2025 | 11,841 |
| 24016673/09.01.2025 | 44,350 |
| 24017024/21.01.2025 | 14,992 |
| 24017288/27.01.2025 | 16,190 |
| 24018467/11.02.2025 | 7,935 |
| 24018468/11.02.2025 | 4,544 |
| 24019383/19.02.2025 | 2,538 |
| 24022795/13.03.2025 | 49,965 |
| 24024157/22.03.2025 | 60,000 |

മേൽ പദ്ധതികൾക്കായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത ദിവസമോ അതിന്

തൊട്ടടുത്ത ദിവസം തന്നെയോ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി ബന്ധപ്പെട്ട സാധനങ്ങൾ സപ്ലൈ ചെയ്തതിന് ശേഷം പദ്ധതിവിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണ ഏജൻസിക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം നിർവ്വഹണ ഏജൻസിക്ക് ട്രാൻസ്ഫർ ചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥൻ ബില്ല് തയ്യാറാക്കി നഗരസഭയിൽ അപേക്ഷ നൽകിയിട്ടും (സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ) നഗരസഭയിൽ നിന്നും തുക നിർവ്വഹണ ഏജൻസിക്ക് ട്രാൻസ്ഫർ ചെയ്തില്ല. ഇത് മൂലം കൃഷി ഓഫീസറുടെ മേൽ പ്രോജക്റ്റുകൾ പദ്ധതി വർഷത്തിൽ പൂർത്തിയാക്കാനാവാതെ അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറാവുകയാണ് ചെയ്തത്. ഇത്തരമൊരു സാഹചര്യം ഉണ്ടാകാനിടയായതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/AO/2024-25 തീയതി 04.07.2025 ന് നഗരസഭയൽ നിന്നും നാളിതുവരെ മറുപടി നൽകിയിട്ടില്ല. ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം പദ്ധതികൾ അതാത് വർഷം പൂർത്തിയാക്കാതെ അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ ആക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

1-53 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ സംവരണം അനുവദിച്ചിട്ടില്ല.

ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുതകുന്ന വിവിധ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് സ.ഉ(കൈ)നം.തസ്വഭവ 86/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 2.3.12 ൽ നിഷ്കർഷിക്കുന്നുണ്ട്. ഭിന്നശേഷികളെ നേരത്തെ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ, അവർക്ക് ആവശ്യമായ ചികിത്സ സംവിധാനങ്ങൾ ഒരുക്കുക, വിദ്യാഭ്യാസ പിന്തുണ നൽകുക, തൊഴിൽ പിന്തുണകൾ നൽകുക, സർക്കാർ ആനുകൂല്യങ്ങൾ നൽകാനുള്ള പിന്തുണ നൽകുക, ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ ഒരുക്കുക, ആവശ്യമായ സ്ഥാപന സംവിധാനങ്ങൾ ഒരുക്കുക, ആധുനിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുക, ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവ സൃഷ്ടിക്കുക മുതലായവ നഗരാസൂത്രണത്തിന്റെ അവിഭാജ്യ ഘടകമാകണമെന്നും മേല്പറഞ്ഞ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിലെ ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയുടെ വിഹിതത്തിന്റെ മൂന്ന് ശതമാനത്തിൽ (3%) കുറയാതെയുള്ള തുക ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി നീക്കിവക്കണമെന്ന് സർക്കുലർ നമ്പർ 4827/ഡി.എ1/2007/തസ്വഭവ തീയതി 15.06.2007

പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിലും 3 ശതമാനത്തിൽ കുറയാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സംവരണം ചെയ്യണമെന്ന് 1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് (PWD Act) അനുശാസിക്കുന്ന സാഹചര്യത്തിൽ സ.ഉ.(സാധാ)നമ്പർ 1360/2011/തസ്വഭവ തീയതി 04.06.2011 പ്രകാരം താഴെ ചേർക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ വ്യക്തിഗത തൊഴിൽ സംരംഭ പ്രോജക്ടുകളുടേയും വീട്, വീടുകളുടെ അറ്റകുറ്റപ്പണി, വീടുകളുടെ വയറിംഗ്, സാനിറ്ററി കക്കൂസ്, കുടിവെള്ള കിണർ മുതലായ, കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടേയും ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും നിർബന്ധമായും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആയിരിക്കണം.

2) കാലി വളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങി മൃഗസംരക്ഷണ മേഖലയിലെ വ്യക്തിഗത തൊഴിൽ സംരംഭ പ്രോജക്ടുകൾക്ക് മേല്പറഞ്ഞ ക്രമ നമ്പർ 1 നിർദ്ദേശം ബാധകമാണ്.

3) വീട്, സാനിറ്ററി കക്കൂസ് തുടങ്ങി കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെ കാര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരംഗമെങ്കിലുമുള്ള കുടുംബത്തെ ക്രമ നമ്പർ 1 പ്രകാരമുള്ള സംവരണ ഗുണഭോക്തൃ കുടുംബമായി കണക്കാക്കാവുന്നതാണ്.

ആലുവ നഗരസഭയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളിൽ സ.ഉ.(സാധാ)നമ്പർ 1360/2011/തസ്വഭവ തീയതി 04.06.2011 ലെ സംവരണ വ്യവസ്ഥകൾ പാലിച്ചോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 05.11.2025 തീയതിയിലെ കെ.എസ്.എ – എ.വി.എം(എം2)381/2025 നമ്പർ കത്തിനുള്ള മറുപടിയിൽ മേല്പറഞ്ഞ പ്രകാരം സംവരണം പാലിക്കാൻ സാധിച്ചിട്ടില്ലെന്നാണ് നഗരസഭ സെക്രട്ടറിയുടെ 21.02.2026 തീയതിയിലെ 5783841-2026 നമ്പർ മറുപടിയിൽ അറിയിച്ചിരിക്കുന്നത്. നഗരസഭയിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ, മെമ്പർ സെക്രട്ടറി, പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നിരവധി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്

മുൻഗണന ലഭിക്കുന്നുണ്ടെങ്കിലും സർക്കാർ ഉത്തരവ് പ്രകാരമുള്ള 3% സംവരണം ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ – വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ്, ഉപകരണ വിതരണം മുതലായ വ്യക്തിഗത പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ എല്ലാ പ്രോജക്റ്റുകളിലും ഗുണഭോക്താക്കളിൽ കുറഞ്ഞത് 3% നിർബന്ധമായും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരാണെന്ന് ഉറപ്പുവരുത്തേ ണ്ടതാണ്.

**1-54 വനിതകൾക്ക് യോഗാ പരിശീലനം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 15,600 രൂപ നിരാകരിക്കുന്നു.**

| | | |
|---|---|---|
| പ്രോജക്ട് നം | : | 119/2024-25 |
| പ്രോജക്ടിന്റെ പേര് | : | ജെന്റർ റിസോഴ്സ് സെന്റർ (വനിതകൾക്ക് യോഗ പരിശീലനം ) |
| ഫണ്ട് | : | വികസന ഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | : | 2,00,000 രൂപ |
| ചെലവ് | : | 31,200 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ആലുവ നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ ജെന്റർ റിസോഴ്സ് സെന്റർ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വനിതകൾക്ക് യോഗ പരിശീലനം നൽകുകയുണ്ടായി. ഈ പരിപാടിയുടെ നടത്തിപ്പിൽ 15,600 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

**1-55 ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ – മാലിന്യ നിർമ്മാർജ്ജനം – അനുവദനീയമല്ലാത്ത ജി. എസ്. ടി നൽകി-നഷ്ടം-64,531 രൂപ**

| | | |
|---|---|---|
| ഫയൽ നമ്പർ | : | E4/42770/2024(2) |
| എസ്റ്റിമേറ്റ് തുക | : | 4,30,000 രൂപ |
| കരാർ തുക | : | 3,61,544 രൂപ |
| പൂർത്തീകരണ കാലാവധി | : | 2 മാസം |

10.01.2024 -ന് ചെയർമാൻ സെക്രട്ടറിയ്ക്ക് നൽകിയ ശിവരാത്രിയുടെ ഭാഗമായി ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച കുറിപ്പിൽ, ക്രമ നമ്പർ 2 ആയി പറഞ്ഞിരിക്കുന്നത് വിവിധ കടവുകളുടെ ക്ലീനിംഗ് ആണ്. ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ എന്ന പ്രവൃത്തിയ്ക്ക് 4,30,000 രൂപയുടെ എസ്റ്റിമേറ്റിന് LSGD/CELSGD/EST-TS/6081/2024 Dated 06.02.2024 പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ജി.എസ്.റ്റി തുക നൽകിയതിലൂടെയും ജെ.സി.ബി. വാടക അധികം നൽകിയതിലൂടെയും 64,531 രൂപ അധികം ചെലവായിട്ടുണ്ട്. വിശദവിവരങ്ങൾക്ക്

ഖണ്ഡിക 3-6 കാണുക.

**1-56 നഗരസഭ റോഡ് അനധികൃതമായി കയ്യേറി, അടച്ചുകെട്ടി**

ഫയൽ നമ്പർ - ഇ1-2443/22

ആലുവ പാലസ് റോഡിന് വടക്ക് വശം സ്ഥിതി ചെയ്യുന്നതും ആലുവ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും, ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുമുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള വഴി 2021-22 - ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി ഇന്റർലോക്ക് കട്ട വിരിക്കുകയും റോഡിന്റെ തുടക്ക ഭാഗത്ത് ആലുവ മുനിസിപ്പാലിറ്റിയുടെ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് തൂണുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ നഗരസഭയുടെ നെയിം ബോർഡ് സ്ഥാപിക്കാനുള്ള ശ്രമം ഏതാനും പേർ ചേർന്ന് തടയുകയും നെയിം ബോർഡിൽ 'അദ്വൈതാശ്രമം' എന്ന പേര് സ്ഥാപിക്കുകയും ചെയ്യുകയായിരുന്നു. നഗരസഭാ രേഖകളിലും വില്ലേജ് രേഖകളിലും സർക്കാർ പുറമ്പോക്ക് വഴി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 വകുപ്പ് 207, 208 എ പ്രകാരം ഉടമസ്ഥാവകാശം ആലുവ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതും നഗരസഭാ ഫണ്ട് ഉപയോഗിച്ച് ടൈൽ വിരിക്കുകയും ചെയ്ത പൊതു റോഡ് സ്വകാര്യ സ്വത്താക്കാനുള്ള ശ്രമമാണ് നടന്നത്. ആലുവ വെസ്റ്റ് വില്ലേജിലെ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ആലുവ വെസ്റ്റ് വില്ലേജ് റീ സർവ്വേ ബ്ലോക്ക് നമ്പർ ടൗൺ 37 -ൽ സർവ്വേ 25 -ൽ പ്പെട്ട 22.80 ആർ ഭൂമി സർക്കാർ പുറമ്പോക്ക് - സർക്കാർ തോട് എന്നും സർവ്വേ 27 -ൽ സർക്കാർ പുറമ്പോക്ക് - സർക്കാർ വഴി എന്നും രേഖപ്പെടുത്തി ആലുവ വെസ്റ്റ് വില്ലേജ് ഓഫീസർ ലൊക്കേഷൻ സ്കെച്ച് നൽകിയിട്ടുള്ളതാണ്.




വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള പ്രവേശനമാർഗ്ഗം അടച്ചുകെട്ടിയ നിലയിൽ

ഈ വഴിയിലുള്ള നഗരസഭയുടെ അവകാശം നഷ്ടമായാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള പ്രവേശനമാർഗ്ഗം ഇല്ലാതാകുമെന്നും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ

ദൈനംദിന നടത്തിപ്പിനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനും തടസ്സമുണ്ടാകുമെന്നും 27.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 21/M2/2022-23 ലും 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-39 ലും പരാമർശിച്ചിരുന്നു. നഗരസഭ, വില്ലേജ് രേഖകൾ പ്രകാരം ഉടമസ്ഥാവകാശം ആലുവ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതും നഗരസഭാ ഫണ്ട് ഉപയോഗിച്ച് ടൈൽ വിരിക്കുകയും ചെയ്ത പൊതു റോഡ് സ്വകാര്യ വഴിയാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും ഇക്കാര്യത്തിൽ ഭരണസമിതി ഉചിതമായ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്നും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള വഴിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാനും 31.10.2025 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 24/M2/2024-25 ലൂടെ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ നഗരസഭയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള ഏക പ്രവേശന മാർഗത്തിൽ 14.09.2025 ൽ അനധികൃതമായി ഗേറ്റ് സ്ഥാപിച്ച് പ്രവേശന മാർഗം പൂട്ടിയിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ 25.09.2025 തീയതിയിൽ നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗം നടത്തിയ പരിശോധനയിൽ നേരത്തെ ഗേറ്റ് സ്ഥാപിച്ച ഭാഗത്ത് 1.50 മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് മതിൽ നിർമ്മിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലുവ നഗരസഭയുടെ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള റോഡ് സമീപത്തുള്ള അദ്വൈതാശ്രമത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നാണ് ആശ്രമം അധികൃതരുടെ വാദം. തർക്കം നിലനിൽക്കുന്ന സാഹചര്യത്തിലും റോഡ് കയ്യേറി ഭിത്തി കെട്ടി അടച്ചിരിക്കുന്ന സാഹചര്യത്തിലും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള പ്രവേശനം തടസ്സപ്പെടുകയും നഗരസഭ ഭൂമി നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. നഗരസഭ രേഖകളിലും വില്ലേജ് രേഖകളിലും സർക്കാർ പുറമ്പോക്ക് തോട്, വഴി എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 207, 208 എ പ്രകാരം സർക്കാർ തോട്, സർക്കാർ പുറമ്പോക്ക് - സർക്കാർ വഴി എന്ന നിലയിൽ വഴിയുടെ ഉടമസ്ഥാവകാശം നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതും നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതും നഗരസഭ ഫണ്ട് ഉപയോഗിച്ച് ടൈൽ വിരിക്കുകയും ചെയ്ത പൊതുവഴി അനധികൃതമായി കയ്യേറി സ്വകാര്യ വസ്തു ആക്കിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ഭരണ തലത്തിലും നിയമപരമായും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-57 മരാമത്ത് പ്രവൃത്തികൾ - പൊതുവായ അപാകതകൾ.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നൽകുന്ന Letter Of Acceptance -ലെ നിർദ്ദേശ പ്രകാരമുള്ള 2,00,000 രൂപയുടെ ഇൻഷ്വറൻസ് പോളിസി, കരാർ വച്ച് 15 ദിവസത്തിനകം സമർപ്പിക്കണമെന്നും, അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% കരാറുകാരനിൽ നിന്നും ഈടാക്കണമെന്നും പറയുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശം കർശനമായി പല പ്രവൃത്തികളിലും പാലിച്ചതായി കാണുന്നില്ല.

2) കരാറുകാരൻ, കരാർ ഏറ്റെടുത്ത പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി, മെറ്റീരിയൽ ഡിമാന്റ് ചെയ്യുന്നത് പലപ്പോഴും, പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ അനുവാദം വാങ്ങിയതിന് ശേഷമാണ് (ഉദാഹരണം- ടാർ അപേക്ഷ BPCL ലേക്ക് നൽകുന്നത്).

3) കേരളാ പൊതുമരാമത്ത് മാന്വൽ GO(P) 13/2012/PWD തീയതി 01.12.2012, സെക്ഷൻ 2112, സമയം ദീർഘിപ്പിക്കൽ എന്നതിൽ, കരാറുകാരൻ, കരാർ വയ്ക്കുന്നതിന് മുൻപ് ഏറ്റെടുത്ത പ്രവൃത്തി വിവിധ ഘട്ടങ്ങളായി നടപ്പാക്കുന്നതിന്റെ, ഒരു സമയക്രമം, സ്ഥാപനത്തിന് നൽകണമെന്നും, ആയത് കരാറിന്റെ ഭാഗമാക്കണമെന്നും, നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ സമയക്രമം പാലിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ പിഴ ഈടാക്കാമെന്നും പറയുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു നടപടിയും പാലിച്ചിട്ടില്ല.

4) പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് നൽകുമ്പോൾ ഓരോ തവണ ദീർഘിപ്പിച്ച് നൽകുന്നതും പൂർത്തീകരണ കാലാവധിയുടെ 25% വരെ മാത്രമേ ആകാവൂ എന്നും, പരമാവധി സമയം ദീർഘിപ്പിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ പകുതി മാത്രമേ ആകാവൂ എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ മേൽ മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല. മിക്ക പ്രവൃത്തികളിലും പൂർത്തീകരണ കാലാവധി തന്നെ ദീർഘിപ്പിക്കുന്നതിനായി നൽകാറുണ്ട്.

5) പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരം വൈകി പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും കാരറുകാരന്റേതായ കാരണങ്ങളാൽ വൈകി പൂർത്തീകരിച്ച പ്രവൃത്തികളിൽ പോലും നിസാരമായ കാരണങ്ങൾ (മഴ, മെറ്റീരിയൽ ലഭ്യമാകാത്തത് തുടങ്ങിയവ) കാണിച്ചുകൊണ്ട് പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി

ദീർഘിപ്പിക്കുന്ന ഒരു പ്രവണത കാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതും, വൈകി പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/AO/2024-25 തിയതി 08.01.2026 -ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാലാണ് പണികൾ വൈകിയത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ മുകളിൽ പറയുന്ന അപാകതകൾ ഒഴിവാക്കാൻ പരമാവധി ശ്രദ്ധ പുലർത്തേണ്ടതാണ്.

1-58 മരാമത്ത് പ്രവൃത്തികൾ – വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 64,582 രൂപ

കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നു കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ല (പൊതുമരാമത്ത് വകുപ്പ് മാന്വൽ -2012, ഖണ്ഡിക 2112). നഗരസഭയിലെ വിവിധ പ്രവൃത്തികൾ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം പൂർത്തീകരിക്കാൻ താമസിച്ചിട്ടും നിയമാനുസൃത പിഴയായ 64,582 രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-7 കാണുക.

1-59 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ, ചട്ടം 53 പ്രകാരം സാംഖ്യ ബാങ്ക് ബുക്കുകൾ അതാത് ബാങ്ക്, ട്രഷറി സ്റ്റേറ്റ്മെന്റുകളുമായി തൊട്ടടുത്ത മാസം 7-ാം തീയതിക്കുമുമ്പ് പൊരുത്തപ്പെടുത്തി അക്കൗണ്ട്സ് ഓഫീസറും, സെക്രട്ടറിയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആലുവ നഗരസഭയുടെ 2024-25 വാർഷിക ധനകാര്യപത്രികയെ അടിസ്ഥാനമാക്കി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. തികച്ചും നിരുത്തരവാദപരമായാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിരിക്കുന്നത്. സ്റ്റേറ്റ്മെന്റുകളിലെ തുകകൾ കൂട്ടിയും കുറച്ചും

രേഖപ്പെടുത്തിയിരിക്കുന്നതിൽപോലും തെറ്റുകളുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നതിനായി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ കൂട്ടുകയും കുറക്കുകയും ചെയ്തിരിക്കുന്ന തുകകളുടെ വിശദ വിവരം (തീയതി, ചെക്ക് നമ്പർ, തുക Etc.) ഉൾക്കൊള്ളുന്ന സ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. സാംഖ്യ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് തുക ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നതിലേക്കായി ഗണ്യമായ തുക കൂട്ടുകയും കുറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ ഏത് തീയതിയിലെ ഏത് ചെക്ക് പ്രകാരമുള്ളവയെന്ന് വ്യക്തമല്ല. ഉദാഹരണമായി Card Payment ന് ഉപയോഗിക്കുന്ന A/C No. 0002053000102585 ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank, Directly Credited By Bank എന്നീ ഇനങ്ങളിലായി 35,13,511 രൂപ കൂട്ടുകയും Cheques Deposited But Not Collected, Directly Debited By Bank എന്നീ ഇനങ്ങളിലായി 35,23,545 രൂപ കുറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെക്ക് നമ്പർ, ചെക്ക് ഇഷ്യൂ ചെയ്ത/ലഭിച്ച തീയതി, തുക എന്നീ വിവരങ്ങൾ ലഭ്യമല്ല.

2) മേല്പറഞ്ഞ ബാങ്ക് അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് തുകയായ 1,56,76,188 രൂപയോട് Cheque Issued But Not Presented Into Bank, Directly Credited By Bank എന്നീ ഇനങ്ങളിലെ തുകയായ 35,13,511 രൂപ കൂട്ടുകയും Cheques Deposited But Not Collected, Directly Debited By Bank എന്നീ ഇനങ്ങളിലെ തുകയായ 35,23,545 രൂപ കുറക്കുകയും ചെയ്താൽ 1,56,66,154 രൂപയാണ് ലഭിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 1,56,76,070 രൂപയാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. തുകകൾ കൂട്ടിയും കുറച്ചും എഴുതിയിരിക്കുന്നതിൽ പോലും തെറ്റ് സംഭവിച്ചിരിക്കുന്നു.

3) നഗരസഭയുടെ തനത് ഫണ്ടിന്റെ അക്കൗണ്ടായ SBI A/C No. 57044383943 ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് തുകയായ 15,42,817 രൂപയോട് 31,15,47,674 കൂട്ടുകയും 30,82,99,575 കുറയ്ക്കുകയും ചെയ്താൽ 47,90,916 രൂപയാണ് ലഭിക്കുന്നത്. എന്നാൽ 23,63,570 രൂപയാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. മേല്പറഞ്ഞ പ്രകാരം അപാകതകളുള്ള റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളാണ് ഓഡിറ്റിൽ ലഭ്യമാക്കിയിരിക്കുന്നത്.

4) വാർഷിക ധനകാര്യ പത്രികയോടൊപ്പം മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടേയും 31.03.2025 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കാത്ത

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് (വാർഷിക കണക്ക് പ്രകാരം) | നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് പ്രകാരം) (രൂപ) |
|---|---|---|
| 1 | Canara Bank CB - 0804201001020 | 8394.00 |
| 2 | ICICI Bank – IB - 028905003021 | 232009.00 |
| 3 | State Bank Of India – SBoI – 67190510254 | 7027.00 |
| 4 | Sub Treasury Aluva – 1104-799013000002563 | 445.00 |
| 5 | Sub Treasury Aluva – 1104-79903000001196 | 36231.00 |

5) താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ബാങ്കിന്റെ പേര് (വാർഷിക കണക്ക് പ്രകാരം) | നീക്കിയിരിപ്പ് (വാർഷിക കണക്ക് പ്രകാരം) (രൂപ) | നീക്കിയിരിപ്പ് (റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം) (രൂപ) |
|---|---|---|---|
| 1 | City Union Bank – CFC No.500101012697549 | 113281.00 | 115235.00 |
| 2 | Federal Bank – FB – 11320100293280 | 99.00 | 97.00 |
| 3 | The South Indian Bank – Card Payment | 15581989.00 | 15676188.00 |

വാർഷിക കണക്കുകളോടൊപ്പം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതും ലഭ്യമാക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ അപൂർണ്ണമായിരിക്കുന്നതും അവയിൽ വ്യാപകമായി തെറ്റുകൾ കാണുന്നതും ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിലെ അപാകതകൾ പരിഹരിച്ച്, സ്റ്റേറ്റ്മെന്റുകളിൽ കൂട്ടുകയും കുറക്കുകയും ചെയ്തിരിക്കുന്ന തുകകളുടെ വിശദ വിവരം (തീയതി, ചെക്ക് നമ്പർ, തുക Etc.) ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് സഹിതം പുന:സമർപ്പിക്കേണ്ടതാണെന്ന് 16.01.2026 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 35/M2/2024-25 പ്രകാരം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ അപാകതകൾ പരിശോധിച്ച് തിരുത്തി നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പുതുക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

**1-60 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചില്ല.**

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, ജി.ഒ.(പി)നം.419/2011/ധന തീയതി 04.10.2011 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം താത്ക്കാലിക മുൻകൂറുകൾ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ച പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ആലുവ നഗരസഭയിലെ വിവിധ പ്രവൃത്തികൾക്കായി 2024-25 സാമ്പത്തിക വർഷം അനുവദിച്ച മുൻകൂറുകളിൽ ക്രമീകരിക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർനം | മുൻകൂർ അനുവദിച്ച ഉത്തരവ് നം, തീയതി | മുൻകൂർ തുക (രൂപ) | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരൻ | മുൻകൂർ നൽകിയതിന്റെ ഉദ്ദേശം |
|---|---|---|---|---|---|
| 1. | 14/04-2024 | H4/16.04.2024 | 55,000 | ശ്രീ. അഖിൽ ജിഷ്ണു. (PHI-I) | പേവിഷ വാക്സിനേഷൻ |
| 2. | 58/1-2025 | 2781850-2024 15.01.2025 | 36,000 | ശ്രീ. റാം കുമാർ , ഓവർസീയർ | സ്മൃതി മണ്ഡപം അറ്റകുറ്റപ്പണി |
| 3. | 90/2-2025 | 2668934-2024 25.02.2025 | 50,000 | ശ്രീമതി. ഷിദു വി.എസ്. (JHI) | ശിവരാത്രി |
| 4. | 4/3-2025 | 1060510-2024 01.03.2025 | 36,000 | ശ്രീമതി. അനില, ഓവർസീയർ | കാര്യാലയ ഡ്യൂട്ടി |
| 5. | 69/3-2025 | 573607-2025 13.03.2025 | 50,000 | ശ്രീ. റാം കുമാർ , ഓവർസീയർ | പാർക്ക് അറ്റകുറ്റപ്പണി |
| 6. | 103/3-2025 | 19.03.2025 | 50,000 | ശ്രീമതി. ഉമദേവി, (JHI) | താൽക്കാലിക ജീവനക്കാരെ നിയോഗിച്ച് മാലിന്യം നീക്കുന്നതിന് |

മുൻകൂർ രജിസ്റ്റർ പ്രകാരം ഈ തുകകൾ ക്രമീകരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.17/M3/2024-25 തീയതി 15.10.2025) ജീവനക്കാർക്ക് അറിയിപ്പ് നൽകിയതായും ക്രമീകരിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമീകരിക്കാത്തപക്ഷം പ്രസ്തുത

ജീവനക്കാരിൽ നിന്നും 18% പലിശ സഹിതം മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-61 പെർമനന്റ് കൺവെയൻസ് അലവൻസ് ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്**

ജി.ഒ.(പി) 27/2021 തീയതി 10.02.2021 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഗ്രേഡ് -1 മുനിസിപ്പൽ സെക്രട്ടറിക്ക് പ്രതിമാസം 830 രൂപ പെർമനന്റ് കൺവെയൻസ് അലവൻസ് (PCA) അനുവദിക്കാവുന്നതാണ്. എന്നാൽ ഔദ്യോഗിക വാഹനം അനുവദിക്കപ്പെട്ടിട്ടുള്ള മുനിസിപ്പൽ സെക്രട്ടറിമാർക്ക് പെർമനന്റ് കൺവെയൻസ് അലവൻസിന് അർഹതയില്ല. ആലുവ നഗരസഭാസെക്രട്ടറിക്ക് KL41R-2507 Ertiga ഔദ്യോഗിക വാഹനമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി പ്രതിമാസം 830 രൂപ പെർമനന്റ് കൺവെയൻസ് അലവൻസ് ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | PCA ഇനത്തിൽ കൈപ്പറ്റിയ തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|
| 1 | 830 | 139904/08.05.2024 |
| 2 | 830 | 859884/02.07.2024 |
| 3 | 830 | 640999/08.08.2024 |
| 4 | 830 | 719119/07.09.2024 |
| 5 | 830 | 061572/04.102024 |
| 6 | 830 | 088570/07.11.2024 |
| 7 | 830 | 168724/05.12.2024 |
| 8 | 830 | 357724/06.03.2025 |
| **ആകെ** | **6,640** | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അനർഹമായി തുക കൈപ്പറ്റിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 53/ M3/2024-25/തീയതി 23.02.2026) മറുപടിയായി നഗരസഭ സെക്രട്ടറി പെർമനന്റ് കൺവേയൻസ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷം വാങ്ങിയ തുക അടക്കം നാളിതുവരെ കൈപ്പറ്റിയ 19,090 രൂപ R-M070800-25026940 തീയതി 25.02.2026 നമ്പർ രസീത് പ്രകാരം നഗരസഭയിൽ അടവാക്കിയതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 വാടകക്കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 2,013 രൂപ നഷ്ടം**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക ആലുവ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ തനതു വരുമാനത്തിലെ പ്രധാന ഇനമാണ്. ബൈലോ പ്രകാരം പ്രതിമാസ വാടക അതാത് മാസം 5 -ാം തീയതിക്കകം ഒടുക്കേണ്ടതാണ്.

അല്ലാത്തപക്ഷം, ഈടാക്കുന്ന തീയതി വരെ 2 % പ്രതിമാസ പലിശ ഈടാക്കേണ്ടതാണ്. താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടകക്കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കിയതിൽ അപാകതയുണ്ട് .

**1)ഷോപ്പിങ്ങ് കോപ്ലക്സിന്റെ പേര് – ഓൾഡ് ബസ്സ്സ്റ്റാന്റ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര്: ഷാജൻ ജോസഫ്, കരുവേലിൽ,അമ്പാട്ടുകാവ്**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 01/25 | വാടക | 12,600x1 =12,600.00 | 12,600x1 =12,600.00 | **252.00** | 24016476 തീയതി 06.01.2025 | തുക അടയ്ക്കുന്നതിന് അറിയിപ്പ് നൽകി യിട്ടുള്ളതാണ്. |
| | GST 18% | 2,268.00 | 2,268.00 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 252.00 | 0 | | | |
| | **ആകെ** | **15,120.00** | **14,866.00** | | | |

**2) ഷോപ്പിങ്ങ് കോപ്ലക്സിന്റെ പേര് – ഓൾഡ് ബസ്സ്സ്റ്റാന്റ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര്: മാനേജർ EDCB Ltd, ആലുവ**

| മാസം | ഇനം | ഈടാ ക്കേണ്ടത് (രൂപ) | ഈടാ ക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ |
|---|---|---|---|---|---|
| 12/24മുതൽ 02/25വരെ | വാടക | 8,757x3= 26,271.00 | 8,757x3= 26,271.00 | **701.00** | വാടക നഗരസഭയുടെ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിച്ചിട്ടുള്ളതാണ്. 12/24-06.12.2024 01/25-06/02/2025 02/25-06/02/2025 വാടക അടക്കാൻ വൈകിയ 12/24,01/25,02/25മാസങ്ങളിലെ പിഴ പ്പലിശ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| | GST 18% | 4,729.00 | 4,729.00 | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 701.00 | 0 | | |
| | **ആകെ** | **31,701.00** | **31,000.00** | | |

**3) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – കാർട്ട് സ്റ്റാന്റ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര് – പി.എ.ഷരീഫ്, പഴങ്ങാടി ഹൗസ്, തോട്ടുമുഖം**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 05/24 | വാടക – | 2,773.00 | 2,773.00 | **55.00** | 2400142 തീയതി 07.05.2024 | തുക ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| | GST 18% | 500.00 | 500.00 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 55.00 | 0 | | | |

| | | | |
|---|---|---|---|
| | **ആകെ** | **3,328.00** | **3,273.00** |

**4) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – കാർട്ട് സ്റ്റാന്റ് ഗോഡൗൺ ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര് – സിയാദ് .പി.എം.**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 05/24 | വാടക – | 4,410.00 | 4,410.00 | **55.00** | 24016523 തീയതി 06.01.2025 | തുക ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| | GST 18% | 794.00 | 794.00 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 88.00 | 0 | | | |
| | **ആകെ** | **5,204.00** | **5,116.00** | | | |

**5) വാടകക്കാരന്റെ പേര് – മമ്മൂട്ടി .ബി.എം(6)**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 | വാടക – 6762 | 6,762x1 = 6,762.00 | 6,762.00 | **270.00** | 24003006 തീയതി 20.05.2024 | തുക ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| | GST 18% | 1,218.00 | 1,218.00 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 270.00 | 0 | | | |
| | **ആകെ** | **8,250.00** | **7,980.00** | | | |

**6) വാടകക്കാരന്റെ പേര് – ഷമീം നെല്ലൂർ (7)**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 05/24 വരെ | വാടക –33978 | 33,978.00 | 33,978.00 | **680.00** | 24002074 തീയതി 06.05.2024 | തുക ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. |
| | GST 18% | 6,116.00 | 6,116.00 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 680.00 | 0 | | | |
| | **ആകെ** | **40,774.00** | **40,094.00** | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 27/ M3/2024-25/ തീയതി 02.12.2025)മറുപടിയായി തുക ഈടാക്കുന്നതിനായി വാടകക്കാർക്ക് നോട്ടീസ് നൽകിയതായി നഗരസഭ അറിയിച്ചിട്ടുണ്ട്. പിഴപ്പലിശ ഇനത്തിൽ കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട വാടകക്കാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**2-2 ഫെഡറൽ ബാങ്കിന് നൽകിയ വാടക മുറികളുടെ പിഴപ്പലിശ ഈടാക്കിയതിൽ കുറവ് – 10,754 രൂപ നഷ്ടം**

ആലുവ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ കെട്ടിടങ്ങളിൽ നിന്നാണ് പ്രധാനമായും വാടക പിരിവുള്ളത്. പ്രതിമാസ വാടക അതാത് മാസം 5 -ാം തീയതി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഈടാക്കുന്ന തീയതി വരെ 2 % പ്രതിമാസ പലിശയാണ് ഈടാക്കുന്നത്. റസ്റ്റ് ഹൗസ് ബൽഡിങ്ങിൽ ഫെഡറൽ ബാങ്ക് ലിമിറ്റഡിന്

വാടകക്ക് നൽകിയിരിക്കുന്ന മുറികളുടെ വാടക ഈടാക്കിയതിൽ അപാകത കാണുന്നു.റസ്റ്റ് ഹൗസ് ബിൽഡിങ്ങിലെ 19, 20, 21, 23, 24 നമ്പർ മുറികളുടെ വാടക 04/24 മുതൽ 12/24 വരെ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.കുറവ് വന്ന തുക പിന്നീട് 22.03.2025 ൽ ഈടാക്കിയപ്പോൾ പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു

**1) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – റസ്റ്റ് ഹൗസ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര് – ഫെഡറൽ ബാങ്ക് ,ആലുവ**

| ക്രമ നം | മുറി നമ്പർ | ഈടാക്കേണ്ട വാടക (രൂപ) | ഈടാക്കിയത് (രൂപ) | കുറവ് വന്ന തുക (രൂപ) | തുക ഈടാക്കിയ തീയതി രസീത് നം | പിഴ പലിശ (പ്രതിമാസം2%) (രൂപ) |
|---|---|---|---|---|---|---|
| 1 | 19 | 37,088 X 9 = 3,33,792 | 35,322 X 9=3,17,898 | 1,766x9 =15,894 | 24024132/22.03.25 | 2,543 |
| 2 | 20 | 25,061x9= 2,25,549 | 23,868x9 =2,14,812 | 1,193 X 9 =10,737 | 24024132/22.03.25 | 1,718 |
| 3 | 21 | 29,041x9= 2,61,369 | 27,659x9 =2,48,931 | 1,382x9 =12,438 | 24024132/22.03.25 | 1,990 |
| 4 | 23 | 26,974x9= 2,42,766 | 25,690x9 =2,31,210 | 1,284x9= 11,556 | 24024132/22.03.25 | 1,849 |
| 5 | 24 | 38,696x9= 3,48,264 | 36,853x9= 3,31,677 | 1,843x9 =16,587 | 24024132/22.03.25 | 2,654 |
| **ആകെ** | | | | | | **10,754** |

2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. പിഴപ്പലിശ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം എം3/31/2024-25 തീയതി 12.01.2025) മറുപടി ലഭ്യമാക്കിയില്ല. പിഴപ്പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം വാടകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**2-3 ജനറൽ മാർക്കറ്റ് – വാടക ഈടാക്കിയതിൽ അപാകത – പിഴപലിശയിനത്തിൽ 1,385 രൂപ നഷ്ടം**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക, ബൈലോ പ്രകാരം അതാത് മാസം 5-ാം തീയതി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈടാക്കുന്ന തീയതി വരെ 2% പ്രതിമാസ പലിശയാണ് ഈടാക്കേണ്ടതാണ്. ജനറൽ മാർക്കറ്റിലെ വാടകക്കാരിൽ നിന്നും വാടകക്കുടിശ്ശികയോടൊപ്പം പലിശ ഈടാക്കിയതിൽ അപാകതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ഫിഷ് സ്റ്റാൾ പുനരധിവാസം(23)**

**വാടകക്കാരന്റെ പേര് –ടി.ടി.ജോൺസൺ, താണിപ്പിള്ളി**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 05/24 07/24 | വാടക | 4,381x3= 13,143 | 13,143 | 351 | 24002495 തീയതി 13.05.2024 24007120 തീയതി 15.07.2024 | കുറവു വന്ന തുക അടയ്ക്കാൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് |
| | GST 18% | 2,364 | 2,364 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 351 | 0 | | | |
| | **ആകെ** | **15,858** | **15,507** | | | |

**2) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ഓൾഡ് ബിൽഡിങ്ങ്(4)**

**വാടകക്കാരന്റെ പേര് –മുഹമ്മദ് അൻവർ,**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 05/24 | വാടക | 2,296x2=4,592 | 4,592 | 138 | 24003043 തീയതി 21.05.2024 | കുറവു വന്ന 138/- രൂപ അടയ്ക്കാൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് |
| | GST 18% | 828 | 828 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 138 | 0 | | | |
| | **ആകെ** | **5,558** | **5,420** | | | |

**3) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ന്യൂ ബ്ളോക്ക്**

**വാടകക്കാരന്റെ പേര് – വി.എൽ.ഷാല്യ**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 | വാടക | 2,316 | 2,315 | 46 | 24000981 തീയതി 18.04.2024 | പിഴ പലിശ ഇനത്തിൽ കുറവു വന്ന 46/- രൂപ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് |
| | GST 18% | 416 | 416 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 46 | 0 | | | |
| | **ആകെ** | **2,778** | **2,732** | | | |

**4) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ന്യൂ ബ്ളോക്ക്**

**വാടകക്കാരന്റെ പേര് – വി.എൽ.ഷാല്യ**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 | വാടക | 1,428 | 1,428 | 29 | 24000982 തീയതി 18.04.2024 | പിഴ പലിശ ഇനത്തിൽ കുറവു വന്നിട്ടുള്ള 29/- രൂപ അടയ്ക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| | GST 18% | 256 | 256 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 29 | 0 | | | |
| | **ആകെ** | **1,713** | **1,684** | | | |

**5)ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ന്യൂ ബ്ളോക്ക്(പുനരധിവാസം)**

**വാടകക്കാരന്റെ പേര് - ബൈജു വർഗീസ്,വല്ലച്ചിറക്കാരൻ**

| മാസം | ഇനം | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | നഷ്ടം (രൂപ) | രസീത് നമ്പർ | മറുപടി |
|---|---|---|---|---|---|---|
| 04/24 മുതൽ 03/25 വരെ | വാടക | 3,419x12=41,028 | 41,028 | 5334 | 24023652 തീയതി 19.03.2025 | 4,513/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.കുറവു വന്ന 821/- രൂപ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| | GST 18% | 7,386 | 7,386 | | | |
| | പിഴപ്പലിശ 2%(പ്രതിമാസം) | 5,334 | 0 | | | |
| | **ആകെ** | **53,748** | **48,414** | | | |

വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 28/ M3/2024-25 തീയതി 04.12.2025) മറുപടിയായി നഷ്ടം വന്ന തുക ഈടാക്കാൻ വാടകക്കാർക്ക് നോട്ടീസ് നൽകിയതായി നഗരസഭ അറിയിച്ചിട്ടുണ്ട്. പിഴപ്പലിശ ഇനത്തിൽ കുറവായി ഈടാക്കിയ 1,385/- രൂപ വാടകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

**ഭാഗം -3**

**ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 അർഹതാ കാലാവധി കഴിഞ്ഞിട്ടും ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ അനുവദിച്ചു -അധികമായി നൽകിയ 1,97,055 രൂപ നിരാകരിക്കുന്നു**

ആലുവ നഗരസഭയിലെ റെഗുലർ,കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) ദേവകി (W/O Late എ.മാരിയപ്പൻ)**

നഗരസഭാ സേവനത്തിലിരിക്കെ 23.12.2017 ൽ മരണപ്പെട്ട മാരിയപ്പന്റെ കുടുംബപെൻഷൻ ഭാര്യയായ ദേവകിക്ക് നൽകാൻ 15.01.2019ലെ കെ.എസ്.എ എ.വി.എം എം 3/528/2018 കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 23.12.2024 മുതൽ ശ്രീമതി ദേവകിക്ക് സാധാരണ നിരക്കിലുള്ള കുടുംബ പെൻഷനായ 11,730+ ഡി.ആർ ആണ് നൽകേണ്ടത്. എന്നാൽ ശ്രീമതി ദേവകിക്ക് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷനായ 18,730 + ഡി.ആർ ആണ് 2025 മാർച്ച് മാസം വരെ നൽകിയിട്ടുള്ളത്.

| മാസം | നൽകിയത് | | | അർഹമായത് | | | അധികം നൽകിയത് (രൂപ) | വൗച്ചർ നം/തീയതി |
|---|---|---|---|---|---|---|---|---|
| | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | | |
| ഡിസംബർ 2024 | 18,730 | 2,248 | 20,978 | 13,292<br>3,405 | 1,595<br>409 | 14,887<br>3,814<br>--------<br>18701 | 2,277 | 168727/05.12.2024 |
| ജനുവരി 2025 | 18,730 | 2,248 | 20,978 | 11,730 | 1,408 | 13,138 | 7,840 | 571376/09.01.2025 |
| ഫെബ്രുവരി 2025 | 18,730 | 2,248 | 20,978 | 11,730 | 1,408 | 13,138 | 7,840 | 171380/04.02.2025 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മാർച്ച് 2025 | 18,730 | 2,248 | 20,978 | 11,730 | 1,408 | 13,138 | 7,840 | 182050/03.03.2025 |
| | | | | | | ആകെ | 25,797 | |

2) **വിജയ (W/O എം.എസ് രാജൻ)**

നഗരസഭാ സേവനത്തിലിരിക്കെ 26.07.2017 ൽ മരണപ്പെട്ട എം.എസ് രാജന്റെ കുടുംബപെൻഷൻ ഭാര്യയായ വിജയയ്ക്ക് നൽകാൻ 16.06.2018 ലെ കെ.എസ്.എ എ.വി.എം എം 3/239/2018 കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 26.07.2024 മുതൽ ശ്രീമതി വിജയയ്ക്ക് സാധാരണ നിരക്കിലുള്ള കുടുംബ പെൻഷനായ 11,730+ ഡി.ആർ ആണ് നൽകേണ്ടത്. എന്നാൽ ശ്രീമതി വിജയയ്ക്ക് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷനായ 18,235 + ഡി.ആർ ആണ് 2025 മാർച്ച് മാസം വരെ നൽകിയിട്ടുള്ളത്.

| മാസം | നൽകിയത് | | | അർഹമായത് | | | അധികം നൽകിയത് (രൂപ) | വൗച്ചർ നം/തീയതി |
|---|---|---|---|---|---|---|---|---|
| | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | | |
| ജൂലൈ2024 | 18,235 | 1,641 | 19,876 | 14,706<br>2,270 | 1,324<br>204 | 16,030<br>2,474<br>-------<br>18,504 | 1,372 | MA/2645040/05.07.2024 |
| ആഗസ്റ്റ് 2024 | 18,235 | 1,641 | 19,876 | 11,730 | 1,056 | 12,786 | 7,090 | 571371/01.08.2024 |
| സെപ്റ്റംബർ 2024 | 18,235 | 1,641 | 19,876 | 11,730 | 1,056 | 12,786 | 7,090 | 719110/05.09.2024 |
| ഒക്ടോബർ 2024 | 18,235 | 1,641 | 19,876 | 11,,730 | 1,056 | 12,786 | 7,090 | 571375/05.10.2024 |
| നവംബർ 2024 | 18,235 | 2,188 | 20,423 | 11,730 | 1,408 | 13,138 | 7,285 | 168689/05.11.2024 |
| ഡിസംബർ 2024 | 18,235 | 2,188 | 20,423 | 11,730 | 1,408 | 13,138 | 7,285 | 168727/05.12.2024 |
| ജനവരി 2025 | 18,235 | 2,188 | 20,423 | 11,730 | 1,408 | 13,138 | 7,285 | 571376/09.01.2025 |
| ഫെബ്രുവരി 2025 | 18,235 | 2,188 | 20,423 | 11,730 | 1,408 | 13,138 | 7,285 | 171380/04.02.2025 |
| മാർച്ച് 2025 | 18,235 | 2,188 | 20,423 | 11,730 | 1,408 | 13,138 | 7,285 | 182050/03.03.2025 |
| | | | | | | ആകെ | 59,067 | |

**3) ഷേർളി (W/O പി.വി.റാഫേൽ)**

നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരിക്കെ 06.01.2017ൽ മരണപ്പെട്ട ശ്രീ പിവി റാഫേലിന്റെ കുടുംബ പെൻഷൻ ഭാര്യയായ ശ്രീമതി ഷേർളിക്ക് നൽകുന്നതിന് ഈ കാര്യാലയത്തിലെ 28.07.2017ലെ കെ.എസ്.എ 498/Pen2/2017 കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട് . ഇത് പ്രകാരം ശ്രീമതി ഷേർളിക്ക് 06.01.2024 മുതൽ സാധാരണ നിരക്കിലുള്ള കുടുംബപെൻഷനായ 12,710 + ഡി.ആർ ആണ് നൽകേണ്ടത്. എന്നാൽ ശ്രീമതി ഷേർളിക്ക് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷനായ 21,190 + ഡി.ആർ ആണ് 2025 മാർച്ച് മാസം വരെ നൽകിയിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | നൽകിയത് | | | അർഹമായത് | | | അധികം നൽകിയത് | വൗച്ചർ നം.തീയതി |
|---|---|---|---|---|---|---|---|---|
| | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | അടിസ്ഥാന പെൻഷൻ (രൂപ) | ഡി.ആർ (രൂപ) | ആകെ തുക (രൂപ) | | |
| ജനവരി 2024 | 21,190 | 1,483 | 22,673 | 10660 (05.01.2024 വരെ) 3,418 | 746 239 | 11,406 3,657 15,063 | 7,610 | |
| ഫെബ്രുവരി 2024 | 21,190 | 1,483 | 22,673 | 12,710 | 890 | 13,600 | 9,073 | |
| മാർച്ച് 2024 | 21,190 | 1,483 | 22,673 | 12,710 | 890 | 13,600 | 9,073 | |
| ഏപ്രിൽ 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 139898/08.04.2024 |
| മെയ് 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 757756/07.05.2024 |
| ജൂൺ 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 571369/31.05.2024 |
| ജൂലൈ 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 2601427/05.07.2024 |
| ആഗസ്റ്റ് 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 571372/01.08.2024 |
| സെപ്റ്റംബർ 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 719109/05.09.2024 |
| ഒക്ടോബർ 2024 | 21,190 | 1,907 | 23,097 | 12,710 | 1,144 | 13,854 | 9,243 | 571374/05.10.2024 |
| നവംബർ 2024 | 21,190 | 2,543 | 23,733 | 12,710 | 1,525 | 14,235 | 9,498 | 168688/05.11.2024 |
| ഡിസംബർ 2024 | 21,190 | 2,543 | 23,733 | 12,710 | 1,525 | 14,235 | 9,498 | 904613/05.12.2024 |
| ജനവരി 2025 | 21,190 | 2,543 | 23,733 | 12,710 | 1,525 | 14,235 | 9,498 | 168757/09.01.2025 |
| ഫെബ്രുവരി 2025 | 21,190 | 2,543 | 23,733 | 12,710 | 1,525 | 14,235 | 9,498 | 167394/04.02.25 |
| മാർച്ച് 2025 | 21,190 | 2,543 | 23,733 | 12,710 | 1,525 | 14,235 | 9,498 | 182051/03.03.2025 |
| | | | | | | ആകെ | 1,37,947 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 70/ എം3/2023-24 തീയതി 05.03.2025) ശ്രീമതി ഷെർളി 06.01.2024 മുതൽ മാർച്ച് 2025 വരെ ഈയിനത്തിൽ കൈപ്പറ്റിയ തുക ഏപ്രിൽ 2025 മുതൽ വിതരണം ചെയ്യുന്ന പെൻഷനിൽ നിന്ന് ഗഡുക്കളായി ഈടാക്കുന്നതിന് തീരുമാനിച്ച് കക്ഷിയെ അറിയിച്ചതായി നഗരസഭ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ശ്രീമതി ദേവകിക്കും ശ്രീമതി വിജയയ്ക്കും നൽകിയ അധിക തുകയെ സംബന്ധിച്ച് നഗരസഭ മറുപടി നൽകിയില്ല. 2023-24 സാമ്പത്തിക വർഷം ഈയിനത്തിൽ ഷേർളി റാഫേലിന് അധികമായി നൽകിയ 25,756 രൂപ (7,610+9,073+9,073) നിരാകരിച്ചിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷം കുടുബ പെൻഷണർമാർക്ക് ഈയിനത്തിൽ അധികമായി നൽകിയ 1,97,055 രൂപ നിരാകരിക്കുന്നു.

**3-2 വനിതകൾക്ക് യോഗാ പരിശീലനം -മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 15,600 രൂപ നിരാകരിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നം | :119/2024-25 |
| പ്രോജക്ടിന്റെ പേര് | :ജെന്റർ റിസോഴ്സ് സെന്റർ (വനിതകൾക്ക് യോഗാ പരിശീലനം ) |
| ഫണ്ട് | :വികസന ഫണ്ട്(പൊതുവിഭാഗം) |
| അടങ്കൽ | :2,00,000 രൂപ |
| ചെലവ് | :31,200 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ആലുവ നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ ജെന്റർ റിസോഴ്സ് സെന്റർ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വനിതകൾക്ക് യോഗാ പരിശീലനം നൽകുകയുണ്ടായി. ഇതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കുടുംബശ്രീയുടെ ജെൻഡർ റിസോഴ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കായി നടത്തിയ യോഗാപരിശീലനത്തിലെ ട്രെയിനർക്ക് ഒരു സെഷന് 800 രൂപ നിരക്കിൽ 31,200 രൂപ അനുവദിച്ചിട്ടുണ്ട്. പതിനാലാം സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ നം) 115/2022 തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.6.5 പ്രകാരം യോഗാ ട്രെയിനർക്ക് ഒരു സെഷന് അനുവദിക്കാവുന്ന പരമാവധി തുക 400 രൂപയാണ്. മൂന്നു മാസത്തേക്ക് 39 സെഷനുകൾക്കായാണ് 31,200 രൂപ അനുവദിച്ചിട്ടുള്ളത്. 39 സെഷനുകൾക്കായി പരമാവധി അനുവദിക്കാവുന്ന തുക 15,600 രൂപയാണ്. സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഉയർന്ന തുക അനുവദിച്ചത് ക്രമ വിരുദ്ധമാണ്. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ തുക | **ബിൽ നം** | **തീയതി** |
|---|---|---|
| 31,200 രൂപ (39x800) | 329 | 11.03.2025 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 06/M3/2024-25 തീയതി 01.09.2025) മറുപടിയായി രണ്ട് സെഷനുകളിലായി പരിശീലന പരിപാടി നടത്തിയതിനാലാണ് 800 രൂപ നിരക്കിൽ പ്രതിഫലം നൽകിയതെന്ന വിശദീകരണമാണ് നിർവഹണോദ്യോഗസ്ഥ നൽകിയത്. പരിശീലന പരിപാടി ഒരു സെഷനിൽ മാത്രമേ നടത്തിയിട്ടുള്ളൂ എന്ന് ഫയൽ പരിശോധനാ വേളയിൽ ബോധ്യമായിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 15,600 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന്

ഈടാക്കേണ്ടതാണ്.

**3-3 കാന ശുചീകരണത്തിന് ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ – നടപടിക്രമങ്ങളിലെ അപാകതകൾ. – 3,700 രൂപ അധികം നൽകി**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | :SO 029/2024-25 |
| നിർവഹണ ഉദ്യോഗസ്ഥൻ | : ഹെൽത്ത് ഓഫീസർ |
| അടങ്കൽ | :13,00,000 രൂപ |
| ചെലവ് വിവരം | : 3,85,700 രൂപ(ബിൽ നമ്പർ - 93/31.08.2024)<br>1,11,200 രൂപ (ബിൽ നമ്പർ -129/10.10.2024) |
| ആകെ ചെലവ് | :4,96,900 രൂപ |

2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ - SO 029/2024-25 - "മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും കാന ശുചീകരണത്തിനും ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ വാഹനങ്ങൾ വാടകക്ക് എടുക്കൽ" പ്രോജക്റ്റിൽ 13,00,000 രൂപ വകയിരുത്തിയതിൽ 4,96,900 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. നഗരസഭ പരിധിയിലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് ശുചീകരണം, കുറ്റിക്കാട് വെട്ടിത്തെളിക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ, കൊതുക് നിവാരണ പ്രവർത്തികൾ ഉൾപ്പെടെയുള്ള വിവിധ ശുചീകരണ ജോലികൾ നിർവഹിക്കുന്നതിനായി ഒരു വർഷ കാലയളവിലേക്ക് ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ, ഫ്ലോട്ടിങ് ജെ.സി.ബി എന്നിവ കരാറടിസ്ഥനത്തിൽ ലഭ്യമാക്കുന്നതിനുള്ള വാടക നൽകുന്നതിനാണ് മേല്പറഞ്ഞ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. 12.06.2024 ലെ കൗൺസിൽ തീരുമാനം നമ്പർ 14 പ്രകാരം മുൻ കരാറുകാരനായ ശ്രീ. K.A. ഷറഫുദ്ദീന് ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ സ്വീകരിക്കാതെ ഈ പ്രവൃത്തി 15.07.2024 മുതൽ 15.07.2025 വരെ കാലാവധിയിൽ പുതുക്കി നൽകുകയായിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള 21.11.2024 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 38/ AO/2023-24 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ കരാർ നൽകിയതിലെ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത്. ഇതിൻപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മുൻ കരാറുകാരന് 30.01.2025 മുതൽ ഒരു വർഷ കാലത്തേക്ക് കരാർ നൽകുകയായിരുന്നു. മേല്പറഞ്ഞ ഓഡിറ്റ് എൻക്വയറി ലഭിച്ചതിനെ തുടർന്ന് നടത്തിയ ക്വട്ടേഷൻ നടപടികളിലും വീഴ്ചയുണ്ടായിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1) പ്രവൃത്തിക്കായി 13 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 1 ലക്ഷം മുതൽ 10 ലക്ഷം

വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്താണ് കരാറുകാരനെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഇവിടെ ക്വട്ടേഷനിലൂടെയാണ് കരാറുകാരനെ തെരഞ്ഞെടുത്തത്. ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ മുഖേന കരാറുകാരനെ തെരഞ്ഞെടുത്തതിലൂടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഗരസഭക്ക് നഷ്ടമായിട്ടുണ്ട്. കൂടാതെ നഗരസഭാ പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു ദിനപത്രത്തിലെങ്കിലും ടെണ്ടർ പരസ്യം നൽകേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നോട്ടീസ് ബോർഡിൽ മാത്രമാണ് നൽകിയിരിക്കുന്നത്. ഇത് നിലവിലെ പൊതുമരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/M2/2024-25 തീയതി 22.09.2025 നുള്ള മറുപടിയിൽ ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷനിലൂടെ കരാറുകാരനെ തെരഞ്ഞെടുത്തത് അറിവില്ലായ്മ മൂലമാണെന്നാണ് വിശദീകരിച്ചിരിക്കുന്നത്. ഉത്തരവാദപ്പെട്ട ജോലികൾ മാനദണ്ഡങ്ങൾ പാലിച്ച് നിർവഹിക്കാതിരുന്നത് അറിവില്ലായ്മ മൂലമാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

2) 17.04.2024 ന് കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് 15.07.2024 ന് പുതുക്കിയ കരാർ ചമച്ച് നിലവിലെ കരാറുകാരനെ പ്രവൃത്തി ഏല്പിക്കുകയായിരുന്നു. പഴയ കരാറിൽ ഇല്ലാതിരുന്ന ഫ്ലോട്ടിങ്ങ് JCB മണിക്കൂറിൽ 3,800 രൂപ വാടകക്ക് കരാറിൽ ഉൾപ്പെടുത്തിയതോടൊപ്പം JCB വാടക മണിക്കൂറിന് 100 രൂപയും ടിപ്പർ നിസ്സാൻ വാടക പ്രതിദിനം 200 രൂപയും വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ വാടകയിൽ വർദ്ധനവ് വരുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല. മാത്രവുമല്ല വാടക വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ വിളിക്കാതെ പഴയ കരാറുകാരനെ പ്രവൃത്തി ഏല്പിച്ച നടപടി അതിനാൽ തന്നെ ന്യായീകരിക്കാവുന്നതല്ല.

3) കരാർ പ്രകാരം ഒരു മണിക്കൂറിന് 1,000 രൂപ നിരക്കിൽ ജെ.സി.ബിയും/ഹിറ്റാച്ചിയും ഒരു മണിക്കൂറിന് 3800 രൂപ നിരക്കിൽ ഫ്ലോട്ടിങ്ങ് ജെ.സി.ബിയും ഒരു ദിവസത്തിന് 3,900 രൂപ നിരക്കിൽ നിസ്സാൻ ടിപ്പറും ആവശ്യപ്പെടുന്ന മുറക്ക് കരാറുകാരൻ വാടകക്ക് ലഭ്യമാക്കണമെന്നാണ് നിബന്ധന. അതായത് മേല്പറഞ്ഞ വാഹനങ്ങൾ വാടകക്ക് നൽകുന്നതിനാണ് കരാർ നൽകിയിരിക്കുന്നത്. മാലിന്യ സംസ്കരണം ആരുടെ ഉത്തരവാദിത്തമാണെന്നും മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം നഗരസഭയാണോ കരാറുകാരനാണോ കണ്ടെത്തേണ്ടതെന്നും കരാറിൽ വ്യക്തമാക്കുന്നില്ല.

വാടകക്കെടുത്ത ടിപ്പർ നിസാനുകൾ മാലിന്യം ശേഖരിക്കുന്ന സ്ഥലത്ത് നിന്നും സംസ്കരണ കേന്ദ്രത്തിലേക്ക് പോയതിന്റെ വിവരങ്ങൾ (കളക്ഷൻ പോയിന്റ്, മാലിന്യം ശേഖരിച്ച സമയം, ദൂരം, സംസ്കരണകേന്ദ്രം, സംസ്കരണ കേന്ദ്രത്തിൽ എത്തിയ സമയം എന്നിവ) ലഭ്യമല്ല.

4) നിസ്സാൻ ടിപ്പറിന്റെ കാര്യത്തിൽ ഒരു ദിവസത്തിൽ എത്ര ട്രിപ്പ് മാലിന്യം ശേഖരിച്ച് എത്ര ദൂരത്തേക്ക് കൊണ്ടുപോയി നിർമ്മാർജനം ചെയ്യേണ്ടതാണെന്ന് ക്വട്ടേഷൻ നോട്ടീസിലും കരാറിലും വ്യക്തമാക്കുന്നില്ല. ഈ സാഹചര്യത്തിൽ ഇന്ധനച്ചെലവ്, ഡ്രൈവർ കൂലി ഉൾപ്പെടെ നിസ്സാൻ വാടക ക്വാട്ട് ചെയ്യുന്നത് എങ്ങനെയെന്ന് വ്യക്തമല്ല.

5) ഹാജരാക്കിയിരിക്കുന്ന ബില്ലുകൾ പ്രകാരം നിരവധി തവണ കാനകളിൽ നിന്നും തോടുകളിൽ നിന്നുമുള്ള മാലിന്യം ടിപ്പർ നിസ്സാനിൽ കൊണ്ടു പോയതായി കാണുന്നുണ്ട്. ആരോഗ്യത്തിന് തികച്ചും ഹാനികരമായ ഈ മാലിന്യം എവിടെയാണ് നിർമ്മാർജ്ജനം ചെയ്തതെന്ന് വ്യക്തമല്ല. മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ഹാൻഡിലിംഗ്) റൂൾസ് 2016 ലെ ചട്ടങ്ങൾ അനുസരിച്ച് മാത്രമേ മാലിന്യം നീക്കം ചെയ്യാവൂ എന്നാണ് കരാറിൽ വ്യക്തമാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ മാലിന്യം എവിടെയാണ് സംസ്കരിച്ചതെന്നും മുനിസിപ്പൽ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഹാൻഡിലിംഗ്) റൂൾസ് 2016 ലെ നിബന്ധനകൾ പ്രകാരമാണോ സംസ്കരിച്ചതെന്നും വ്യക്തമല്ല.

6) 01.04.2024 മുതൽ 27.03.2025 വരെയുള്ള ദിവസങ്ങളിൽ JCB/ഹിറ്റാച്ചി ഉപയോഗിക്കുന്നതിന് അനുസൃതമായി ടിപ്പർ നിസാൻ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ 19.03.2025 മുതൽ 25.03.2025 വരെയുള്ള തുടർച്ചയായ 7 ദിവസങ്ങളിൽ JCB ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ ടിപ്പർ നിസാനുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നില്ല. കാനകളിൽ നിന്നും ശേഖരിച്ച മാലിന്യം നീക്കം ചെയ്യപ്പെട്ടിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാവുന്നത്. നിരവധി പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന മാലിന്യം നീക്കം ചെയ്യപ്പെടാതെ 7 ദിവസത്തോളം കൂട്ടിയിടപ്പെട്ട സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു.

7) കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന ബില്ലുകളിൽ വ്യാപകമായി തിരുത്തൽ വരുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ബിൽ തുക അനുവദിക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇക്കാര്യം പരിശോധിക്കുകയോ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

8) ലീവിലുള്ള ദിവസങ്ങളിൽ പോലും പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ ബില്ലുകൾ വേരിഫൈ ചെയ്ത്, ഒപ്പ് വച്ചിട്ടുണ്ട്. 2024 ഏപ്രിൽ 11, 12 തീയതികളിൽ ശ്രീ. അഖിൽ ജിഷ്ണു.എം, PHI Gr-I

ലീവിലായിരുന്നു. ഈ ദിവസങ്ങളിൽ 44,800 രൂപ വാടകയിൽ ഹിറ്റാച്ചി, ടിപ്പർ ഉപയോഗിച്ചതായി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2024 ഏപ്രിൽ 15, 16, 17 തീയതികളിൽ വിദ്യ.കെ, PHI Gr-I ലീവിലായിരുന്നു. ഈ ദിവസങ്ങളിൽ 61,200 രൂപയുടെ വാടക വാഹനങ്ങൾ ഉപയോഗിച്ചതായി ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഹിറ്റാച്ചി/ജെ.സി.ബി എന്നിവയുടെ ദിനം പ്രതിയുള്ള സ്റ്റാർട്ടിങ്ങ്, എന്റിങ്ങ് സമയങ്ങൾ പരിശോധിക്കാതെ പ്രവൃത്തി സമയം കണക്കാക്കാനാവില്ലെന്നിരിക്കെ ലീവിലായിരുന്ന ദിവസം ബില്ലുകൾ സാക്ഷ്യപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല. നിസ്സാൻ ടിപ്പറുകൾ സർവ്വീസ് നടത്തിയതും നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടിയിരുന്നു. എന്നാൽ ലീവിലായിരുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടാനാവില്ലെന്നിരിക്കെ കരാറുകാരൻ ഹാജരാക്കിയ ബില്ലുകളിൽ പരിശോധന കൂടാതെ ഒപ്പ് രേഖപ്പെടുത്തുകയായിരുന്നുവെന്ന് വ്യക്തമാണ്. ഉദ്യോഗസ്ഥർ ലീവിലുള്ള ദിവസങ്ങളിൽ കരാറുകാരൻ നടത്തിയതായി പറയുന്ന വേലകൾ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകിയത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

9) 08.04.2024 തീയതിയിൽ വാർഡ് 16 ലും വാർഡ് 23 ലും മാലിന്യം നീക്കം ചെയ്യുന്നതിന് KL25C – 7700 നമ്പർ ടിപ്പർ നിസാൻ ഉപയോഗിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്. ദിവസ വാടകക്ക് എടുത്തിരിക്കുന്ന വാഹനത്തിന് ഒരേ ദിവസത്തേക്ക് രണ്ട് വാർഡുകളിലെ വേലകൾക്ക് 3,700 രൂപ വീതം നൽകിയത് അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 3,700 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽപ്പറഞ്ഞ അപാകതകളുടെ പശ്ചാത്തലത്തിൽ ഓഡിറ്റിൽ നിരാകരിക്കുന്ന 3,700 രൂപ കഴിച്ച് 4,93,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/M2/2024-25 തീയതി 22.09.2025 നുള്ള മറുപടിയിൽ മാലിന്യ നീക്കത്തിന്റെ അനിവാര്യതയും പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങളെക്കുറിച്ച് മതിയായ പരിജ്ഞാനമില്ലാത്തതും മന:പ്പൂർവമല്ലാത്ത അശ്രദ്ധയുമാണെന്നാണ് വിശദീകരിച്ചിരിക്കുന്നത്. അധികം നൽകിയ 3,700 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും ക്ലീൻ സിറ്റി മാനേജർ വിശദീകരിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. മേല്പറഞ്ഞ പ്രകാരം നിരവധി വീഴ്ചകളാണ് പ്രോജക്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംഭവിച്ചിരിക്കുന്നത്. അനിവാര്യ ചുമതലയാണെന്നത് പരിഗണിക്കുമ്പോഴും

മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിക്കാത്തതും കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നതും അംഗീകരിക്കാവുന്നതല്ല.

**3-4 അധുനിക ക്രിമറ്റോറിയം - കരാറിന് വിരുദ്ധമായി GST അനുവദിച്ചു - 50,148 രൂപ അധികച്ചെലവ്**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 216/24-25, ഫയൽ നമ്പർ - E1/9509/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | : 5,00,000 രൂപ |
| ചെലവ് വിവരം | : 3,28,748 രൂപ (ബിൽ നമ്പർ - 302/06.03.2025) |

ആലുവ നഗരസഭയുടെ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം - ഡി.പി.ആർ തയ്യാറാക്കൽ എന്ന പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5 ലക്ഷം വകയിരുത്തി ആവിഷ്കരിച്ച പദ്ധതി 3,98,000 രൂപയ്ക്ക് അർബൻ ഗ്രേ വാട്ടർ സൊല്യൂഷൻസ് എന്ന സ്ഥാപനം ഏറ്റെടുക്കുകയും 31.03.2023 ൽ കരാറിൽ (Agreement No.97/AE/LSGD/2022-23 Dtd 31.03.2023) ഏർപ്പെടുകയും ചെയ്തിരുന്നു. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ DPR തയ്യാറാകാത്ത സാഹചര്യത്തിൽ 2024-25 ൽ മേൽപ്പറഞ്ഞ പ്രോജക്റ്റിൽ 5 ലക്ഷം രൂപ വകയിരുത്തി 3,28,748 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള തുകയായ 3,98,000 രൂപയുടെ 70 ശതമാനമായ 2,78,600 രൂപയുടെ 18 % GST കൂടി ഉൾപ്പെടുത്തി 3,28,748 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി ഏറ്റെടുത്ത അർബൻ ഗ്രേ വാട്ടർ സൊല്യൂഷൻസുമായി മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ടിരിക്കുന്ന കരാറിലെ (Agreement No.97/AE/LSGD/2022-23 Dtd 31.03.2023) ഖണ്ഡിക 2 ൽ H, I ഉപഖണ്ഡികകളിൽ ക്വാട്ട് ചെയ്ത തുക, GST ഉൾപ്പെടെയാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാർട്ട് ബിൽ തുകയായ 2,78,000 രൂപയുടെ 18 ശതമാനമായ 50,148 കരാറുകാരന് അധികം നൽകിയത് അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണെന്ന് 13.02.2026 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 48/ M2/2024-25 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

അടങ്കൽ തുക 5,00,000 രൂപയാണെങ്കിലും 31.01.2023 ലെ ടെണ്ടർ നോട്ടീസിൽ പദ്ധതി തുകയായി കാണിച്ചിരിക്കുന്നത് 4,23,729 രൂപയാണ്. ഇത് GST ഉൾപ്പെടാതെയാണെന്ന് ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുമില്ല. GST ഉൾപ്പെടാതെയാണ് 3,98,000 രൂപ കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നതെങ്കിൽ GST - 18 % ഉൾപ്പെടെ പദ്ധതിയുടെ ചെലവിന് 4,69,640 രൂപ വേണ്ടിവരും. ഈ തുക ടെണ്ടർ നോട്ടീസിൽ കാണിച്ചിരിക്കുന്ന പദ്ധതി തുകയായ 4,23,729

രൂപയിലും അധികരിക്കുന്നതാണ്. അതിനാൽ തന്നെ ക്വാട്ട് ചെയ്തിരിക്കുന്ന തുക GST ഉൾപ്പെടെയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ അധികം നൽകിയ 50,148 രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ കരാർ തുകയുടെ ബാക്കി തുക അനുവദിച്ചോ എന്നും കരാർ സ്ഥാപനം സമർപ്പിച്ച DPR ന് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ നിന്നും അംഗീകാരം ലഭിച്ചോ എന്നും അറിയിക്കേണ്ടതാണ്.

**3-5 ടൈൽ വിരിക്കുന്നതിന് അധികം നൽകിയ 44,524 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.**

| | | |
|---|---|---|
| പ്രോജക്ട് നം | : | SO218/25 |
| പ്രോജക്ടിന്റെ പേര് | : | അമൃത് 2.0 കുടിവെള്ള പദ്ധതി- കൊട്ടാരക്കടവ് ഈസ്റ്റ് റോഡ് , അൻസാർ റോഡ് പുനരുദ്ധാരണ പ്രവർത്തികൾ |
| നിർവഹണോദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | : | 11,50,000 രൂപ |
| ഫണ്ട് | : | തനത്ഫണ്ട് |
| കരാറുകാരൻ | : | ജിനീഷ് മുഹമ്മദ് |
| കരാർ നം | : | 35/AE/LSGD/2023-24, തീയതി 05.03.2024 |
| ചെലവ് | : | 4,87,599 രൂപ |
| ചെക്ക് നം./തീയതി/തുക | : | 1) 061578 തീയതി 07.10.2024 തുക 2,08,891 രൂപ<br>2) 123814 തീയതി 26.03.2025 തുക 2,78,708 രൂപ |

അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ഇടുന്നതിനായി പൊളിച്ച കൊട്ടാരക്കടവ് റോഡ്, അൻസാർ റോഡ് എന്നിവയുടെ പുനരുദ്ധാരണത്തിനായുള്ളതാണ് ഈ പദ്ധതി. ഇതിൽ കൊട്ടാരക്കടവ് റോഡ് ടൈൽ വിരിച്ച റോഡാണ്. ഇതിൽ എസ്റ്റിമേറ്റിലെ മൂന്നാം നമ്പർ ഐറ്റം 255.00 സ്ക്വയർ മീറ്റർ ടൈൽ വിരിക്കുന്നതിന് 1,008.47 രൂപ നിരക്കിലാണ് കാണിച്ചിരിക്കുന്നത്.

കരാറുകാരന് സെക്കന്റ് ആന്റ് ഫൈനൽ ബിൽ പ്രകാരം 65.75 സ്ക്വയർ മീറ്റർ പുതിയ ടൈൽ വിരിച്ചതായി കാണിച്ചാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ 31.01.2026 ന് കൊട്ടാരക്കടവ് റോഡ് നേരിട്ടുള്ള പരിശോധനയിൽ പുതിയ ടൈൽ വിരിച്ചിരിക്കുന്നത് 21.6 സ്ക്വയർ മീറ്റർ മാത്രമാണ് എന്ന് കണ്ടെത്തുകയും ഇത് സംബന്ധിച്ച് 02.02.2026 ന് ഓഡിറ്റ് എൻക്വയറി 41/ AO/2024-25 നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് നിർവഹണോദ്യോഗസ്ഥനിൽ നിന്നും നാളിതുവരെ മറുപടി ലഭ്യമായില്ല.

തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**കൊട്ടാരക്കടവ് റോഡ്**

**കരാറുകാരന് നൽകിയത്**

| ഐറ്റം നം | പ്രവൃത്തി ചെയ്ത അളവ് | നിരക്ക് (രൂപ) | നൽകിയ തുക (രൂപ) |
|---|---|---|---|
| 3 | 65.750 Sqm | 1,008.47 | 66,306.90 |

കരാറുകാരന് അനുവദനീയമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

**കരാറുകാരന് നൽകാവുന്നത്**

| ഐറ്റം നം | പ്രവൃത്തി ചെയ്ത അളവ് | നിരക്ക് (രൂപ) | നൽകാവുന്ന തുക (രൂപ) |
|---|---|---|---|
| 3 | 21.60sqm | 1,008.47 | 21,782.95 |

**അധികം നൽകിയ തുക**

**അധികം നൽകിയതുക = 66,306.90-21,782.95 = 44,523.95 രൂപ**

അധികം നൽകിയ 44,524 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**3-6 ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ - മാലിന്യ നിർമ്മാർജ്ജനം - അനുവദനീയമല്ലാത്ത ജി എസ് ടി നൽകി - നഷ്ടം - 64,531 രൂപ**

| | | |
|---|---|---|
| ഫയൽ നമ്പർ | : | E4/42770/2024(2) |
| എസ്റ്റിമേറ്റ് തുക | : | 4,30,000.00 രൂപ |
| കരാർ തുക | : | 3,61,544.00 രൂപ |
| കരാറുകാരൻ | : | ജിനീഷ് മുഹമ്മദ് |
| ഫണ്ട് | : | തനത് ഫണ്ട് |
| ചെലവ് | : | 4,09,259.00 രൂപ |
| ബിൽ/ചെക്ക് നമ്പർ/തീയതി | : | 152885/13.05.2024 |
| പൂർത്തീകരണ കാലാവധി | : | 2 മാസം |

10.01.2024 -ന് ചെയർമാൻ സെക്രട്ടറിയ്ക്ക് നൽകിയ ശിവരാത്രിയുടെ ഭാഗമായി ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച കുറിപ്പിൽ, ക്രമ നമ്പർ 2 ആയി പറഞ്ഞിരിക്കുന്നത് വിവിധ കടവുകളുടെ ക്ലീനിംഗ് ആണ്. ശിവരാത്രി 2024 കടവ് വൃത്തിയാക്കൽ എന്ന പ്രവൃത്തിയ്ക്ക് 4,30,000 രൂപയുടെ എസ്റ്റിമേറ്റിന് LSGD/CELSGD/EST-TS/6081/2024 Dated 06.02.2024 പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. Estimate Report -ൽ ശിവരാത്രിയോടനുബന്ധിച്ചുള്ള ബലിതർപ്പണത്തിനായി, ഫ്ലോട്ടിംഗ് ജെ.സി.ബി ഉപയോഗിച്ച് കടവിൽ അടിഞ്ഞ് കൂടിയിരിക്കുന്ന വേസ്റ്റ് മെറ്റീരിയൽസ്, ചെളി എന്നിവ നീക്കുന്നതായുള്ള ഈ പ്രോജക്റ്റിൽ, ആലുവ മുനിസിപ്പാലിറ്റിയിലെ 18 കടവുകൾ ക്ലീൻ ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ശ്രീ. ജിനീഷ് മുഹമ്മദ്, തച്ചിള്ളത്ത്, ആലുവ പ്രവൃത്തി ഏറ്റെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയറുമായി 30/E/LSGD/2023-24 Dated 05.03.2024 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2024 -ൽ ശിവരാത്രി 08.03.2024 -ന് ആയിരുന്നു. ശിവരാത്രിക്ക് മുൻപ് മൂന്ന് കടവുകൾ മാത്രമാണ് (ഉസ്മാനിയ കടവ്, എരുത്തിക്കടവ്, മടത്തിൽകടവ് എന്നിവ മാത്രമാണ് വൃത്തിയാക്കിയിട്ടുള്ളത്. (06.03.2024, 07.03.2024, 08.03.2024 തീയതികളിൽ) ബാക്കി 15 കടവുകളും ക്ലീൻ ചെയ്തത് ശിവരാത്രിക്ക് ശേഷം ആണ്. 06.03.2024 മുതൽ 01.04.2024 വരെ വിവധ കടവുകളിലായി ക്ലീനിംഗ് തുടർന്നു. പദ്ധതി ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ശിവരാത്രിയുടെ ബലിതർപ്പണത്തിനായി കടവ് ക്ലീനിംഗ് എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ശിവരാത്രിക്ക് ശേഷമാണ് 18 കടവുകളിൽ 15 എണ്ണവും ക്ലീൻ ചെയ്തതായി കാണുന്നത്.

2) 10.03.2024-ന് ആശ്രമം കടവിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും , ഉച്ചയ്ക്ക് 2 മുതൽ 5 വരെയും ആകെ 7 മണിക്കൂറാണ് ജെ.സി.ബി പ്രവർത്തിച്ചത്. എന്നാൽ 8 മണിക്കൂർ കണക്കാക്കി തുക നൽകിയിരിക്കുന്നു. (മണിക്കൂറിന് 2,102 രൂപ നിരക്കിൽ)അധികമായി നൽകിയ 2,102 രൂപ കരാറുകാരനിൽ നിന്നോ , ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3) ഭരണഘടനയുടെ ആർട്ടിക്കിൾ 243W പ്രകാരം ഒരു മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പൂർണ്ണ സേവനങ്ങളെ ( Pure Service) ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കരാറുകാരന് ജി.എസ്.റ്റി അടക്കമുള്ള തുകയാണ് നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| കരാർ പ്രകാരം നൽകിയ തുക (രൂപ) | : | 3,46,830.00 ( 165 X 2,102) |
| ജി.എസ്.റ്റി (രൂപ) | : | 62,429.00 |
| ആകെ തുക (രൂപ)<br>( ജി.എസ്.റ്റി ഉൾപ്പെടെ) | : | 4,09,259.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/AO/2024-25 തിയതി 31.10.2025ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ഈ പ്രവൃത്തിയിൽ എർത്ത് വർക്ക് കൂടാതെ

പെട്രോൾ, മെഷിനറീസ് എന്നിവ കൂടി ഉൾപ്പെട്ടതിനാൽ ഗുഡ്സ് & സർവ്വീസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ജി.എസ്.റ്റി നൽകേണ്ടത് അനിവാര്യമാണ് എന്നാണ്. മേൽ മറുപടി ഓഡിറ്റിന് സ്വീകാര്യമല്ല.

കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് ഒന്നാം പട്ടിക മുനിസിപ്പാലിറ്റിയുടെ ചുമതലകൾ(എ) അനിവാര്യ ചുമതലകൾ ക്രമ നമ്പർ 5 -ൽ ഉൾപ്പെട്ട മേൽ പ്രവൃത്തിയ്ക്ക് ജി.എസ്.റ്റി നൽകിയത് മൂലം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായതായി കാണുന്നു. ആയതിനാൽ ജി എസ് ടി ഇനത്തിൽ അധികം നൽകിയ 62,429 രൂപയും, 10.03.2024 -ന് ജെ. സി. ബി പ്രവർത്തിപ്പിക്കുന്നതിന് അധികമായി നൽകിയ 2,102 രൂപയും അടക്കം, 64,531 രൂപ കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 3-7 മരാമത്ത് പ്രവൃത്തികൾ - വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കിയില്ല - നഷ്ടം 64,582 രൂപ

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്ന് കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരാമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ല (പൊതുമരാമത്ത് വകുപ്പ് മാന്വൽ -2012, ഖണ്ഡിക 2112). എന്നാൽ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 ൽ, പ്രവൃത്തി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കുന്ന തീയതിക്ക് ചുരുങ്ങിയത് രണ്ടാഴ്ച മുൻപെങ്കിലും നൽകണം എന്നാണ്. നഗരസഭ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിരിക്കുന്നത് കരാർ പൂർത്തിയാകുന്നതിന് തൊട്ട് മുൻപുള്ള ദിവസമാണ്. ദീർഘിപ്പിക്കുന്നതിനുള്ള

കാരണമായിക്കാണിച്ചിരിക്കുന്നത് മെറ്റീരിയൽസിന്റെ Shortage, മഴ, KSEB, Water Authority എന്നിവയുടെ പ്രവൃത്തികൾ നടക്കുന്ന എന്നീ കാരണങ്ങളാണ്. ഇത്തരത്തിൽ കാരണങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും Site Handover ചെയ്യുന്ന സമയത്ത് ഇത്തരത്തിലുള്ള ഒരു ബുദ്ധിമുട്ടും കരാറുകാരൻ വ്യക്തമാക്കിയതായി ഫയലിൽ ഇല്ല. താഴെപ്പറയുന്ന പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല.

**വിശദവിവരങ്ങൾ താഴെചേർക്കുന്നു.**

| പ്രോജക്റ്റ് നം./ പേര് | ഫണ്ട് | ഫയൽ നം. | കരാർ നം./ തീയതി/ കരാർ തുക(രൂപ) | കരാറു കാരൻ | പൂർത്തീ കരിക്കേണ്ട തീയതി/ കരാർ കാലാവധി | പൂർത്തീ കരിച്ച തീയതി | പിഴ (PAC യുടെ 3%) (രൂപ) | ബിൽ നം. /ചെക്ക് തീയതി/ തുക (രൂപ) |
